മലയാളശാകുന്തളം

എ.ആർ. രാജരാജവർമ്മ

മലയാളശാകുന്തളം (വിവർത്തനം)

നാടകം

എ.ആർ. രാജരാജവർമ്മ

താളിളക്കം

2020

പേര്:	**മലയാളശാകുന്തളം (വിവർത്തനം)**
ഭാഷ	മലയാളം
വിഭാഗം:	നാടകം
രചന:	എ.ആർ. രാജരാജവർമ്മ
പ്രസാധകർ:	**താളിളക്കം**
	ഡിസംബർ 2020
Layout Design:	പ്രവീൺ വർമ്മ
Copyleft:	

ലാടെക്കിൽ നിർമ്മിച്ചതാണിത്.
ഓൺലൈൻ വായനയ്ക്ക് വേണ്ടി.
ഉബണ്ടു ഓപ്പറേറ്റിങ് സിസ്റ്റത്തിലൂടെ.
കടപ്പാട് : വിക്കിപ്പീഡിയ.

ഉള്ളടക്കം

സമർപ്പണം

ഉത്തരം

പാത്രവിവരണം

പ്രസ്താവന

ഒന്നാം അങ്കം

രണ്ടാം അങ്കം

മൂന്നാം അങ്കം

നാലാം അങ്കം

അഞ്ചാം അങ്കം

ആറാം അങ്കം

ഏഴാം അങ്കം

സമർപ്പണം

ശാകുന്തളേ കേരളകാളിദാസ-
വിവർത്തിതേ സത്യയമുദ്യമോ മേ
സഹസ്രരശ്മാവുദിതേ വിഭാതേ
പ്രദീപസന്ദീപനസാഹസം സ്യാത്.
അഥാപി തു,
മണേർമ്മഹാർഘ്യസ്യ ഗുണാനഭിജ്ഞൈ:
പ്രവാളഭ്രയിഷ്ഠപദപ്രയോഗം
ഗ്രന്ഥസ്യ തസ്യാഭിനവം വിവർത്ത-
മഭ്യത്ഥിതോഽഹം യദജല്പമേവം.
തദേതദപ്യൂഛ്റിതഭക്തിപൂതം
സമർപ്യതേ ശ്രീഗുരുപാദമൂലേ
പാത്രാന്നസാരേണ വികാരിണീനാം
വിപാക ഏവൈഷ ഹി തദ്ഗവീനാം.
”സിദ്ധ്യന്തി കർമ്മസു മഹത്സ്വപിയന്നിയോജ്യാ:
സംഭാവനാഗുണമവേഹി തമീശ്വരാണാം;
കിം വാഽഭവിഷ്യദരുണസ്തമസാം നിഹന്താ
തം ചേത് സഹസ്രകിരണോ ധുരി നാകരിഷ്യത്.”
തിരുവനതപുരം 05-12-1987
ഏ.ആർ. രാജരാജവർമ്മാ

ഉത്തരം

വ്യാഖ്യാനഭേദോദപി പാഠഭേദാ-
ദനേകഭേദം യദി മൂലമേവ
പ്രസ്ഥാനഭേദാദ്രുചിഭേദശ്ച
ഭേദാവകാശ: സുതരാം വിവർത്തേ.
അതോ നവീനേ പരിവർത്തനേ□സ്മിൻ
കൃത:ശ്രമോ നൈവ പിനഷ്ടിപിഷ്ടം
ശാകുന്തളാർത്ഥാമൃതപാനപാത്ര-
മേകം നവം കൈരളി, തേ□ദ്യ ലബ്ധം.
സാധു സ്വശിഷ്യപ്രണയാത്പ്രണീതം
മദ്ഭാഗിനേയേന വിവർത്തമേതം
ശാകുന്തളസ്യാർപ്പിതമദ്യ മഹ്യം
തത്പ്രേമനിഘ്നോ□ഹമുരി കരോമി.
”സ്ഥാനേ സ്വശിഷ്യനിവഹൈർവിനിയുജ്യമാനാ
വിദ്യാ ഗുരും ഹി ഗുണവത്തരമാതനോതി
ആദായ ശുക്തിഷു വലാഹകവിപ്രകീർണ്ണൈർ-
രത്നാകരോ ഭവതി വാരിഭിരമ്ബുരാശി:.”

പാത്രവിവരണം

രാജാവ് : ദുഷ്ഷന്തൻ, ഹസ്തിനപുരാധിപതി – നായകൻ
സൂതൻ : വൈഖാനസനും രണ്ടു ശിഷ്യന്മാരും
ശകുന്തള : കണ്വന്റെ വളർത്തുപുത്രി – നായിക
സഖിമാർ : പ്രിയംവയും അനസൂയയും
വിദൂഷകൻ : മ്മാണ്ഡവ്യൻ – രാജാവിന്റെ തോഴൻ
പരിവാരങ്ങൾ : യവനസ്ത്രീകൾ
ദ്വാരപാലകൻ : രൈവതകൻ
സേനാപതി : ഭദ്രസേനൻ
മഹർഷി കുമാരന്മാർ : നാരദനും ഗൗതമനും
അന്തഃപുര പരിചാരകൻ : കരഭകൻ – യജമാനശിഷ്യൻ
ഗൗതമി : ശകുന്തളയുടെ വളർത്തമ്മ
കണ്വശിഷ്യന്മാർ : ശാർങ്ഗരവനും ശാരദ്വതനും
താപസിമാർ.
കാശ്യപൻ : കണ്വൻ, കുലപതി – ശകുന്തളയെ എടുത്തുവളർത്തിയ മഹർഷി
കഞ്ചുകി : വാതായനൻ
പരിജനങ്ങൾ : ദ്വാരപാലിക, വേത്രവതി
വിശ്വസ്ത പരിചാരിക : ചതുരിക
പുരോഹിതൻ : സോമരാതൻ
ശിപായിമാർ : ജാനുകനും സൂചകനും
നഗരാധികാരി : രാജസ്യാലൻ മിത്രവാസു
പുള്ളി : മുക്കുവൻ
അപ്സരസ്ത്രീ : സാനുമതി – മേനകയുടെ സഖി
ഉദ്യാനപാലികമാർ : മധുരികയും പരഭൃതികയും
ദേവേന്ദ്രസാരഥി : മാതലി
താപസിമാർ : ഒരുവൾ സുവ്രത
ബാലൻ : സർവ്വദമനൻ – നായകന്റെ പുത്രൻ
മാരീചൻ : കശ്യപപ്രജാപതി
അദിതി : ദാക്ഷായണി
മാരീചശിഷ്യൻ : ഗാലവൻ

പ്രസ്താവന

ആദ്യത്തെ സൃഷ്ടി, ഹോതാ,വഥ വിധിഹുതമായുള്ള ഹവ്യം വഹിപ്പോ
നാ ദ്വന്ദ്വം കാലമാനാസ്പദ,മുലകു നിറഞ്ഞോരു ശബ്ദാശ്രയം താൻ,
വിത്തെല്ലാത്തിന്നുമേകപ്രകൃതി, ചരജഗത്പ്രാണനാം തത്വമെന്നീ
പ്രത്യക്ഷം മൂർത്തിയെട്ടാർന്നൊരു ജഗദധിപൻ നിങ്ങളെക്കാത്തുകൊൾവൂ.
നാന്ദി കഴിഞ്ഞ് സൂത്രധാരൻ പ്രവേശിക്കുന്നു

സൂത്രധാരൻ:[അണിയറയിലേക്ക് നോക്കിയിട്ട്]

ആര്യേ, ചമഞ്ഞുകഴിഞ്ഞെങ്കിൽ ഇങ്ങോട്ടു വരിക.

നടി:[പ്രവേശിച്ചിട്ട്]

ആര്യ! ഞാനിതാ വന്നിരിക്കുന്നു.

സൂത്രധാരൻ:

ആര്യേ, പണ്ഡിതന്മാർ അധികപ്പെട്ടിട്ടുള്ള സദസ്സാണിത്. ഇവിടെ കാളിദാസകൃതമായ അഭിജ്ഞാനശാകുന്തളം പുതിയ നാടകം നാം അഭിനയിക്കണം. അതിലേക്ക് ഒരോ വേഷത്തിനും വേണ്ട ജാഗ്രതകൾ ചെയ്ക.

നടി: ആര്യൻ ഏർപ്പാടുകളെല്ലാം വേണ്ടുംവണ്ണം ചെയ്തിട്ടുള്ളതുകൊണ്ട് യാതൊരു കുറവിനും വകയില്ലല്ലോ.

സൂത്രധാരൻ:

ആര്യേ, കാര്യസ്വഭാവം ഞാൻ പറഞ്ഞുതരാം.

വിദ്യ ശരിയെന്നുറയ്ക്കാൻ
വിദ്യുത്പ്രീതിക്ക് പാത്രമായ് വരേണം
നന്നായി പതിച്ചവന്നും
തന്നിൽ വരുന്നില്ല നല്ല വിശ്വാസം

നടി : അതങ്ങനെതന്നെ; ഇനി ചെയ്യേണ്ടത് ആര്യൻ ആജ്ഞാപിക്കണം.

സൂത്രധാരൻ : മറ്റെന്ത്? ഈ സഭയ്ക്ക് കർണ്ണാനന്ദം നൽകണം. അതിന് ഈയിടതന്നെ ആരംഭിച്ചിരിക്കുന്ന ഈ ഗ്രീഷ്മസമയത്തെക്കുറിച്ച് ഒരു പാട്ടു പാടണം. ഈ ഋതുവിൽ ഉപഭോഗങ്ങൾക്കും ധാരാളം വകയുണ്ട്.

നീരാടുവാൻ കുതുകമേറെ വളർന്നിടുന്നു;
ചേരുന്നു പാതിരിവിരിഞ്ഞ മണം മരുത്തിൽ;
പാരാതുറക്കമുളവാം തണലത്തണഞ്ഞാൽ
പാരം സുഖാവഹമഹസ്സിലെരിഞ്ഞടങ്ങും.

നടി : അതങ്ങനെതന്നെ [പാടുന്നു]

അളികളണഞ്ഞു തലോടും

ലളിതമതാമല്ലിയാർന്നൊരു ശിരീഷം
കാതിന്മേൽ കുതുകമൊടേ
കാതരമിഴിമാർ കനിഞ്ഞു ചൂടുന്നു.

സൂത്രധാരൻ : ആര്യേ, പാട്ട് വളരെ നന്നായി; രാഗത്തിൽ ലയിച്ചിട്ട് ഈ രങ്ഗം ചിത്രത്തിൽ എഴുതിയപോലെ ആയിരിക്കുന്നു. ഇനി ഏതു നാടകം അഭിനയിച്ചാണ് ഇവരെ നാം ആരാധിക്കേണ്ടത്?

നടി : അഭിജ്ഞാനശാകുന്തളമെന്ന അപൂർവ്വനാടകമാണ് അഭിനയിക്കേണ്ടതെന്ന് ആര്യൻ മുമ്പുതന്നെ ആജ്ഞാപിച്ചുവല്ലോ

സൂത്രധാരൻ : ആര്യേ, ഓർമ്മപ്പെടുത്തിയതു നന്നായി; തത്കാലം എനിക്കൊരു മറവി വന്നുപോയി; എന്തുകൊണ്ടെന്നാൽ,

ഹാരിയാം നിന്റെ ഗീതത്താൽ
ഹൃതനായി ബലനേ ഞാൻ;
    ചെവിയോർത്തിട്ട്

ദുഷ്പ്രാപമാം മൃഗത്താലീ-
ദുഷ്ഷന്തൻ നൃപനെന്നപോൽ
    രണ്ടുപേരും പോയി

ഒന്നാം അങ്കം

[അനന്തരം തേരിൽക്കയറി. കൈയ്യിൽ കുലച്ച വില്ലുമായി മാനിനെ പിൻതുടർന്നുകൊണ്ടു രാജാവും കൂടെ സൂതനും പ്രവേശിക്കുന്നു.]

സൂതൻ : (രാജാവിനായും മാനിനേയും നോക്കീട്ട്) തിരുമേനീ, <poem> ഇക്കിഷ്ണസാരമതിലങ്ങു, കുലച്ച ചാപം കൈക്കൊണ്ടീടുന്നൊരു ഭവാനിലുമിങ്ങു ദൃഷ്ടി ചേർത്തീടവേ മൃഖമൃഗാനുഗനാം പിനാകി പ്രത്യക്ഷനായി വിലസുന്നതു കണ്ടിറ്റിടുന്നേൻ .

രാജാവ് : സൂത, ഈ മാൻ നമ്മെ വളരെദൂരം ആകർഷിച്ചുകളഞ്ഞു. ഇതാകട്ടെ ഇപ്പോഴും,

പിന്നിട്ടെഴുത്തുന്ന തേരിൽഗ്ഗളമഴകിൽ വള –
ച്ചിട്ടു നോട്ടങ്ങൾ ചേർത്തും,
പിൻഭാഗം മിക്കവാറും ശരവരവു ഭയ –
ന്നുള്ളിലേക്കായ്ച്ചുളിച്ചും,
വക്ത്രം വീർത്തുർന്നുവീഴുന്നൊരു തൃണകബളം
മാർഗ്ഗമദ്ധ്യേ പൊഴിച്ചും
പാർത്താലും പാഞ്ഞീടുന്നു നേടിയ കുതികളാൽ
ഭൂവിലേക്കാൾ നഭസ്സിൽ.

നാം പിന്തുടർന്നുകൊണ്ടുതന്നെയിരുന്നിട്ടും ഇതു പിന്നെ സൂക്ഷിച്ചു നോക്കേണ്ട ദൂരത്തിലായിത്തീർന്നതെങ്ങനെ?

സൂതൻ : ഭൂമിക്ക് നിരപ്പില്ലെന്നുകണ്ടു ഞാൻ കടിഞ്ഞാൺ മുറുക്കുകയാൽ തേരിന്റെ വേഗം കുറഞ്ഞു; അതിനാലാണ് ഈ മാൻ ദൂരത്തിലായിത്തീർന്നത്. ഇപ്പോൾ രഥം സമഭൂമിയിൽ എത്തുകയാൽ ഇനി തിരുമേനിയുടെ ശരത്തിനു ദൂരത്തായി വരികയില്ല.

രാജാവ് : എന്നാൽ കടിഞ്ഞാൺ അയച്ചുവിടൂ.

സൂതൻ : കല്പനപോലെ. (രഥവേഗം നടിച്ചിട്ട്) തിരുമേനീ, തൃക്കൺപാർത്താലും, തൃക്കൺപാർത്താലും!

തഞ്ചത്തിൽക്കടിഞ്ഞാണയച്ചുവിടവേ
മുന്നാഞ്ഞുടൻ ചാമര –
ത്തുഞ്ചങ്ങൾക്കൊരനക്കമെന്നി ചെവിയും
കൂർപ്പിച്ചിതാ വാജികൾ
അഞ്ചാതെ കുതികൊണ്ടീടുന്നു മൃഗവേ –
ഗാസൂയയാലെന്നപോൽ
തൻ ചാരത്തണയാതെ തൻ ഖുരപുടോ –

ദ്ധൂതം രജോരാജിയും.

രാജാവ് : ശരി തന്നെ. കുതിരകളുടെ വേഗം സൂര്യാശ്വങ്ങൾക്കും ഇന്ദ്രാശ്വങ്ങൾക്കും ഉപരി ആയിരിക്കുന്നു. എന്തെന്നാൽ,

നോട്ടത്തിൽച്ചെറുതായ് നിനപ്പതുടനേ
തോന്നുന്നു വമ്പിച്ചതായ്,
നേരോർത്താലിടവിട്ടു നില്പതു നിക -
ന്നീടുന്നിതൊന്നിച്ചപോൽ;
വക്രിച്ചുള്ളോരു വസ്തു ദൃഷ്ടിയിൽ നിവർ -
ന്നീടുന്നു, വേഗത്തിനാൽ!
പക്കത്തില്ലൊരു കാണിനേരവുമെനി -
ക്കൊന്നെങ്കിലും ദൂരെയും.

സൂത, ഇതിനെക്കൊല്ലുന്നതു നോക്കിക്കൊള്ളൂ. (ശരം തൊടുക്കുന്നു).

അണിയറയിൽ

അല്ലയോ മഹാരാജാവേ, ഇതാശ്രമമൃഗമാണ്. കൊല്ലരുതേ, കൊല്ലരുതേ!

സൂതൻ : (വാക്കുകേട്ട വഴി നോക്കീട്ട്) ഈ കൃഷ്ണമൃഗം തിരുമേനിയുടെ ശരത്തിന് എത്തത്തക്കവിധം സമീപിച്ചപ്പോഴേക്കും മദ്ധ്യേ തടസ്സത്തിനു തപസ്വികൾ വന്നു ചേർന്നിരിക്കുന്നു.

രാജാവ് : (സംഭ്രമത്തോടെ) എന്നാൽ കടിഞ്ഞാൺ മുറിക്കിക്കൊള്ളൂ.

സൂതൻ : അങ്ങനെതന്നെ. (തേർ നിറുത്തുന്നു)

അനന്തരം രണ്ടു ശിഷ്യന്മാരോടുകൂടി വൈഖാനസൻ പ്രവേശിക്കുന്നു.

വൈഖാനസൻ : (കൈയുയർത്തിയിട്ട്) രാജാവേ, ഇത് ആശ്രമമൃഗമാണ്; കൊല്ലരുതേ, കൊല്ലരുതേ!

തൊടുത്ത ശസ്ത്രമതിനാലടക്കുക നരേശ്വര,
ആർത്തത്രാണത്തിനാണസ്ത്രം വീഴ്ത്താനല്ലൊരദോഷിയിൽ.

രാജാവ് : അസ്ത്രമിതാ പിൻവലിച്ചിരിക്കുന്നു. (അതിൻപ്രകാരം ചെയ്യുന്നു.)

വൈഖാനസൻ : പുരുവംശപ്രദീപഭൂതനായ അങ്ങയ്ക്ക് ഇതു യുക്തമത്രേ.

ചേരും പുരുകുലംതന്നിൽ പിറന്നൊരു ഭവാനിത്.
തനിക്ക് ചേർന്ന തനയൻ ജനിക്കും ചക്രവർത്തിയായ്.

ശിഷ്യന്മാർ : (കൈയുയർത്തിക്കൊണ്ട്) അങ്ങേക്കു ചക്രവർത്തിയായ പുത്രൻ ജനിക്കട്ടെ!

രാജാവ് : (വണങ്ങിക്കൊണ്ട്) ഞാൻ അനുഗ്രഹീതനായി.

വൈഖാനസൻ : രാജാവേ, ഞങ്ങൾ ചമത പറിക്കാൻ വന്നവരാണ്; ഇതാ മാലിനിനദിയുടെ കരയ്ക്കായിട്ട് കുലപതിയായ കണ്വന്റെ ആശ്രമം കാനുന്നു. വേറെ

ജ്ജിത്തിരക്കില്ലെങ്കിൽ അവിടെച്ചെന്ന് അതിഥിസത്കാരം സ്വീകരിക്കണം.

അത്രതന്നെയുമല്ല —

ഉടജങ്ങളിലൊരു തടവും
കൂടാതെ നടന്നീടും ക്രിയകൾ നോക്കി
ഞാണിൻ കിണമേറ്റ കരം
ക്ഷോണി ഭരിക്കുന്നോരുർജ്ജിതവുമറിയാം.

രാജാവ് : കുലപതി അവിടെത്തന്നെ ഉണ്ടോ?

വൈഖാനസൻ : അദ്ദേഹം അതിഥിസത്കാരത്തിനു പുത്രിയായ ശകുന്തളയെ പറഞ്ഞേല്പിച്ചിട്ട് അവളുടെ ഗ്രഹപ്പിഴയ്ക്ക് ശാന്തിചെയ്യുന്നതിനായി സോമതീർത്ഥത്തിലേക്ക് ഇപ്പോഴാണ് പോയത്.

രാജാവ് : ആകട്ടെ, അവളെത്തന്നെ ചെന്നു കാണാം. അവൾ എന്റെ ഭക്തി അറിഞ്ഞ്, മഹർഷി വരുമ്പോൾ ഉണർത്തിച്ചുകൊള്ളും.

വൈഖാനസൻ : ഞങ്ങൾ എന്നാൽ പോകുന്നു. (ശിഷ്യന്മാരോടുകൂടി പോയി.)

രാജാവ് : സൂതാ, കുതിരകളെ വിടൂ; പുണ്യാശ്രമദർശനംചെയ്ത് അത്മശുദ്ധിവരുത്താം.

സൂതൻ : കല്പനപോലെ. (പിന്നെയും രഥവേഗം നടിക്കുന്നു.)

രാജാവ് : (ചുറ്റും നോക്കിയിട്ട്) ഇതു തപോവനത്തിന്റെ സങ്കേതമാണെന്നു പറയാതെതന്നെ അറിയാം.

സൂതൻ : അതെങ്ങനെ ?

രാജാവ് : താൻ കാണുന്നില്ലയോ? ഇവിടെയാകട്ടെ,

പോടിൽപ്പാർത്ത ശുകം പൊഴിച്ച വരിനെ -
ല്ലുണ്ടിമ്മരങ്ങൾക്കു കീ -
ഴോ,ടക്കായുകളിടിച്ചോരെണ്ണമയമി -
ങ്ങേല്ക്കുന്നതേ പാറകൾ;
ഓടീടാതെ മൃഗങ്ങൾ തേരൊലി പൊറു -
ത്തീടുന്നു നിശ്ശങ്കമായ്;
പാട്ടുണ്ടാറ്റുകരയ്ക്കു വല്ക്കലജലം
വാർന്നിട്ടിതാ കാണ്മതും.

സൂതൻ : എല്ലാം യോജിക്കുന്നു.

രാജാവ് : (സ്വല്പദൂരം ചെന്നിട്ട്) സൂത, തപോവനവാസികൾക്ക് അസൗകര്യത്തിനിടയാകരുത്; രഥം ഇവിടെത്തന്നെ നിറുത്തൂ; ഞാൻ ഇറങ്ങിക്കളയാം.

സൂതൻ : തേർ ഇതാ നിറുത്തിയിരിക്കുന്നു. തിരുമേനി താഴെ എഴുന്നള്ളാം.

രാജാവ് : (ഇറങ്ങിയിട്ട്) സൂത, വിനീതവേഷത്തോടുകൂടി വേണമല്ലോ, തപോവ

നങ്ങളിൽ പ്രവേശിക്കാൻ. ഇതാ വാങ്ങിക്കൊള്ളൂ. (വില്ലും ആഭരണവും സൂതന്റെ കയ്യിൽ കോടുത്തിട്ട്) ഞാൻ ആശ്രമവാസികളെ സന്ദർശിച്ച മടങ്ങുമ്പോഴേക്കും കുതിരകളെ നനച്ച കൊണ്ടുവരൂ.

സൂതൻ : കല്പനപോലെ. (പോയി).

രാജാവ് : (ചുറ്റിനടന്നിട്ട്) ഇതാ ആശ്രമദ്വാരം; അകത്തേക്കു കടക്കാം. (കടന്ന് ശുഭസകുനം ഉണ്ടായതായി നടിച്ചുകൊണ്ട്.)

ഈ ആശ്രമം ഹന്ത: ശമപ്രധാനം;
കയ്യോ തുടിക്കുന്നിതു; കാര്യമെന്തോ?
ഇങ്ങെന്തിനല്ലെങ്കിൽ വിശങ്ക? തങ്ങാ –
തെങ്ങും വരാനുള്ളതു വന്നുചേരും.

അണിയറയിൽ

ഇങ്ങോട്ടു വരുവിൻ തോഴിമാരേ!

രാജാവ്: (ചെവിയോത്തിട്ട്) ഏ, ഇതാ തോട്ടത്തിനു തെക്കുവശം ആരോ സംസാരിക്കുന്നതുപോലെ തോന്നുന്നല്ലോ! അങ്ങോട്ടു ചെല്ലാം. (ചുറ്റി നടന്നു നോക്കീട്ട്) ആ! മുനികന്യകമാർ പ്രായത്തിനുചേർന്ന കുടങ്ങളിൽ വെള്ളമെടുത്തു കൊണ്ടു തൈമരങ്ങൾ നനയ്ക്കാൻ ഇങ്ങോട്ടു വരികയാണ്. (സൂക്ഷിച്ചു നോക്കീട്ട്) ആശ്ചര്യം! ഇവരെക്കാണ്മാൻ നല്ല കൗതുകമുണ്ട്.

ഉടലതിനവരോധകാമ്യമാമീ
വടിവുടജത്തിൽ വസിപ്പവർക്കു വന്നാൽ
ഉപവനലതകൾക്കു മാനഭങ്ഗം
വിപിനലതോന്നതിമൂലമുദ്ഭവിച്ചു.

ഈ തണലത്തേക്കു മാറി കാത്തുനിൽക്കാം. (നോക്കിക്കൊണ്ടു നിൽക്കുന്നു.)

മുൻപറഞ്ഞ ഭാവത്തിൽ ശകുന്തളയും രണ്ടു സഖിമാരും പ്രവേശിക്കുന്നു.

ശകുന്തള : ഇങ്ങോട്ടു വരുവിൻ തോഴിമാരേ!

അനസൂയ: ശകുന്തളേ, താതകശ്യപനു നിന്നേക്കാൾ അധികം സ്നേഹം ഈ വൃക്ഷങ്ങളെ ആണെന്നു തോന്നുന്നു. അദ്ദേഹം മുല്ലപ്പൂപോലെ കോമളയായ നിന്നെ ഇതുകളെ നനയ്ക്കാൻ നിയോഗിക്കുന്നുവല്ലോ.

ശകുന്തള : അച്ഛൻറെ കല്പന മാത്രമല്ല, എനിക്കും ഇവയോടു സഹോദരസ്നേഹമുണ്ട്. (വൃക്ഷങ്ങളെ നനയ്ക്കുന്നു)

രാജാവ് : ഏ? ഇവളാണോ ആ കണ്വപുത്രിയായ ശകുന്തള? കാശ്യപഭഗവാൻ കുറേ ആലോചനയില്ലാത്ത ആൾതന്നെ . അദ്ദേഹം ഇവളെ ആശ്രമധർമ്മങ്ങൾക്കു നിയോഗിക്കുന്നുവല്ലോ.

വപുസ്സിതവ്യാജമനോജ്ഞതാസ്പദം
തപിസ്സിനായ്ത്തുള്ളിവിടുന്ന മാമുനി
ശ്രമിക്കമിന്ദീവരപത്രധാരയാൽ
ശമീലതാച്ഛേദനവും നടത്തുവാൻ.

ആകട്ടെ; ഈ മരങ്ങളുടെ മറവിൽ നിന്നുതന്നെ ഇവരുടെ സ്വൈര്യസല്ലാപം കേൾക്കാം. (അപ്രകാരം ചെയ്യുന്നു.)

ശകുന്തള : തോഴീ, അനസൂയേ, പ്രിയംവദ എൻറെ വല്കലം വളരെ മുറുക്കിക്കളഞ്ഞു; എനിക്ക് അസ്വാധീനമായിരിക്കുന്നു. ഇതൊന്ന് അയച്ചു കെട്ടൂ.

അനസൂയ : അങ്ങനെതന്നെ (അയച്ചു കെട്ടുന്നു)

പ്രിയംവദ : (ചിരിച്ചുകൊണ്ട്) ഇസ്സംഗതിയിൽ നിമിഷംതോറും കുചവിജൃംഭിതത്തിനു ഹേതുവായ സ്വന്തം യൗവ്വനത്തെയാണു നീ പഴിക്കേണ്ടത്.

രാജാവ് : ഇവളുടെ ശരീരത്തിന് ഈ വല്ക്കലം ഒട്ടും യോജിക്കുന്നതല്ലെന്നു സമ്മതിച്ചേ തീരൂ: എന്നാൽ ഇതും അവൾക്ക് ഒരലങ്കാരമാകുന്നില്ലെന്നില്ല.

കരിഞ്ചണ്ടിച്ചാർത്തും കമലമലരിൽ കാന്തികരമാം;
കറുത്താണെന്നങ്കക്കറി കുറുവിനാമോ വിധുവിന്;
പ്രകാശം ചേർക്കുന്നു മരവുരിയുമെട്ടേറെയിവളിൽ
പ്രകൃത്യാ ചേലാർന്നൊരുടലിനഴകേകാത്തതെതുതാൻ ?

ശകുന്തള : (മുന്നോട്ടു നോക്കീട്ട്) കാറ്റടിച്ചിളകുന്ന തളിരുകൾകൊണ്ട് ഇലഞ്ഞിത്തൈ എന്നെ പരിഭ്രമിച്ചു കൈകാട്ടി വിളിക്കുന്നതുപോലെ തോന്നുന്നു. അതുകൊണ്ട് ഞാൻ അങ്ങോട്ടു ചെന്ന് അതിനെ ആദരിക്കട്ടെ. (അങ്ങോട്ടു ചെല്ലുന്നു)

പ്രിയംവദ : തോഴി ശകുന്തളേ, നീ ക്ഷണനേരം അവിടത്തന്നെ നില്ക്കണേ! നിന്നെക്കൊണ്ട് ഈ വൃക്ഷത്തിന് ഒരു വള്ളി ചുറ്റിയ ശോഭയുണ്ടാകുന്നു.

ശകുന്തള : ഇതുകൊണ്ടാണല്ലോ നീ പ്രിയംവദയായത്.

രാജാവ് : പ്രിയം അല്ല; സത്യമാണ് പ്രിയംവദ പറഞ്ഞത്. ഇവൾക്കാകട്ടെ,

ചെന്തളിരിനൊപ്പമധുരം;
ചെറുശാഖകളോടിടഞ്ഞിടുന്നു ഭുജം;
പൂമലർ പോലെ മനോജ്ഞം
പൂമേനിയതിൽത്തികഞ്ഞ താരുണ്യം.

പ്രിയംവദ : തോഴി, ശകുന്തളേ, തേന്മാവിൽ തനിയെ പടർന്ന് അതിന്റെ സ്വയംവരവധുവായിതീർന്ന മുല്ല ഇതാ നിൽക്കുന്നു. വനജ്യോത്സ്ന എന്നു വിളിക്കാറുള്ള ഇതിനെ മറന്നുപോയോ?

ശകുന്തള : എന്നാൽ, ഞാൻ എന്നെയും മറക്കും. (അടുത്തുചെന്ന് ലതയെ

നോക്കീട്ട്) തോഴീ, നല്ല സമയത്താണ് ഈ വള്ളിയും വൃക്ഷവും ഇണചേർന്നത്; പുതുതായി പൂത്തിരിക്കുന്നതുകൊണ്ട് വനജ്യോത്സ്നയ്ക്ക് യൗവ്വനം തികഞ്ഞിരിക്കുന്നു. തളിർത്തതുകൊണ്ട് തേന്മാവിനും ഉപഭോഗയോഗ്യമായ അവസ്ഥ വന്നിരിക്കുന്നു. (നോക്കിക്കൊണ്ട് നിൽക്കുന്നു.)

പ്രിയംവദ : (പുഞ്ചിരിയോടെ) അനസൂയേ, ശകുന്തള ഈ വനജ്യോത്സ്നയെ കൊണ്ടുപിടിച്ചു നോക്കുന്നതിൻറെ കാര്യം മനസ്സിലായോ?

അനസൂയ : ഇല്ലല്ലോ, പറയൂ; പറയൂ;

പ്രിയംവദ : വനജ്യോത്സ്ന അനുരൂപനായ വൃക്ഷത്തോടുചേർന്നതുപോലെ തനിക്കും അനുരൂപനായ വരനെ ലഭിച്ചാൽ കൊള്ളാമായിരുന്നു എന്നുള്ള മോഹമാണ്.

ശകുന്തള : ഇതു നിൻറെ മനസ്സിലെ ആഗ്രഹമാണ്. (നനയ്ക്കുന്നു)

രാജാവ് : ഇവൾ കുലപതിക്ക് അന്യജാതിസ്ത്രീയിൽ പിറന്നവളാണെന്നുവന്നെങ്കിൽ എത്ര നന്നായിരുന്നു! അല്ലെങ്കിൽ സംശയിക്കേണ്ടതില്ല.

രാജന്യനർഹയിവൾ നിശ്ചയം; അല്ലയായ്കിൽ
രഞ്ജിക്കയില്ലിവളിലെന്റെ മനം വിനീതം;
സത്തർക്ക് സംശയനിവാരണയിൽ പ്രമാണം
സത്യസ്വരൂപഹൃദയപ്രതിപത്തിയത്രേ

എങ്കിലും ഇവളെപ്പറ്റിയുള്ള വസ്തുതകൾ അറിയണം.

ശകുന്തള : (സംഭ്രമത്തോടുകൂടി) അയ്യോ! വെള്ളമൊഴിച്ചപ്പോൾ മുല്ലയിൽ നിന്ന് ഇളകിപ്പുറപ്പെട്ട വണ്ട് ഇതാ എൻറെ മുഖത്തിനുനേരെ പായുന്നു. (വണ്ടിന്റെ ഉപദ്രവം നടിക്കുന്നു)

രാജാവ് : (ആഗ്രഹത്തോടെ നോക്കീട്ട്, വണ്ടിനോടായിട്ട്)

തൊട്ടീടും മൃദുമെയ്യിൽ നീ,യിവളുടൻ
ഞെട്ടിക്കടാക്ഷിച്ചിടും;
മുട്ടിക്കാതിനടുത്തുചെന്ന് മുരളും
തൻ കാര്യമോതുംവിധം;
വീശിക്കൈ കുടയുമ്പോഴെത്തി നുകരും
സത്തായ ബിംബാധരം
മോശംപറ്റി നമുക്കു തത്ത്വമറിവാൻ
കാത്തിട്ടു; തീതാൻ കൃതി.

ശകുന്തള : ഈ ചണ്ടി വിട്ടൊഴിയുന്നില്ലല്ലോ. ഞാൻതന്നെ മാറിപ്പോയേക്കാം. (മാറിനിന്നു ചുറ്റി നോക്കീട്ട്) എന്തൊരു കഷ്ടം! ഇങ്ങോട്ടും വരുന്നല്ലോ. തുണയ്ക്കണേ തോഴിമാരേ!

സഖിമാർ : (പുഞ്ചിരിയോടെ) ഞങ്ങളാണോ തുണയ്ക്കുന്നതിന് ? ദുഷ്ഷന്തനെ വിളിച്ച് മുറവിളികൂട്ടൂ; രാജാവത്രെ തപോവനങ്ങളെ രക്ഷിക്കേണ്ടത്.

രാജാവ് : (ഇതാണ് നേരിട്ട് ചെല്ലാനുള്ള അവസരം) പേടിക്കേണ്ട പേടിക്കേണ്ട.... (എന്നു പാതി പറഞ്ഞു നിർത്തീട്ടു വിചാരം) രാജാവെന്നുള്ള സംഗതി വെളിപ്പെട്ടുപോകുമല്ലോ; ആകട്ടെ, ഇങ്ങനെ പറയാം.

ശകുന്തള : ഈ ദുഷ്ടൻ വിട്ടുപോകുന്നില്ല. ഞാൻ വേറൊരിടത്തേക്കു പൊയ്ക്കളയാം. (മാറിനിന്ന് ഉഴറിക്കൊണ്ട്) എന്നിട്ടും പിന്തുടരുന്നുണ്ടല്ലോ.

രാജാവ് : (വേഗത്തിൽ അടുത്ത് ചെന്നിട്ട്)

ആരിവൻ, ഖലരെ നിഗ്രഹിക്കുമെ -
പ്പൗരവൻ നൃപതി നാടുവാഴവേ,
ഭീരുവാകിയ തപസ്വികന്യയിൽ
സൈര്യവൃത്തി തുടരുന്ന ധൃഷ്ടനായ് ?

(എല്ലാവരും രാജാവിനെക്കണ്ട് അല്പം സംഭ്രമിക്കുന്നു)

അനസൂയ : അത്യാപത്തൊന്നുമില്ല. ഞങ്ങളുടെ ഈ പ്രിയസഖി വണ്ടിൻറെ ശല്യം കൊണ്ട് അല്പമൊന്ന് പേടിച്ചുവശായി എന്നേയുള്ളൂ. (ശകുന്തളയെ ചൂണ്ടിക്കാണിക്കുന്നു.)

രാജാവ് : (ശകുന്തളയുടെ നേരെതിരിഞ്ഞ്) തപസ്സു വേണ്ടുംവണ്ണം നടക്കുന്നുണ്ടല്ലോ ? (ശകുന്തള പരിഭ്രമിച്ച് മിണ്ടാതെ നിൽക്കുന്നു.)

അനസൂയ : ഉണ്ട്, ഇന്ന് വിശേഷിച്ചും വിശിഷ്ടനായ അതിഥിയെ ലഭിക്കകൊണ്ട്. സഖി ശകുതളേ, ആശ്രമത്തിൽച്ചെന്നു ഫലങ്ങളും പൂജാ സാമാനങ്ങളും എടുത്തുകൊണ്ടുവരൂ. പാദ്യത്തിന് ഈ വെള്ളം തന്നെ മതിയാകും.

രാജാവ് : ഇരിക്കട്ടേ, നിങ്ങളുടെ ഈ പ്രിയവാക്കുകൊണ്ടുതന്നെ എനിക്ക് അതിഥിസത്കാരം സിദ്ധിച്ചുകഴിഞ്ഞു.

അനസൂയ : എന്നാൽ, ആര്യൻ , തണലും തണുപ്പുമുള്ള ഈ പാലച്ചുവട്ടിലെ തറയിലിരുന്നു സ്വല്പനേരം വിശ്രമിക്കണം.

രാജാവ് : നിങ്ങളും ജോലിചെയ്തു ക്ഷീണിച്ചിരിക്കുകയാണല്ലോ !

അനസൂയ : തോഴി, ശകുന്തളേ, അതിഥിയെ ശുശ്രൂഷിക്കേണ്ടത് നമ്മുടെ ധർമ്മമാണല്ലോ; വരൂ, നമുക്കും ഇരിക്കാം. (എല്ലാവരും ഇരിക്കുന്നു)

ശകുന്തള : (വിചാരം) എന്താണിത്? ഇദ്ദേഹത്തിനെ കണ്ടമാത്രയിൽ തപാവന വിരോധി'യായ വികാരം എൻറെ മനസ്സിൽ കടന്നുകൂടിയല്ലോ.

രാജാവ് : (എല്ലാവരേയും നോക്കീട്ട്) കൊള്ളാം, ആകൃതിയിലും വയസ്സിലും ഉള്ള പൊരുത്തംകൊണ്ടു നിങ്ങളുടെ സഖ്യം വളരെ രമണിയമായിരിക്കുന്നു.

പ്രിയംവദ : (സ്വകാര്യമായിട്ട്) അനസൂയേ, ഇദ്ദേഹം ആരായിരിക്കും? കണ്ടാൽ

കോമളനും ഗംഭീരനുമായിരിക്കുന്നു. സരസമായും പ്രിയമായും സംസാരിക്കുന്നുമുണ്ട്. ഏതോ ഒരു പ്രഭുവാണ് എന്നു തോന്നുന്നു. എന്നാൽ നല്ല ദാക്ഷിണ്യവുമുണ്ട്.

അനസൂയ : തോഴി, ഇതിൽ എനിക്കും കൗതുകമുണ്ട്; ചോദിച്ചുകളയാം. (വെളിവായിട്ട്) ആര്യൻറെ മധുരമായ സംഭാഷണം കേട്ട ഞാൻ ധൈര്യപ്പെട്ടുകയാൽ ശങ്കവിട്ടു ചോദിച്ചുകൊള്ളുന്നു. ഏതൊരു രാജർഷിവംശത്തെയാണ് ആര്യൻ അലങ്കരിക്കുന്നത്? ഏത് ദേശക്കാർക്കാണ് ഇപ്പോൾ ആര്യൻറെ വേർപാടുകൊണ്ട് ഉത്കണ്ഠപ്പെടേണ്ടിവന്നിരിക്കുന്നത്? എന്തു സംഗതിവശാലായിരിക്കുമോ ഈ കോമളനായ ശരീരത്തെ തപോവനസഞ്ചാരക്ലേശത്തിനു പാത്രമാക്കിത്തീർക്കുന്നത്?

ശകുന്തള : (വിചാരം) മനസ്സേ! ബദ്ധപ്പെടേണ്ട; നീ ആലോചിക്കുന്നതുതന്നെ അതോ അനസൂയ ചോദിക്കുന്നു.

രാജാവ് : (വിചാരം) എന്താണിവിടെ ഇപ്പോൾ വേണ്ടത്? എൻറെ വാസ്തവം സ്പഷ്ടമാകരുത്; ആളുമാറിപ്പറയാതെ കഴിക്കയും വേണം. ആകട്ടെ. ഇവളോടിങ്ങനെ പറയാം. (വെളിവായിട്ട്) ഭദ്രേ, പൂരുവംശരാജാവ് ധർമ്മാധികാരിയായി നിയമിച്ചിട്ടുള്ള ആളാണ് ഞാൻ; ക്രിയകൾ വിഘ്നം കൂടാതെ നടക്കുന്നോ എന്നു നോക്കുന്നതിനായിട്ടാണ് ഈ ധർമ്മാരണ്യത്തിൽ വന്നത്.

അനസൂയ : ഇപ്പോൾ ധർമ്മചാരികൾക്കു നാഥനുണ്ടായി.

(ശകുന്തള ശൃംഗാരലജ്ജ നടിക്കുന്നു)

സഖിമാർ : (രാജാവിന്റേയും ശകുതളയുടേയും ഭാവം കണ്ടിട്ടു സ്വകാര്യമായി) തോഴി, ശകുന്തളേ, അച്ഛൻ ഇന്നിവിടെ ഉണ്ടായിരുന്നെങ്കിൽ..........

ശകുന്തള : (കോപം നടിച്ചിട്ട്) എന്നാലന്താ ?

സഖിമാർ : തൻറെ ജീവിതസർവ്വസ്വവും കൊടുത്ത് ഈ വിശിഷ്ടനായ അതിഥിയെ തൃപ്തിപ്പെടുത്തുമായിരുന്നു.

ശകുതള : പോകുവിൻ, നിങ്ങൾ എന്തോ മനസ്സിൽ വച്ചുകൊണ്ട് പറകയാണ്; നിങ്ങളുടെ വാക്ക് എനിക്ക് കേൾക്കണ്ട.

രാജാവ് : ഞാനും നിങ്ങളുടെ സഖിയെക്കുറിച്ച് അല്പം ചോദിച്ചുകൊള്ളട്ടെ?

അനസൂയ : ആര്യ , ഈ അപേക്ഷ ഞങ്ങൾക്ക് ഒരു അനുഗ്രഹം ആണല്ലോ.

രാജാവ് : കാശ്യപഭഗവാൻ നിത്യബ്രഹ്മചാരി എന്നു പ്രസിദ്ധമാണ്; നിങ്ങളുടെ ഈ സഖി അദ്ദേഹത്തിന്റെ പുത്രിയാണെന്നും പറയുന്നു; ഇതെങ്ങനെയാണ്?

അനസൂയ : ആര്യൻ കേട്ടുകൊണ്ടാലും. കുശികഗോത്രത്തിൽ വിശ്വാമിത്രൻ എന്നു പേരായി മാഹാപ്രഭാവനായ ഒരു രാജർഷിയുണ്ടല്ലോ.

രാജാവ് : ഉണ്ട്. കേട്ടിട്ടുണ്ട്.

അനസൂയ : അദ്ദേഹത്തിൽനിന്നാണ് ഞങ്ങളുടെ പ്രിയസഖിയുടെ ഉത്പത്തി.

അദ്ദേഹം ഉപേക്ഷിക്കനിമിത്തം എടുത്തുവളർത്തുകയാൽ കാശ്യപൻ ഇവളുടെ അച്ഛനായി.

രാജാവ് : ഉപേക്ഷിക്കുക എന്ന വാക്ക് എനിക്ക് കൗതുകം ജനിപ്പിക്കുന്നു. ആദ്യം മുതൽ കേട്ടാൽക്കൊള്ളാം.

അനസൂയ : ആര്യൻ കേട്ടുകൊണ്ടാലും, പണ്ട് ആ രാജർഷി ഉഗ്രമായി തപസ്സു ചെയ്തുകൊണ്ടിരിക്കുമ്പോൾ ദേവന്മാർ എന്തോ ശങ്കിച്ചിട്ട് മേനക എന്ന അപ്സര സ്ത്രീയെ തപസ്സു മുടക്കുവാനായി പറഞ്ഞയച്ചു.

രാജാവ് : ശരി, മറ്റുള്ളവരുടെ തപസ്സിനെക്കുറിച്ച് ദേവന്മാർക്കു ശങ്ക പതിവുണ്ട്. എന്നിട്ടോ?

അനസൂയ : അനതരം വസന്തകാലത്തിൻറെ മൂർദ്ധന്യത്തിൽ മനസ്സു മയക്കുന്ന അവളുടെ ആകൃതി കണ്ടിട്ട്... (ഇത്രത്തോളമായപ്പോൾ ലജ്ജകൊണ്ടു നിർത്തുന്നു.)

രാജാവ് : ശേഷം മനസ്സിലായി, ആകുള്ളുടെ അപ്സരസ്ത്രീയിൽ ജനിച്ചവളാണിവൾ?

അനസൂയ : അതെ.

രാജാവ് : യോജിക്കുന്നു.

മനുഷ്യസ്ത്രീയിലുണ്ടാകാ മനോജ്ഞം രൂപമീവിധം
മിന്നിച്ചിന്നുന്ന തേജസ്സു മന്നിടത്തിലുദിക്കുമോ?

(ശകുതള തലതാഴ്ത്തി നിൽക്കുന്നു.)

രാജാവ് : (വിചാരം) എനിക്ക് ആശയ്ക്കു വകകിട്ടി; എന്നാൽ, സഖി വരപ്രാർത്ഥനയുള്ളതായി നേരമ്പോക്കു പറഞ്ഞതോർത്തിട്ട് എൻറെ മനസ്സു ശങ്കിച്ച് അധൈര്യപ്പെടുന്നുമുണ്ട്.

പ്രിയംവദ : (ശകുന്തളയെ നോക്കീട്ട് പുഞ്ചിരി തൂകീട്ടും, രാജാവിൻറെനേരെ തിരിഞ്ഞും) ആര്യന് ഇനിയും എന്തോ പറയാനുള്ളതുപോലെ തോന്നുന്നല്ലോ ?

(ശകുന്തള സഖിയെ ചൂണ്ടുവിരൽ കാട്ടി ശാസിക്കുന്നു.)

രാജാവ് : ഭവതിക്ക് തോന്നിയത് ശരിതന്നെ. സച്ചരിത കേൾക്കുന്നതിലുള്ള ആഗ്രഹം നിമിത്തം നമുക്ക് വേറെ ചിലതുകൂടി ചോദിച്ചാൽക്കൊള്ളാമെന്നുണ്ട്.

പ്രിയംവദ ; മടിക്കേണ്ട; തപസ്വി ജനങ്ങളോടു തടവുകൂടാതെ ചോദിക്കാമല്ലോ.

രാജാവ് : നിങ്ങളുടെ സഖിയെപ്പറ്റി ഇത്രയുംകൂടി അറിയണമെന്നുണ്ട്.

വൈഖാനസവ്രതമനങ്ഗകലാവിരോധി
വേൾക്കുംവരേയ്ക്കിവൾ വഹിക്കണമെന്നുതാനോ?
എന്നേയ്ക്കുമേ മദിരലോചനസാമ്യസഖ്യം
ചിന്നും മൃഗീകുലമൊടുത്തു വസിക്കയെന്നോ.

പ്രിയംവദ : ധർമ്മാചരണത്തിൽപ്പോലും ഈയുള്ളവർക്ക് സ്വാതന്ത്ര്യമില്ല. അച്ഛനാകട്ടെ, ഇവളെ അനുരൂപനായ വരനു നൽകണമെന്നാണു സങ്കല്പം.
രാജാവ് : ഈ സങ്കല്പം സാധിക്കാത്തതല്ല. (വിചാരം)
മനമേ, ഇനി ആശപൂണ്ടുകൊള്ളാം,
വെറുതേ സംശയമെന്നു തീർച്ചവന്നു;
കനലെന്നു നിനച്ചതിക്കത്തിൽ
പെരുമാറാൻ കഴിവുള്ള രത്നമത്രേ.
ശകുന്തള : (കോപത്തോടുകൂടെ) അനസൂയേ, ഞാൻ പോകുന്നു.
അനസൂയ : എന്തിനായിട്ട്?
ശകുന്തള : ഈ പ്രിയംവദ അസംബന്ധം സംസാരിക്കുന്നത് ആര്യഗൗതമിയോടു ചെന്നറിയിക്കാൻ.
അനസൂയ : തോഴി, വിശിഷ്ടനായ ഈ അതിഥിയെ സത്കരിക്കാതെ തോന്നിയതുപോലെ പൊയ്ക്കളായുന്നതു യുക്തമല്ല. (ശകുന്തള ഒന്നും മിണ്ടാതെ പുറപ്പെടുന്നു.)
രാജാവ് : (വിചാരം) പോകയാണോ? (പിടിച്ചുനിറുത്താൻ കരുതി വീണ്ടും മനസ്സുറപ്പിച്ചിട്ടു വിചരം) ആശ്ചര്യം ! കാമികൾ, മനസ്സു പ്രവർത്തിച്ചാൽ അതനുസരിച്ച് ദേഹവും പ്രവർത്തിച്ചതുപോലെ, വിചാരിച്ചുപോകുന്നു. എനിക്കാകട്ടെ,
കന്യകാനുഗമനത്തിനുദ്യമം
വന്നതാശു വിനയം വലിക്കയാൽ
നീങ്ങിയില്ലൊരടിപോലുമിങ്ങുനി –
ന്നെങ്കിലും നിനവു, പോയി വന്നതായ്!
പ്രിയംവദ : (ശകുന്തളയെ തടുത്തിട്ട്) തോഴി, നീ പൊയ്ക്കൂടാ.
ശകുന്തള ; (പുരികം ചുളിച്ചുകൊണ്ട്) എന്തുകൊണ്ട്?
പ്രിയംവദ : ഞാൻ നിനക്കുവേണ്ടി രണ്ടു വൃക്ഷം നനച്ചിട്ടുണ്ട്. വരൂ! ആ കടാം വീട്ടൂ! എന്നിട്ടു പോകാം. (പിടിച്ചുനിറുത്തുന്നു.)
രാജാവ് : ഭദ്രേ, വൃക്ഷങ്ങൾ നനച്ചിട്ടുതന്നെ ഈ മാന്യകന്യക തളർന്നതായിക്കാണുന്നു; എന്നാൾ, ഇവൾക്ക് –
ഉള്ളംകൈകൾ ചുകന്നു; തോളുകൾ തളർ –
ന്നീടുന്നു കുംഭം വഹി –
ച്ചുള്ളിൽത്തിങ്ങനെ വീർപ്പിനാൽ കുതി തുടർ –
ന്നീടുന്നു വക്ഷഃസ്ഥലം
കൊള്ളാഞ്ഞാസ്യമതിൽ ശ്രമാംബുവിസരം
പൂങ്കർണ്ണികാഗ്രങ്ങളിൽ
തുള്ളുന്ന ചിതറുന്ന കുന്തലുമൊരേ

കൈകൊണ്ടു ബന്ധിക്കയാൽ.

അതിനാൽ ഇവളുടെ കടം ഞാൻ വീട്ടാം. (മോതിരം ഊരി നീട്ടുന്നു. സഖിമാർ നാമമുദ്ര കൊത്തിയിരിക്കുന്നതു വായിച്ചിട്ട് അന്യോന്യം നോക്കുന്നു.)

രാജാവ് : നമ്മെക്കുറിച്ച് നിങ്ങൾ അന്യഥാ ശങ്കിക്കേണ്ട. ഇതു രാജാവിന്റെ വകയായി കിട്ടീട്ടുള്ളതാണ്.

പ്രിയംവദ : എന്നാൽ, ഈ മോതിരം വിരലിൽനിന്നു വേർപെടുത്തുന്നതു ശരിയല്ല. ആര്യന്റെ വാക്കുകൊണ്ടുതന്നെ ഇവളുടെ കടം വീടി. (പുഞ്ചിരിയോടെ) തോഴി ശകുന്തളേ, ദയാലുവായ ആര്യൻ, അല്ലെങ്കിൽ മഹാരാജാവ്, നിന്റെ കടം വീട്ടി; ഇനി പോകാം.

ശകുന്തള : (വിചാരം) എനിക്ക് കഴിയുമായിരുന്നു എങ്കിൽ (വെളിവായി) നീ ആരാണ് പോകാനും നിൽക്കാനും പറവാൻ?

രാജാവ് : (ശകുന്തളയെ നോക്കി വിചാരം) നമുക്ക് അങ്ങോട്ടു തോന്നുന്നതു പോലെ ഇവൾക്ക് ഇങ്ങോട്ടും ഉണ്ടയിക്കാനുമോ ? അല്ലെങ്കിൽ ശങ്കിക്കാനില്ല. എനിക്ക് മനോരാജ്യത്തിനു ധാരാളം വകയുണ്ട്.

എൻ വാക്കിനോടിവൾ കലർന്നുരിയാടുകില്ലി –
ങ്ങെന്നാലുമെൻ മൊഴികളിൽ ചെവി നൽകീടുന്നു;
എന്നാഭിമുഖ്യമതൊഴിക്കിലുമെന്തു ഹാനി ?
പിന്നെങ്ങുമല്ലധികനേരമിവൾക്കു നോട്ടം.

ആകാശത്തിൽ

അല്ലയോ താപസന്മാരേ, തപോവനമൃഗങ്ങളെ രക്ഷിക്കുന്നതിനു ജാഗ്രതയായിരിപ്പിൻ; ദുഷ്ഷന്തമഹാരാജാവു വേട്ടയാടി അടുത്തുവന്നിരിക്കുന്നു. ഇതാ നോക്കുവിൻ –

തുരഗഖുരജമായ രേണുപുഞ്ജം
മരവുരി തോരയിടും മരങ്ങളിന്മേൽ
ചരമഗിരി ചരാർക്കകാന്തിയോടേ,
ശലഭകുലങ്ങൾകണക്കണഞ്ഞിടുന്നു.

അത്രതന്നെയുമല്ല

കൊമ്പാൽ പോംവഴി, കുത്തിവീഴ്ത്തിന മര –
ക്കാലിന്റെ വമ്പിച്ചതാം
കൊമ്പും താങ്ങി; നടയ്ക്കിടയ്ക്കുടനുട –
ക്കീടും പടർപ്പോടിതാ,
മുൻപിൽക്കണ്ടു രഥം, വിരണ്ടു, വഴിയേ
ഭേദിച്ചു മാൻക്കൂട്ടവും

കൊമ്പൻ പാഞ്ഞുവരുന്നു നമ്മുടെ തപോ –

വിഘ്നം വപുസ്സാർന്നതോ?

എല്ലാവരും ചെവികൊടുത്തു കേട്ട് കുറഞ്ഞൊന്നു സംഭ്രമിക്കുന്നു.

രാജാവ് : (വിചാരം) ഏ ! ശല്യമായി. പൗരന്മാർ നമ്മെ അന്വേഷിച്ച് തപോവനത്തിൽക്കടന്നു ലഹള കൂട്ടുന്നു; ആകട്ടെ, പോയിട്ടു മടങ്ങിവരാം.

സഖിമാർ : ആര്യ, ഈ കാട്ടാനയുടെ സങ്ഗതികേട്ടു ഞങ്ങൾക്കു ഭയമായിരിക്കുന്നു; പർണ്ണശാലയിലേയ്ക്കു പോകുന്നതു ഞങ്ങളെ അനുവദിക്കണം.

രാജാവ് : നിങ്ങൾ ഒട്ടും പരിഭ്രമിക്കേണ്ട, പോകുവിൻ; ഞാനും ആശ്രമപീഡ വരാത്തവിധം വേണ്ട ഏർപ്പാടുചെയ്യാൻ ശ്രമിക്കാം.

എല്ലാവരും എഴുന്നേൽക്കുന്നു.

സഖിമാർ : ആര്യ, അതിഥിസത്കരംചെയ്യാത്ത ആര്യനെ ഇനിയും കാണണമെന്നപേക്ഷയോടുകൂടി ഞങ്ങൾ വിട്ടുപിരിയുന്നു.

രാജാവ്: അങ്ങനെ വിചാരിക്കരുത്; നിങ്ങളുടെ ദർശനംകൊണ്ടുതന്നെ എനിക്ക് സത്കാരം സിദ്ധിച്ചു. [ശകുന്തള താമസത്തിനു കാരണമുണ്ടാക്കി. രാജാവിനെ നോക്കിക്കൊണ്ടു സഖിമാരൊന്നിച്ചു പോയി.]

രാജാവ് : എനിക്കു നഗരത്തിലേയ്ക്കു പോകുന്നതിന് ഉത്സാഹം കുറഞ്ഞിരിക്കുന്നു. അങ്ങോട്ടുചെന്നു പരിവാരങ്ങളെ തേറ്റിപ്പിടിച്ചു തപോവനത്തിനടുത്തുള്ള വല്ലേടത്തും താവളം ഉറപ്പിക്കാം. ശകുന്തളയെപ്പറ്റിയുള്ള വിചാരം പിന്വലിക്കുന്നതു സാദ്ധ്യമല്ല. എനിക്കാകട്ടെ,

മുന്നോട്ടു നീങ്ങുന്നു ജഡം ശരീരം,

പിന്നോട്ടു പായുന്നു മനസ്സനീശം,

ഭിന്നിച്ച കാറ്റത്തു നയിച്ചിടുമ്പോൾ

ചിന്നും കൊടിക്കുള്ളൊരു കൂറപോലെ '

പോയി.

രണ്ടാം അങ്കം

[അനന്തരം വിഷാദഭാവത്തിൽ വിദൂഷകൻ പ്രവേശിക്കുന്നു,]

വിദൂഷകൻ: (ദീർഘശ്വാസം വിട്ടുകൊണ്ട്) ഈ വേട്ടക്കാരൻ രാജാവിന്റെ തോഴരായിരുന്ന് എനിക്കു മതിയും കൊതിയും തീർന്നു. 'ഇതാ, ഒരു മാൻ! അതാ, ഒരു പന്നി! അതാ, ഒരു കടുവാ' എന്നു പറഞ്ഞു വേനൽകൊണ്ടു തണൽ കുറയുന്ന വനനിരകളിൽ നട്ടുച്ചയ്ക്കുപോലും ഒരു കാട്ടിൽനിന്നും മറ്റൊരു കാട്ടിലേക്ക് ഓടും. ഇലകൾ വീണ് അഴുകി കയ്പും ചവർപ്പുമുള്ള കാട്ടുപുഴയിലെ ചൂടുവെള്ളമാണു കുടിക്കുന്നത്. ആഹാരം അധികവും ചുട്ടമാംസംതന്നെ; കാലനിയമവുമില്ല. കുതിരകളുടെ പിന്നാലെ ഓടിയോടി തുടകൾ അനക്കാൻ വയ്യാതായിത്തീർന്ന എനിക്ക് രാത്രിയിൽപ്പോലും നേരേ ഉറങ്ങാൻ സാധിക്കുന്നില്ല. പിന്നീടു പുലർച്ചയ്ക്കു വളരെമുമ്പുതന്നെ നായാടിപരിഷകൾ തേവിടിയാമക്കൾ ഇറങ്ങി കാട്ടുതെളിക്കുന്ന ലഹളകൊണ്ടു ഞാൻ ഉണർന്നുപോകുന്നു. ഇത്ര എല്ലാംകൊണ്ടും അനർത്ഥം ഒഴിഞ്ഞില്ല. ഇപ്പോൾ കുനിന്മേൽ കുരു പുറപ്പെട്ടിരിക്കുന്നു. ഇന്നലെ ഒപ്പം എത്താൻ കഴിയാതെ ഞാൻ പിന്നിലായിപ്പോയപ്പോൾ അദ്ദേഹം ഒരു മാനിനെ ഓടിച്ചു ചെന്നു തപോവനത്തിൽക്കയറി എന്റെ വയറ്റിന്റെ കഷ്ടകാലംകൊണ്ടു ശകുന്തള എന്നൊരു താപസകന്യകയെക്കണ്ടു വശായി. ഇപ്പോൾ നഗരത്തിലേക്കു മടങ്ങുന്നതിന്റെ കഥപോലും മിണ്ടുന്നില്ല. ഇന്നലെ രാത്രിമുഴുവൻ അവളെത്തന്നെ ചിന്തിച്ചു കണ്ണടയ്ക്കാതെ നേരവും വെളുപ്പിച്ചു. വേറെ എന്താണു ഗതി? അദ്ദേഹത്തിന്റെ പ്രഭാതകൃത്യങ്ങൾ കഴിഞ്ഞോ എന്നു നോക്കാം. (ചുറ്റിനടന്നു നോക്കീട്ട് കാട്ടുപൂക്കളുംചൂടി വില്ലും എടുത്തുകൊണ്ടു ചുറ്റിനില്ക്കുന്ന യവനസ്ത്രീകളുടെ കൂട്ടവുമായിട്ടു തോഴരിതാ ഇങ്ങോട്ടു തന്നെ വരുന്നു. ആകട്ടെ, അങ്ഗഭങ്ഗംകൊണ്ട് അസ്വാധീനം നടിച്ചു നില്ക്കാം. അങ്ങനെയെങ്കിലും അല്പം വിശ്രമം കിട്ടിയെങ്കിലോ? (എന്നു ദണ്ഡകാഷ്ഠമവലംബിച്ചു നില്ക്കുന്നു.)

(മുൻചൊന്ന പരിവാരങ്ങളോടുകൂടി രാജാവു പ്രവേശിക്കുന്നു.)

രാജാവ്

പ്രിയതമയെ ലഭിപ്പാൻ യോഗമുണ്ടെങ്കിലുണ്ടാം;
സ്വയമവളുടെ ഭാവം പാർത്തു ഹൃത്താലാശ്വസിപ്പൂ;
സ്മരവിരുതു ഫലിച്ചില്ലെങ്കിലും ചാരിതാർത്ഥ്യം
കരളിനരുളുമന്യോന്യാനുരാഗാവബോധം. 1

(പുഞ്ചിരി തൂകീട്ട്) തന്റെ അഭിപ്രായത്തിനൊത്തു താൻ കാമിക്കുന്ന ആളുകളുടെ മനോഗതം വ്യാഖ്യാനിച്ചിട്ടു കാമിജനത്തിന് ഈ വിധമാണു ചതിപിണയുന്നത്.

പ്രേമം പൂണ്ടു പതിച്ചു ദൃഷ്ടി പുറമെ
നോക്കുമ്പൊഴാണെങ്കിലും;

പോയീ മെല്ലെ വിലാസമൂലമതുപോൽ
ശ്രോണീഭരത്താലവൾ;
നില്ലെന്നങ്ങു മറുത്തുചൊന്ന സഖിയോ-
ടീർഷ്യാകുലം ചൊല്ലിയെ-
ന്നെല്ലാം മത്പരമാണപോലു;മെതുമേ
കാമിക്കഹോ! സ്വർത്ഥമാം.

വിദൂഷകൻ: (ആ നില്പിൽത്തന്നെ നിന്നുകൊണ്ട്) എനിക്കു കൈ നീട്ടാൻ വയ്യ; വാക്കുകൊണ്ട് ആചാരംചെയ്യാം: തോഴർക്കു വിജയം!

രാജാവ്: (പുഞ്ചിരിയിട്ടിട്ട്) അസ്വാധീനം എന്താണ്?

വിദൂഷകൻ: തോഴരെന്താ, കണ്ണുംകുത്തി കണ്ണീരിന്റെ കാരണം ചോദിക്കുന്നത്?

രാജാവ്: മനസ്സിലായില്ല.

വിദൂഷകൻ: തോഴരേ, ആറ്റുവഞ്ചി, കുനന്റെ മട്ടു കാട്ടുന്നത് എന്തുകൊണ്ടാണ്? തന്റെ സാമർത്ഥ്യംകൊണ്ടോ നദീവേഗംകൊണ്ടോ?

രാജാവ്: അതിനു കാരണം നദീവേഗമാണ്.

വിദൂഷകൻ: ഇതിനു തോഴരും.

രാജാവ്: അതെങ്ങനെ?

വിദൂഷകൻ: രാജ്യകാര്യങ്ങളുപേക്ഷിച്ച് ഈമട്ടിൽ കൊടുങ്കാട്ടിൽ കിടന്നു കാട്ടാളവൃത്തി അനുഷ്ഠിക്കണമെന്നാണല്ലോ അങ്ങേയ്ക്ക്. എനിക്കു ദിവസംപ്രതി ദുഷ്ടജന്തുക്കളെ ഓടിച്ചു സന്ധിബന്ധം ഉലഞ്ഞു ദേഹംകൊണ്ട് ഒന്നും വയ്യാതായി. അതിനാൽ മനസ്സുണ്ടായിട്ടു തോഴർ ഇന്നൊരു ദിവസമെങ്കിലും എന്നെ വിശ്രമിക്കാൻ അനുവദിക്കണം.

രാജാവ്: (വിചാരം) ഇയാൾ ഇങ്ങനെ പറയുന്നു; എനിക്കും കണ്വപുത്രിയെ ഓർത്തിട്ടു വേട്ടയ്ക്കു മനസ്സു പ്രവർത്തിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ,

ഞാണേറ്റിയസ്ത്രവുണച്ചു, തൊടുത്തു ചാപ,-
മേണങ്ങൾ നേർക്കിനി വലിപ്പതെനിക്കശക്യം;
ചേലാർന്ന ദൃഷ്ടി ദയിതയ്ക്കൊരുമിച്ചു വാണു
ചൊല്ലിക്കൊടുത്തതിവരായ് വരുമെന്നു തോന്നും.

വിദൂഷകൻ: (രാജാവിന്റെ മുഖത്തു നോക്കീട്ട്) അവിടുന്ന് എന്തോ മനസ്സിൽവെച്ചു തനിയേ പിറുപിറുക്കയാണ്; ഞാൻ കാട്ടിൽക്കിടന്നു മുറവിളികൂട്ടിയതേ ഉള്ളൂ.

രാജാവ്: (പുഞ്ചിരിയോടുകൂടി) മറ്റൊന്നുമല്ല; ബന്ധുവാക്യമതിക്രമിച്ചുകൂടെന്ന് ആലോചിച്ചുറയ്ക്കയായിരുന്നു.

വിദൂഷകൻ: അവിടുന്നു ദീർഘായുസ്സായിരിക്കണം! (പോകാൻ ഭാവിക്കുന്നു.)

രാജാവ്: നില്ക്കു. തോഴരേ, ഞാൻ മുഴുവൻ പറഞ്ഞുകഴിഞ്ഞില്ല.

വിദൂഷകൻ: തിരുമനസ്സുകൊണ്ട് അരുളിച്ചെയ്യണം.

രാജാവ്: വിശ്രമിച്ചതിനുശേഷം, പ്രയാസമില്ലാത്ത ഒരു കാര്യത്തിൽ അങ്ങ് എനിക്കു സഹായിക്കണം.

വിദൂഷകൻ: കൊഴക്കട്ട ഉടച്ചു മിഴുങ്ങുന്നതിലാണോ?

രാജാവ്: വരട്ടെ; ഇന്നതിലെന്നു പറയാം.

വിദൂഷകൻ: എന്നാൽ, ഞാൻ നില്ക്കാം.

രാജാവ്: ആരവിടെ?

ദ്വാരപാലൻ: (പ്രവേശിച്ചു വന്ദിച്ചിട്ട്) കല്പന കാക്കുന്നു.

രാജാവ്: രൈവതക, സേനാപതിയെ വിളിച്ചുകൊണ്ടു വരു!

ദ്വാരപാലൻ: ഇറാൻ! (പോയി സേനാപതിയുമൊന്നിച്ചു തിരിയെ പ്രവേശിച്ചിട്ട്) ഇതാ കല്പന കൊടുക്കാൻ തിടുക്കത്തോടെ തമ്പുരാൻ ഇങ്ങോട്ടുതന്നെ തൃക്കൺ പാർത്തുകൊണ്ട് എഴുന്നള്ളിയിരിക്കുന്നു; ആര്യൻ അടുത്തു ചെല്ലണം.

സേനാപതി: (രാജാവിനെ നോക്കിയിട്ട്) നായാട്ടിനു ചില ദോഷങ്ങളുണ്ടെങ്കിലും സ്വാമിക്കതു ഗുണത്തിനായിത്തന്നെ തീർന്നിരിക്കുന്നു. ഈ തിരുമേനിക്കാകട്ടെ,

ഉടലതിദൃഢം നിത്യം വില്ലാണ്ടിടുന്നൊരു വേലയാൽ;
കൊടിയവെയിലത്തോടാമൊട്ടും വിയർപ്പണയാതെതാൻ;
ചടവു തെളിയാ വ്യായാമംകൊണ്ടുദിച്ചോരു കാന്തിയാൽ
അടവിയിലെഴും കൊമ്പന്നൊപ്പം കൊഴുത്തിതു സത്ത്വവും.

(അടുത്തു ചെന്നിട്ട്) സ്വാമിക്കു വിജയം. കാട്ടിൽ മൃഗങ്ങളെ തെളിക്കുട്ടിക്കഴിഞ്ഞു; എഴുന്നള്ളാൻ താമസമെന്ത്?

രാജാവ്: നായാട്ടുകൊണ്ടുള്ള തരക്കേടുകൾ ചൂണ്ടിക്കാണിച്ച് മാഢവ്യൻ എനിക്ക് ഉത്സാഹഭങ്ഗംചെയ്തിരിക്കുന്നു.

സേനാപതി: (വിദൂഷകനോടു സ്വകാര്യമായിട്ട്) സ്നേഹിതാ, അങ്ങു പിടിച്ച പിടി വിടാതെ മുറുക്കിക്കൊള്ളണം; ഞാൻ സ്വാമിയുടെ തിരുവുള്ളത്തിനു ചേർന്നു് ഉണർത്തിക്കാൻപോകുന്നു. (വെളിവായിട്ട്) ഈ മൂർഖൻ വല്ലതും പുലമ്പിക്കൊള്ളട്ടെ. ഇവിടെ തിരുമേനിതന്നെ ഒരു ദൃഷ്ടാന്തമാണല്ലോ.

നേർക്കും മേദസ്സൊരുങ്ങീട്ടുദരമുടൽ വഴ-
ങ്ങീട്ടു മെയ്യായമുണ്ടാം;
നോക്കാം നാല്ക്കാലികൾക്കും ഭയവുമരിശവും
കൊണ്ടെഴും ഭാവഭേദം;
കിട്ടും വില്ലാളിവീരർക്കിഷ്ടഗുണമിളകും
ലാക്കിലേല്പിച്ചു മെച്ചം;
വേട്ടയ്ക്കോതുന്ന ദോഷം വെറുതെ; ഇതു കണ-

ക്കില്ല വേറെ വിനോദം.

വിദൂഷകൻ: തിരുമനസ്സിൽ പ്രകൃതിഭേഏദം ഉണ്ടായിരുന്നതു മാറി. താൻ കാടു നീളെ അലഞ്ഞു് മനുഷ്യരുടെ മൂക്കിൽ പാടിക്കടിക്കുന്ന വല്ല കിഴട്ടുകരടിയുടേയും വായിൽച്ചെന്നു വീഴും.

രാജാവ്: ഭദ്രസേനാ, ആശ്രമസമീപത്തിലാണല്ലോ നമ്മുടെ താമസം; അതുകൊണ്ടു തന്റെ അഭിപ്രായം ഞാൻ അഭിനന്ദിക്കുന്നില്ല. ഇന്നേദിവസമാകട്ടേ,

നീരിൽ പോത്തുകൾ കൊമ്പുലച്ചു കളിയാ-

ടീടട്ടെ കേടെന്നിയേ;

സാരംഗം തണലിൽക്കിടന്നയവിറ-

ക്കീടട്ടെ കൂട്ടത്തൊടേ;

സ്വൈരം സൂകരപങ്ക്തി മുസ്തകൾ കഴി-

ക്കട്ടേ തടാകങ്ങളിൽ;

ചേരാതേ ഗുണബന്ധനം നടു നിവ-

ർത്തീടട്ടെയെൻ വില്ലിതും.

സേനാപതി: തിരുമനസ്സിലെ ഇഷ്ടം.

രാജാവ്: അതിനാൽ കാടുതെളിക്കാൻ പോയിട്ടുള്ളവരെ തിരികെ വിളിച്ചുകളയൂ; തപോവനവാസികൾക്കു് ഉപദ്രവത്തിനിടയാകാതെ പടയാളികളേയും തടയണം. നോക്കൂ,

ദൃഷ്ടത്തിങ്കൽ പ്രശമധനരാം

താപസന്മാരിലേറ്റ

ധൃഷ്ടം തേജസ്സതിനിഭൃതമാ-

യുണ്ടു വർത്തിച്ചിടുന്നു;

കാട്ടും പെട്ടെന്നവരതു പരൻ

തന്റെ തേജസ്സിനോടായ്

മുട്ടുന്നേരം, കുളുർമകലരും

സൂര്യകാന്തം കണക്കേ.

വിദൂഷകൻ: തന്റെ ഉത്സാഹമെല്ലാം കുന്തമായി.

(സേനാപതി പോയി)

രാജാവ്: (പരിവാരങ്ങളെ നോക്കീട്ടു്) നിങ്ങൾ നായാട്ടുവേഷം മാറ്റിക്കൊൾവിൻ. രൈവതക, നീയും നിന്റെ ജോലിക്കു പൊയ്ക്കൊള്ളുക.

പരിവാരങ്ങൾ: കല്പന (പോയി.)

വിദൂഷകൻ: തോഴർ, ഈച്ചകളെ എല്ലാം ആട്ടി ഓടിച്ചു; ഇനി വള്ളിപ്പടർപ്പു കൊണ്ടു മേൽക്കെട്ടി കെട്ടിയിട്ടുള്ള ഈ പാറയിന്മേൽ എഴുന്നെള്ളിയിരിക്കാം;

ഞാനും ഒന്നിരുന്നു സുഖിക്കട്ടെ!

രാജാവ്: മുമ്പിൽ നടക്കു!

വിദൂഷകൻ: എഴുന്നള്ളാം.

(രണ്ടുപേരും ചുറ്റിനടന്ന് ഇരിക്കുന്നു.)

രാജാവ്: മാഢവ്യ, തന്റെ കണ്ണിനു സാഫല്യം സിദ്ധിച്ചില്ല. കാണേണ്ടതു താൻ കണ്ടില്ലല്ലോ.

വിദൂഷകൻ: തിരുമേനി എന്റെ മുമ്പിൽ ഉണ്ടല്ലോ.

രാജാവ്: എല്ലാവർക്കും അവനവന്റേതു നല്ലതെന്നു തോന്നും. ഞാനാകട്ടെ, ആശ്രമത്തിന്നലങ്കാരഭൂതയായ ആ ശകുന്തളയെപ്പറ്റിയാണ് പറഞ്ഞത്.

വിദൂഷകൻ: (വിചാരം) ഇദ്ദേഹത്തിന് അവസരം കൊടുത്തുകൂടാ. (വെളിവായിട്ട്) തോഴരേ, താപസകന്യകയെ ആഗ്രഹിക്കുക അങ്ങേയ്ക്കു ശരിയല്ല.

രാജാവ്: സഖേ, വർജ്ജിക്കേണ്ട വസ്തുക്കളിൽ പൗരവന്മാരുടെ മനസ്സു പ്രവർത്തിക്കയില്ല.

അപ്പെൺകിടാവു കുശികാത്മജനപ്സരസ്സി-
ലുത്പന്നനായ മകളാണ,വർപക്കൽനിന്നും
പില്പാടെരിക്കിനുടെ കമ്പതിൽ വീണ മല്ലീ-
പുഷ്പംകണക്കിവളണഞ്ഞിതു കണ്വഹസ്തം

വിദൂഷകൻ: (ചിരിച്ചിട്ട്) പേരീന്തൽപ്പഴം തിന്നു ചെടിച്ചവന്ന് വാളൻപുളിയിൽ രുചി തോന്നുന്നതുപോലെയാണ് സ്ത്രീരത്നങ്ങളെ അഭിഭവിപ്പിക്കുന്ന അങ്ങയുടെ ഈ ആഗ്രഹം.

രാജാവ്: താനവളെക്കണ്ടില്ല; അതാണിങ്ങനെ പറയുന്നത്.

വിദൂഷകൻ: എന്നാൽ അവളുടെ രൂപലാവണ്യം കേമം തന്നെ ആയിരിക്കണം; അങ്ങേയ്ക്കുകൂടി അതു വിസ്മയം ജനിപ്പിച്ചല്ലോ.

രാജാവ്: തോഴരേ, ചുരുക്കിപ്പറഞ്ഞുകളയാം.

ചിത്രത്തിലാദ്യമെഴുതീട്ടുയിൽ ചേർത്തതാമോ?
ചിത്തത്തിൽവെച്ചഴകുചേർത്തു രചിച്ചതാമോ?
ബ്രഹ്മപ്രഭാവവുമവൾക്കെഴുമാ വപുസ്സു-
മോർമ്മിക്കിലീയൊരബലാമണിസൃഷ്ടി വേറെ.

വിദൂഷകൻ: അങ്ങനെയാണെങ്കിൽ സുന്ദരിമാർക്കെല്ലാം മാനഭങ്ഗത്തിനിടയായല്ലോ.

രാജാവ്: ഇതുംകൂടി എന്റെ വിചാരത്തിലുണ്ട്.

മൂക്കിൽച്ചേർക്കാത്ത പുഷ്പം; നഖവിദലനമേൽ-
ക്കാത്ത പുത്തൻ പ്രവാളം

മെയ്യിൽച്ചാർത്താത്ത രത്നം; രസനയതിലണ-
യ്ക്കാത്തതായുള്ള പൂന്തേൻ;
പൂർണ്ണം പുണ്യത്തിനുള്ളോരുപചിതഫലവും-
താനവൾക്കുള്ള രൂപം;
പാർത്തില്ലീ, ഞാനെവന്നോ, വിധിയിതനുഭവി-
ക്കുന്നതിന്നേകിടുന്നൂ?
വിദൂഷകൻ: എന്നാൽ തോഴർ ഉടനെതന്നെ ചെന്ന് അവരളെ രക്ഷപ്പെടുത്തണം; ഓടലെണ്ണ തടകി തല മിനുക്കുന്ന വല്ല വനവാസിയുടേയും കൈയിൽ അകപ്പെ ടാൻ ഇടയാകരുത്.
രാജാവ്: ആ മാന്യകന്യക പരാധീനയാണ്! അച്ഛൻ അവിടെ ഇല്ലതാനും.
വിദൂഷകൻ: ആകട്ടെ, അങ്ങേപ്പേരിൽ അവളുടെ നോട്ടം എങ്ങനെ ആയിരുന്നു?
രാജാവ്: താപസകന്യകമാർക്കു സത്വേതന്നെ പ്രഗല്ഭത കുറയും; അങ്ങനെയാണെങ്കിലും,
ഞാൻ നോക്കുമപ്പൊഴുതു ദൃ,അടികൾ പിൻവലിച്ചാൾ;
അന്യം നിമിത്തമുളവാക്കി ഹസിച്ചുകൊണ്ടാൾ;
മര്യാദയോർത്തു വെളിവായ്ത്തെളിച്ചുമില്ല;
മാരന്റെ ചേഷ്ടയവളൊട്ടു മറച്ചുമില്ല.
വിദൂഷകൻ: അങ്ങേക്കണ്ടമാത്രയിൽ വന്നു മടിയിൽ കയറിയില്ല, ഇല്ലേ?
രാജാവ്: തങ്ങളിൽ പിരിയുന്ന സമയത്താകട്ടെ, ലജ്ജ ഇരുന്നിട്ടും അവൾ വേണ്ടുംവണ്ണം ഭാവം വെളിപ്പെടുത്തുകയുണ്ടായി; എങ്ങനെയെന്നാൽ,
കൊണ്ടൽവേണിയൊരു രണ്ടുനാലടി നടന്നതി-
ല്ലതിനുമുമ്പുതാൻ
കൊണ്ടു ദർഭമുന കാലിലെന്നു വെറുതെ ന-
ടിച്ചു നിലകൊണ്ടുതേ;
കണ്ടവും ബത! തിരിച്ചുനോക്കിയവൾ വല്ക്കലാ-
ഞ്ചലമിലച്ചലിൽ-
ക്കൊണ്ടുടക്കുമൊരു മട്ടു കാട്ടി വിടുവിച്ചി-
ടുന്ന കപടത്തൊടേ.
വിദൂഷകൻ: എന്നാൽ, കഴിച്ചുകൂട്ടാം; പൊതിച്ചോറെങ്കിലുമായല്ലോ; തപസ്വികൾക്ക് ഇനി ഉപദ്രവങ്ങളൊന്നും വരികയില്ല.
രാജാവ്: തോഴരേ, തപസ്വികളിൽ ചിലർ എന്നെ കണ്ടറിയുകയുണ്ടായി. ആലോചിക്കു. ഇനി എന്തു കാരണം പറഞ്ഞാണ് നാം ആശ്രമത്തിൽക്കടന്നുകൂടുക?

വിദൂഷകൻ: മറ്റെന്താണ് കാരണം വേണ്ടതു്! അങ്ങു രാജാവല്ലേ? താപസപ്പരിഷകളോടു വരിനെല്ലിന്റെ ആറിൽ ഒന്നു കരം തരാൻ പറയണം.

രാജാവു്: പോകു! മടയ! തപസ്വികൾ തരുന്ന കരം വേറെയാണു്; അതിനു രത്നരാശികളേക്കാൾ ഞാൻ വിലയും വയ്ക്കുന്നുണ്ടു്. നോക്കു,

നാട്ടിലെ പ്രജകൾ നല്കിയും ഫലം
നഷ്ടമാകുമൊരുനാൾ നൃപർക്കഹോ!
കാട്ടിലുള്ള മുനിവർഗ്ഗമോ തപ-
ഷ്ഷഷ്ഠഭാഗമരുളുന്നു ശാശ്വതം.

(അണിയറയിൽ)

ഞങ്ങളുടെ കാര്യം സാധിച്ചു.

രാജാവു്: (ചെവിയോർത്തിട്ടു്) ധീരശാന്തമായ സ്വരം കൊണ്ടു തപസ്വികളാണെന്നു തോന്നുന്നു.

ദ്വാരപാലകൻ: (പ്രവേശിച്ചിട്ടു്) തമ്പുരാനു വിജയം! രണ്ടു മഹർഷികുമാരന്മാർ വന്നു കാത്തുനില്ക്കുന്നു.

രാജാവു്: എന്നാൽ, ഉടൻതന്നെ, അവരെ കൂട്ടിക്കൊണ്ടു വരു.

ദ്വാരപാലകൻ: ഇതാ, കൂട്ടിക്കൊണ്ടുവന്നു. (പോയി മഹർഷിമാരൊന്നിച്ചു പ്രവേശിച്ചിട്ടു്) ഇതാ, ഇതിലേ വരാം.

ഒന്നാമൻ: ഇദ്ദേഹം തേജസ്വിയാണെങ്കിലും കാഴ്ചയ്ക്കു സൗമ്യനായിരിക്കുന്നു. അല്ലെങ്കിൽ ഇതു യോജിക്കുന്നതുതന്നെ. ഈ രാജാവിന്നു ഋഷികളെക്കാൾ വളരെ ഭേദമൊന്നുമില്ലല്ലോ.

ഇപ്പുണ്യാത്മാവിനും തൻ വസതി സുഖദമാ-
മാശ്രമത്തിങ്കലത്രേ;
കെല്പോടിപ്പാർത്തലം കാത്തിവനുമുരുതപം
സംഭരിക്കുന്നു നിത്യം;
ഇപ്പോഴും വാഴ്ത്തുമാറുണ്ടിവനെ മുനിപദംകൊ-
ണ്ടു വിദ്യാധരന്മാർ
ചൊല്ലൊണ്ടും രാജശബ്ദത്തെയുമുപപദമായ്
ചേർപ്പതൊന്നേ വിശേഷം.

രണ്ടാമൻ: ഗൗതമ, ഇദ്ദേഹമല്ലേ ഇന്ദ്രന്റെ സഖാവായ ദുഷ്ഷന്തൻ?

ഒന്നാമൻ: അതെ.

രണ്ടാമൻ: എന്നാൽ,

അക്ഷീണായതപീനമാം ഭുജയുഗം-
കൊണ്ടബ്ധിപര്യന്തമാ-

മിക്ഷോണീതലമാകെയേകനിവനം
ശാസിപ്പതാശ്ചര്യമോ?
ഇന്നേരം സുരസംഹതിക്കരിജയാശാ-
ലംബനം രണ്ടുതാൻ;
ഒന്നിദ്ധന്വി കുലച്ച ചാപ,മപരം
ജംഭാരിദംഭോളിയും.

മഹർഷികുമാരന്മാർ: (അടുത്തു ചെന്ന്) രാജാവിനു വിജയം!

രാജാവ്: (എഴുന്നേറ്റിട്ട്) ഭവാന്മാർക്ക് അഭിവാദനം!

മഹർഷിമാർ: അങ്ങേയ്ക്കു ശ്രേയസ്സ്. (ഫലങ്ങൾ കൊണ്ടു ചെന്നു കൊടുക്കുന്നു.)

രാജാവ്: (വണക്കത്തോടുകൂടി വാങ്ങീട്ട്) കല്പന കേൾക്കാൻ ആഗ്രഹിക്കുന്നു.

മഹർഷിമാർ: അങ്ങിവിടെ താമസിക്കുന്നതായി ആശ്രമവാസികൾക്ക് അറിവു കിട്ടി; അതിനാൽ അവർ അങ്ങേ അടുക്കൽ അപേക്ഷിക്കുന്നു.

രാജാവ്: എന്താണവരുടെ കല്പന?

മഹർഷികൾ: കുലപതി കണ്വൻ ഇവിടെ ഇല്ലാത്തതുകൊണ്ട് രാക്ഷസന്മാർ ഞങ്ങൾക്കു യാഗവിഘ്നം ചെയ്യുന്നു. അതിനാൽ, രക്ഷയ്ക്കായിട്ട് ഏതാനും ദിവസം സാരഥിയുമൊന്നിച്ചു ഭവാൻ ആശ്രമത്തെ അലങ്കരിക്കണം എന്ന്.

രാജാവ്: എനിക്ക് അനുഗ്രഹമായി.

വിദൂഷകൻ: (സ്വകാര്യമായിട്ട്) ഈ അപേക്ഷ അങ്ങേയ്ക്കനുകൂലംതന്നെ.

രാജാവ്: (പുഞ്ചിരിയിട്ടിട്ട്) രൈവതക, സാരഥിയോട് തേരും വില്ലും ഒരുക്കാൻ പറയൂ.

ദ്വാരപാലൻ: തമ്പുരാന്റെ കല്പന. (പോയി.)

മഹർഷികൾ: (സന്തോഷത്തോടെ)

യുക്തം പൂർവ്വികവർത്മാവിൽ വർത്തിക്കുന്ന ഭവാനിതു്;
ആർത്തത്രാണമഹാസത്രം കാത്തിരിപ്പവർ പൗരവർ.

രാജാവ്: മുമ്പേ എഴുന്നെള്ളാം; ഞാൻ ഇതാ, പിന്നാലെ വന്നുകഴിഞ്ഞു.

മഹർഷികൾ: രാജാവിനു വിജയം! (പോയി.)

രാജാവ്: മാഢവ്യ, തനിക്കു ശകുന്തളയെക്കാണ്മാൻ കൗതുകമുണ്ടോ?

വിദൂഷകൻ: ആദ്യം കവിഞ്ഞൊഴുകുന്നുണ്ടായിരുന്നു. ഇപ്പോൾ ഈ രാക്ഷസവൃത്താന്തം കേട്ടതിൽപ്പിന്നെ ഒരു തുള്ളിപോലും ശേഷിച്ചിട്ടില്ല.

രാജാവ്: ഭയപ്പെടേണ്ട, താൻ എന്റെ അടുക്കൽ അല്ലേ നില്ക്കാൻ പോകുന്നതു്?

വിദൂഷകൻ: എന്നാൽ എനിക്കു രാക്ഷസഭയമില്ല.

ദ്വാരപാലൻ: (പ്രവേശിച്ചിട്ട്) ഇതാ, പള്ളിത്തേര് ഒരുക്കിനിർത്തിയിരിക്കുന്നു; വിജയത്തിന്നായി എഴുന്നള്ളാം. എന്നാൽ രാജധാനിയിൽനിന്ന് അമ്മത്തമ്പുരാ

ക്കന്മാർ കല്പിച്ചയച്ച വർത്തമാനം അറിയിക്കുന്നതിന്ന് കരഭകൻ വന്നിട്ടുണ്ട്.

രാജാവ്: (ആദരവോട്ടുകൂടി) അമ്മമാർ പറഞ്ഞയച്ചിട്ടോ?

ദ്വാരപാലൻ: ഇറാൻ! അതെ.

രാജാവ്: എന്നാൽ, കൂട്ടിക്കൊണ്ടുവരൂ.

ദ്വാരപാലൻ: ഇറാൻ. (പോയി, കരഭകൻ ഒന്നിച്ചു പ്രവേശിച്ചു) ഇതാ, എഴുന്നെള്ളിയിരിക്കുന്നു; അങ്ങോട്ടു ചെല്ലൂ.

കരഭകൻ: തമ്പുരാനു വിജയം! അമ്മത്തമ്പുരാക്കന്മാർ കല്പിച്ചയച്ചിരിക്കുന്നു, "ഇന്നേക്കു നാലാംദിവസം ഞങ്ങൾക്കു വ്രതം കാലംകൂടുന്നു; അന്നത്തേയ്ക്കു് ഉണ്ണി ഇവിടെ എത്തേണ്ടതു് അത്യാവശ്യമാണ്" എന്ന്.

രാജാവ്: ഒരിടത്തു തപസ്വികാര്യം. മറ്റൊരിടത്തു് അമ്മമാരുടെ കല്പന; രണ്ടും അതിക്രമിച്ചുകൂടാ; ഇവിടെ എന്തു ഞാൻ ചെയ്യേണ്ടൂ?

വിദൂഷകൻ: ത്രിശങ്കുവിനെപ്പോലെ നമുക്കു നില്ക്കണം.

രാജാവ്: തോഴരേ, കളിയല്ല, സത്യമായിട്ടു ഞാൻ കുഴങ്ങി വശായി.

ഭിന്നിച്ച കൃത്യദ്വയമങ്ങുമിങ്ങു-
മൊന്നിച്ചു ചെയ്യാൻ കഴിയായ്കമൂലം
കുന്നിൽത്തടഞ്ഞാൽ പുഴയെന്നപോലെ
മന്ദിച്ചു രണ്ടായ്പ്പിരിയുന്നു ചിത്തം.

(ആലോചിച്ചിട്ടു്) തോഴരേ, അമ്മമാർ അങ്ങേ പുത്രനായിട്ടാണ് സ്വീകരിച്ചിരിക്കുന്നതു്. അതിനാൽ അങ്ങു് ഇവിടെനിന്ന് മടങ്ങി തപസ്വികാര്യത്തിൽ എനിക്കുള്ള ബദ്ധപ്പാടു് അറിയിച്ച് അവർക്ക് പുത്രകാര്യം അനുഷ്ഠിക്കണം.

വിദൂഷകൻ: എനിക്കു രാക്ഷസന്മാരെ ഭയമാണെന്നു മാത്രം വിചാരിച്ചുപോകരുതു്.

രാജാവ്: ഐ! എങ്ങേപ്പറ്റി അങ്ങനെ ശങ്കിക്കാനിടയില്ലല്ലോ.

വിദൂഷകൻ: എന്നാൽ, മഹാരാജാവിന്റെ അനുജനെപ്പോലെതന്നെ എന്നെ പറഞ്ഞയയ്ക്കണം.

രാജാവ്: തപോവനവാസികൾക്കു ശല്യത്തിനിടകൂടാതെ കഴിക്കണമല്ലോ. പരിവാരങ്ങളെയെല്ലാം അങ്ങേ ഒരുമിച്ച് അയച്ചുകളയാം.

വിദൂഷകൻ: എന്നാൽ, ഞാനിന്നു യുവരാജാവായിച്ചമഞ്ഞു.

രാജാവ്: (വിചാരം) ഇയാളൊരു വിടുവായനാണ്; എന്റെ ഇപ്പോഴത്തെ മനോരാജ്യങ്ങൾ അന്തഃപുരത്തിൽച്ചെന്നു പ്രസ്താവിച്ചു എന്നുവരാം. ഇരിക്കട്ടെ, ഇയാളോടിങ്ങനെ പറയാം. (വിദൂഷകനെ കൈയ്ക്കു പിടിച്ചുകൊണ്ടു് വെളിവായി) തോഴരേ, മഹർഷിമാരിലുള്ള ഗൗരവം വിചാരിച്ചാണ് ഞാൻ ആശ്രമത്തിലേക്കു പോകുന്നതു്; തപസ്വികന്യകയുടെ പേരിൽ പരമാർത്ഥമായിട്ടും എനിക്കു അനു

രാഗം ഒന്നും ഇല്ല. നോക്കു
സ്മരകഥയറിയാതെ മാൻകിടാങ്ങൾ-
ക്കരികിൽ വളർന്നവൾ ഞാനുമെങ്ങനെചേരും?
അരുളി കളിവചസ്സു തോഴരേ, ഞാൻ;
കരുതരുതായതു കാര്യമായ് ബ്ഭവാനും.

വിദൂഷകൻ: അങ്ങനെതന്നെ.

(എല്ലാവരും പോയി.)

മൂന്നാം അങ്കം

വിഷ്കംഭം

അനന്തരം ദർഭയെടുത്തുകൊണ്ട് യജമാനശിഷ്യൻ പ്രവേശിക്കുന്നു

ശിഷ്യൻ : അമ്പ! ദുഷ്ഷന്തമഹാരാജാവ് മഹാനുഭാവൻതന്നെ. അദ്ദേഹം ആശ്രമത്തിൽ പ്രവേശിച്ചമാത്രയിൽ ഞങ്ങൾക്കു കർമ്മവിഘ്നങ്ങളെല്ലാം നീങ്ങിയിരിക്കുന്നു. <poem>

ഉഗ്രഹുംകൃതികണക്കു വില്ലിൽനി -
നുദ്ഗമിച്ച ഗുണഘോഷമൊന്നുതാൻ
ഭഗ്നമാക്കി മഖവിഘ്നമൊക്കവേ
മാർഗ്ഗണം വിടുകിലെന്തഹോ! കഥ?

ഇനി വേദിസംസ്തരണത്തിനുള്ള ഈ ദർഭപ്പുല്ല് ഋത്വിക്കുകൾക്ക് കൊണ്ടുചെന്നു കൊടുക്കാം. (ചുറ്റ് നടന്നുനോക്കി ആകാശത്തിൽ ലക്ഷ്യം ബന്ധിച്ച്) പ്രിയംവദേ, ആർക്കാണ് ഈ രാമച്ചം അരച്ചതും ഇലകളയാത്ത താമരവളയങ്ങളും കൊണ്ടുപോകുന്നത്? കേട്ടതായി നടിച്ച്) എന്തുപറയുന്നു.? വെയിൽ കൊള്ളുകയാൽ ശകുന്തളയ്ക്കു വളരെ സുഖക്കേടായിരിക്കുന്നു; അവളുടെ ഉഷ്ണശാന്തിക്കായിട്ട് എന്നോ? എന്നാൽ, ശീതോപചാരങ്ങൾ ജാഗ്രതയായി ചെയ്യണം; അവൾ കുലപതിയുടെ പ്രാണനാണ്; ഞാനും അവൾക്കു യാഗതീർത്ഥം ഗൗതമിവശം കൊടുത്തയയ്ക്കാം. (പോയി)

അങ്കാരംഭം [അനന്തരം കാമുകാവസ്ഥയിലിരിക്കുന്ന രാജാവ് പ്രവേശിക്കുന്നു]

രാജാവ് : (നെടുവീർപ്പിട്ടിട്ട്)

അറിവേൻ തപഃപ്രഭാവം
പരവതിയക്കന്യയെന്നുമോർക്കുന്നേൻ;
കരളോ പിന്നിവളിൽത്താൻ
പിരിയാനരുതാതെ പതിയുന്നു.

(കാമപീഡ നടിച്ചുകൊണ്ട്) മന്മഥഭഗവാനേ, അങ്ങും ചന്ദ്രനും വിശ്വസ്ത വേഷം കെട്ടിക്കൊണ്ട് കാമിജനങ്ങളെ ചതിക്കുന്നുവല്ലോ. എങ്ങനെയെന്നാൽ,

സ്മര,കുസുമശരൻ നീ ഇന്ദുശീതാംശുവെന്നും,
പറവതു പൊളിയെന്നേ മദ്വിധന്മാർ ധരിപ്പൂ;
എരികനൽ പനിതന്നിൽ ചേർത്തിവൻ പൂനിലാവാൽ -
ച്ചൊരിയു;മരിയ വജ്രംപോലെ പൂവമ്പു നീയും

(ഖേദഭാവത്തോടെ ചുറ്റി നടന്നിട്ട്) ഇപ്പോളത്തെ യാഗകർമ്മങ്ങൾ അവസാനിക്കയാൽ സദസ്യന്മാർ എന്നെ വിശ്രമിക്കാൻ അനുവദിച്ചിരിക്കുന്നു; ഇനി

ഇവിടെ ഇരുന്ന് എന്തു വിനോദംകൊണ്ടാണ മുഷിച്ചൽ തീർക്കേണ്ടത്? (നെടു വീർപ്പിട്ടിട്ട്) പ്രിയയെച്ചെന്നു കാണുകയല്ലാതെ വേറൊരു ഗതിയും കാണുന്നില്ല. അവളെത്തന്നെ കണ്ടുപിടിക്കാൻ നോക്കാം. (സൂര്യനെ നോക്കീട്ട്) ഈ വെയിൽ കടുക്കുന്ന ഉച്ചസമയത്ത് ശകുന്തള സഖിമാരുമൊന്നിച്ച് മാലിനീതീരത്തിലെ വള്ളിക്കുടിലുകളിലാണ് ഇരിക്കുക പതിവ്; അങ്ങോട്ടുതന്നെ പൊയ്ക്കളയാം. (ചുറ്റിനടന്ന് സ്പർശസുഖം നടിച്ചിട്ട്) ഇവിടം നല്ല കാറ്റുള്ള പ്രദേശമാണല്ലോ!

തരമുണ്ടു, മാലിനിയിലെ -

ച്ചെറുശീകരവും സരോഗസൗരഭ്യവും

ചൊരിയുന്നതെന്നലിവിടെ

സ്മരതാപമിയന്ന മേനിമേല്പ്പുണരാൻ.

(പിന്നെയും ചുറ്റിനടന്നു നോക്കീട്ട്) ആറ്റുവഞ്ചിക്കു നടുക്കുള്ള ഈ ലതാമണ്ഡപ ത്തിലായിരിക്കണം, ശകുന്തള. എന്തുകൊണ്ടെന്നാൽ,

മുൻഭാഗമൊട്ടുയർന്നും

പിൻഭാഗം ജഘനഭാരനതംആയും

ചേവടികളുണ്ടു കാണ്മാ -

നവിടെപ്പുതുതായ്പ്പതിഞ്ഞു വെണ്മണലിൽ.

ഈ മരക്കാലുകളുടെ ഇടയിൽക്കൂടി നോക്കാം. (അങ്ങനെ ചെയ്തിട്ട്) ആവൂ ! കണ്ണിന് ആനന്ദമായി ; ഇതാ, എന്റെ പ്രിയതമ പാറപ്പുറത്ത് പൂമെത്ത വിരിച്ചു കിടക്കുന്നു. സഖിമാർ അടുത്തിരുന്നു ശുശ്രൂഷിക്കുന്നുമുണ്ട്. ആകട്ടെ, ഇവരുടെ സ്വൈര്യസംഭാഷണം കേൾക്കാം. (നോക്കിക്കൊണ്ട് നിൽക്കുന്നു)

അനന്തരം മുൻചൊന്നമട്ടിൽ സഖിമാരും ശകുന്തളയും പ്രവേശിക്കുന്നു

സഖിമാർ : (ശകുന്തളയെ വീശിക്കൊണ്ട് സ്നേഹത്തോടുകൂടി) തോഴി ശകു ന്തളേ, ഈ താമരയിലകൊണ്ടു വീശീട്ട് നിനക്കു സുഖം തോന്നുന്നുണ്ടോ?

ശകുന്തള : തോഴിമാർ എന്നെ വീശുന്നുണ്ടോ? (സഖിമാർ വിഷാദത്തോടെ അന്യോന്യം നോക്കുന്നു.)

രാജാവ് : ശകുന്തളയുടെ സുഖക്കേടു ബലപ്പെട്ടിരിക്കുന്നു എന്നു തോന്നുന്നു ; ഇതു വെയിൽനിമിത്തമോ അതോ മന്മഥൻനിമിത്തമോ ? രണ്ടുപ്രകാരവും എനിക്കു തോന്നുന്നുണ്ട്. (സൂക്ഷിച്ചുനോക്കീട്ട്) അല്ലെങ്കിൽ സംശയിക്കാനില്ല,

കൈത്തണ്ടിൽ ശ്ലഥമാം മൃണാളവലയം,

മാറത്തു രാമച്ചവും

ചാർത്തീട്ടുള്ളൊരു മേനിയെത്ര സുഭഗം

താപാർത്തമാണെങ്കിലും

തോന്നാം ഗ്രീഷ്മജവും സ്മരോദ്ഭവവുമാം
സന്താപമിങ്ങൊന്നുപോ -
ലെന്നാലങ്ഗനമാരിലാതപരുജ -
യ്ക്കിക്കാന്തി കാണായ്‌വരാ .

പ്രിയംവദ : (സ്വകാര്യമായി) അനസൂയേ, ആ രാജർഷിയെ ആദ്യമായിക്കണ്ടതു മുതൽ ശകുന്തളയ്ക്ക് ഒരു മനോരാജ്യത്തിന്റെ മട്ടു കാണുന്നുണ്ട്. അതുനിമിത്തംതന്നെ ആയിരിക്കുമോ ഈ സുഖക്കേട് ?

അനസൂയ : എനിക്കും സംശയമുണ്ട്. ഇരിക്കട്ടെ, ചോദിക്കാം. (വെളിവായിട്ട്) തോഴീ, നിന്നോടൊരു സങ്ഗതി ചോദിക്കേണ്ടിയിരിക്കുന്നു. നിനക്കു താപം കുറെ അധികം കാണുന്നല്ലോ.

ശകുന്തള : (കിടക്കയിൽനിന്നു പാതി എഴുനേറ്റിട്ട്) സഖീ ! നീ എന്താണു പറയാൻ വിചാരിക്കുന്നത് ?

അനസൂയ : തോഴി ശകുന്തളേ, മന്മഥവൃത്താന്തത്തെപ്പറ്റി ഒന്നും ഞങ്ങൾക്കു നല്ല രൂപമില്ല ; എന്നാൽ ഇതിഹാസങ്ങളിൽ കാമിജനങ്ങളുടെ അവസ്ഥയെക്കുറിച്ച് ഏതുവിധം കേട്ടിട്ടുണ്ടോ അതുവിധം ഒരവസ്ഥ നിനക്കു കാണുന്നു. പറയൂ ! നിന്റെ ഈ സന്താപത്തിനു കാരണമെന്താണ് ? രോഗം ശരിയായറിയാതെ ചികിത്സയരുതല്ലോ.

രാജാവ് : എന്റെ ഊഹംതന്നെ അനസൂയയ്ക്കും ഉണ്ടായി ; എനിക്കു സ്വാർത്ഥം കൊണ്ടു തോന്നിയതല്ല.

ശകുന്തള : (വിചാരം) എന്റെ മനോരഥം പുറത്താകരുതെന്ന് എനിക്കു വലിയ നിർബന്ധമുണ്ട്; ഇവരോടുപോലും തുറന്നു പറഞ്ഞുകളയാൻ എനിക്കു മനസ്സുവരുന്നില്ല.

പ്രിയംവദ : തോഴി, ഇവൾ പറയുന്നതു ശരിയാണ്. നിന്റെ സുഖക്കേട് നീ എന്താണ് വകവയ്ക്കാത്തത്? ദിവസംപ്രതി നിനക്കു ക്ഷീണം വർദ്ധിക്കുന്നുവല്ലോ; ലാവണ്യംകൊണ്ടുള്ള കാന്തിവിശേഷം മാത്രം പോയിട്ടില്ലെന്നേയുള്ളൂ.

രാജാവ് : പ്രിയംവദ പറഞ്ഞതു പരമാർത്ഥംതന്നെ.

ഒട്ടി ഹന്ത! കവിൾത്തടം കുചമതിൽ -
ക്കാഠിന്യമസ്പഷ്ടമായ്,
തട്ടി വാട്ടമരയ്ക്കു; തോളുകൾ തുലോം
താഴ്ന്നു; വിളർത്തുനിറം;
കോട്ടം മന്മഥനാലണഞ്ഞിടുകിലും
തന്വങ്ഗി രമ്യാങ്ഗിതാൻ
കോടക്കാറ്റടിയേറ്റു വെള്ളില കൊഴി -

ഞ്ഞിട്ടുള്ള വാസന്തിപോൽ.

ശകുന്തള : തോഴി, മറ്റാരോടു ഞാൻ പറയേണ്ടു ? പക്ഷേ, നിങ്ങളെ എനിക്കു ശ്രമപ്പെടുത്തേണ്ടിവരുന്നു.

സഖിമാർ : അതിനാൽതന്നെയാണു നിർബന്ധം. പങ്കുകൊള്ളുന്ന സ്നേഹിതരിൽ വീതിച്ചുതീർന്നാൽ ദുഃഖത്തിന്റെ തീവ്രതയ്ക്കു കുറവുവരണമല്ലോ.

രാജാവ് : ഉൾക്കേടെന്തന്ന ചോദ്യം സൗഖവുമസുഖവും
പങ്കുകൊള്ളുന്നൊരാൾതാൻ
സോത്കണ്ഠം ചെയ്കയാലച്ചടുലമിഴി കഥി –
ക്കാതിരിക്കില്ല തത്ത്വം.
നോക്കീട്ടുണ്ടാസ്ഥയോടേ പലകുറിയിവളീ –
യെന്നെയെന്നല്പമയ്യോ !
തത്കാലത്തേക്കിളക്കം കരളിനിവളുര –
യ്ക്കുന്നതെന്തെന്നു കേൾപ്പാൻ.

ശകുന്തള : സഖി, തപോവനത്തിന് രക്ഷിതാവായ ആ രാജർഷിയെ എന്ന് എനിക്ക് കാണാൻ ഇടയായോ, അന്നുമുതൽ അദ്ദേഹത്തിന്റെ പേരിലുള്ള അഭിലാഷംകൊണ്ടു ഞാൻ ഈ അവസ്ഥയിലായി.

രാജാവ് : (സന്തുഷ്ടത്തോടെ) കേൾക്കേണ്ടതു കേട്ടു.)
സന്താപമേകാന്തമകറ്റുവാനും
ചെന്താർശരൻ താനൊരു ഹേതുവായി;
ഇക്കണ്ട ലൊകത്തിനു വർഷമേകാൻ
കാർക്കൊണ്ടെഴും വാസരമെന്നപോലെ.

ശകുന്തള : അതുകൊണ്ടു നിങ്ങൾക്കു സമ്മതമാണെങ്കിൽ ആ രാജർഷിക്ക് എന്റെ പേരിൽ ദയ തോന്നത്തക്കവണ്ണം പ്രവർത്തിക്കണം; അല്ലാത്തപക്ഷം, താമസിയാതെ നിങ്ങൾക്ക് എന്റെ ഉദകക്രിയ ചെയ്യേണ്ടിവരും.

രാജാവ് : സംശയം തീർത്തുതന്നെ പറഞ്ഞു.

പ്രിയംവദ : (സ്വകാര്യമായിട്ട്) അനസൂയേ, ഇവൾക്കു കാമാവസ്ഥ മൂർച്ഛിച്ചുകഴിഞ്ഞു; ഇനി കാലതാമസം പാടില്ല. ഇവളുടെ അഭിലാഷം പ്രവർത്തിച്ചത് പൂരുവംശത്തിനലങ്കാരഭൂതനായ ആളിലുമാണല്ലോ. അതിനാൽ നാം അതിനെ അഭിനന്ദിക്കണം.

അനസൂയ : (സ്വകാര്യമായിട്ട്) നീ പറഞ്ഞതു ശരിതന്നെ. (വെളിവായിട്ട്) ഭാഗ്യവശാൽ ഉചിതമായിട്ടുതന്നെയാണു നിനക്ക് ആഗ്രഹം തോന്നിയത്. മാഹാനദി സമുദ്രത്തിലല്ലാതെ ചെന്നുചേരുമോ ?

പ്രിയംവദ : തളിർത്തിരിക്കുന്ന മുല്ലവള്ളിയെ തേന്മാവല്ലാതെ കൈക്കൊള്ളുമോ

?

രാജാവ് : വിശാഖാനക്ഷത്രം രണ്ടും ചന്ദ്രലേഖയെ അനുവർത്തിക്കുന്നതിൽ ആശ്ചര്യം വല്ലതുമുണ്ടോ?

അനസൂയ : സഖിയുടെ മനോരഥം താമസിയാതെയും ഗൂഢമായും സാധിക്കുന്നതിന് എന്താണുപായം ?

പ്രിയംവദ : ഗൂഢമെന്ന സംഗതിയിൽ ആലോചിപ്പാനുണ്ട്; ശീഘ്രമെന്നത് എളുതാണ്.

അനസൂയ : അതെങ്ങനെ ?

പ്രിയംവദ : ആ രാജർഷി ഇവളെ സ്നേഹഭാവത്തോടെ നോക്കിക്കൊണ്ട് അഭിലാഷം സൂചിപ്പിക്കാറുണ്ട്. ഈയിടെ അദ്ദേഹത്തിന് ഉറക്കച്ചടവും കാണുന്നു.

രാജാവ് : ശരി! എന്റെ അവസ്ഥ ഇങ്ങനെതന്നെ ആയിത്തീർന്നിരിക്കുന്നു.

കൈത്തണ്ടിൽച്ചേർത്ത ഗഢ്ഗംവഴിയിരവുകളിൽ
പാരമുഷ്ണിച്ച കണ്ണീ –
രുൾത്താപത്താലൊലിച്ചിട്ടൊളിതെളിവുകുറ –
ഞ്ഞുള്ള രത്നങ്ങളോടെ
സ്വസ്ഥാനംവിട്ടു തട്ടാതരിയഗുണകിണ –
ഗ്രന്ഥിയിൽപ്പോലുമൂരി –
പ്പേർത്തും താഴുന്ന തങ്കത്തരിവള മുകളിൽ –
ച്ചേർത്തിടുന്നേൻ സദാ ഞാൻ.

പ്രിയംവദ : (ആലോചിച്ചിട്ട്) എന്നാൽ അദ്ദേഹത്തിനൊരു കാമലേഖനം എഴുതുക. അതു ഞാൻ പൂവിൽ പൊതിഞ്ഞു പ്രസാദം കൊടുക്കുന്ന കൂട്ടത്തിൽ അദ്ദേഹത്തിന്റെ കൈയിൽ എത്തിക്കാം.

അനസൂയ : എനിക്കു നന്നേ ബോധിച്ചു. നല്ല ഉപായം; ഒരു പ്രയാസവുമില്ല. ശകുന്തളയ്ക്കെന്താണഭിപ്രായം ?

ശകുന്തള : നിങ്ങളുടെ തീർച്ചയിൽ എനിക്ക് മറിച്ചുണ്ടോ ?

പ്രിയംവദ : എന്നാൽ, തന്റെ സ്ഥിതി കാണിച്ച് ഒരു ലളിതമായ ശ്ലോകം ഉണ്ടാക്കാൻ ആലോചിക്കൂ !

ശകുന്തള : ആലോചിക്കാം ; എന്നാൽ അദ്ദേഹം തള്ളിക്കളഞ്ഞാലോ എന്നു പേടിച്ച് എന്റെ മനസ്സു പിടിയ്ക്കുന്നു.

രാജാവ് : ഊഹിക്കുന്നീ നിരസനമെവൻ
ചെയ്‌വതായ്ക്കാതരേ ! നീ
മോഹിച്ചായാളിഹ ഭവതിയെ –
ത്താനിതാ കാത്തുനില്പൂ

ആശിച്ചാൽ ശ്രീയൊരുവനു ലഭി -
ച്ചെന്നുമില്ലെന്നുമാവാം;
താനാശിച്ചാലൊരുവനെയവൻ
ശ്രീക്കു ദുർല്ലഭ്യനാമോ ?

സഖിമാർ : നിന്റെ ഗുണങ്ങളെ നീ അവമാനിക്കുകയാണ് ! ശരീരസുഖത്തിനുള്ള ശരച്ചന്ദ്രികയെ ആരെങ്കിലും മുണ്ടിന്റെ തുമ്പുകൊണ്ടു മറയ്ക്കുമോ ?

ശകുന്തള : (പുഞ്ചിരിയോടെ) നിങ്ങളുടെ വരുതിപോലെയാവാം (ഇരുന്നാലോചിക്കുന്നു.)

രാജാവ് : ഇമ ചിമ്മുന്നതിനുകൂടി മറന്നു ഞാൻ എന്റെ പ്രിയതമയെ നോക്കുന്നത് ഒട്ടും അസ്ഥാനത്തിലല്ല. എന്തെന്നാൽ,

കളഭാഷിണി ചില്ലിയൊന്നുയർത്തീ -
ട്ടുളവാക്കാനൊരു പദ്യമോർത്തിടുമ്പോൾ
പുളകോദ്ഗമമിക്കവിൾത്തടത്തിൽ
തെളിയിക്കുന്നിതു ഹന്ത ! രാഗമെന്നിൽ.

ശകുന്തള : ഞാൻ ശ്ലോകം ആലോചിച്ചുവച്ചിരിക്കുന്നു. എഴുത്തുസമാനമൊന്നും ഇവിടെ ഇല്ലല്ലോ.

പ്രിയംവദ : കിളിയുടെ വയറുപോലെ മിനുസമായ ഈ താമരയിലയിൽ നഖംകൊണ്ടെഴുതാം.

ശകുന്തള : (പറഞ്ഞതുപോലെ ചെയ്തിട്ട്) തോഴിമാരേ, അർത്ഥം യോജിച്ചുവോ എന്ന് നോക്കുവിൻ !

സഖിമാർ : ഞങ്ങൾ ശ്രദ്ധിച്ചുകേൾക്കാം.

സകുന്തള : (വായിക്കുന്നു.)

നിന്നുടെ ചിത്തമറിഞ്ഞി -
ല്ലെന്മനമോ മാരദേവനിരവുപകൽ
നിർദ്ദയ, നീറ്റുന്നു തുലോ
നിങ്കൽച്ചേരും, മനോരഥംമൂലം.

രാജാവ് : (ത്ധടിതി അടുത്തുചെന്ന്)

നിന്നെക്കാശാംഗി, മദനൻ ബത! നീറ്റിടുന്നു;
പിന്നെന്നെയോ സപദി ചുട്ടുപൊടിച്ചീടുന്നു;
ചന്ദ്രന്നു വാസരകൃതം ക്ലമമെത്രമാത്രം
കുന്നിക്കുമത്രവരികില കുമുദ്വിതിക്ക്.

സഖിമാർ : (രാജാവിനെക്കണ്ടു സന്തോഷത്തോടെ എഴുന്നേറ്റ്) കൈയോടെ ഫലിച്ച സഹിയുടെ മനോരഥത്തിനു സ്വാഗതം !

(ശകുന്തള എഴുന്നേൽക്കാൻ ഭാവിക്കുന്നു.)

രാജാവ് : വേണ്ട! വേണ്ട! ശ്രമപ്പെടരുത്.

വിലുളിതവിസവാസനയേ -
റ്റലർമെത്തയിലെസ്സുമങ്ങളും പറ്റി
സ്ഫുടതാപമാസ്ത്തുളരുമീ -
യുടൽകൊണ്ടുപചാരമാചരിക്കരുതേ.

അനസൂയ : ഈ പാറയുടെ ഒരു ഭാഗത്തിരുന്നു തോഴർ അതിനെ അലങ്കരിക്കണം.

(രാജാവ് ഇരിക്കുന്നു. ശകുന്തള ലജ്ജിക്കുന്നു.)

പ്രിയംവദ : നിങ്ങൾക്ക് രൺറ്റുപേർക്കും അന്യോന്യാനുരാഗം പ്രത്യക്ഷമാണ്. സഖീസ്നേഹമാകട്ടെ, എന്നെക്കൊണ്ട് പിഷ്ടപേഷം ചെയ്യിക്കുന്നു.

രാജാവ് : ഭദ്രേ, ഇതു തടുക്കാവതല്ല. പറവാൻ തോന്നുന്നതു പറയാഞ്ഞാൽ പശ്ചാപത്തിനിടവരും.

പ്രിയംവദ : പ്രജകളിൽ ഒരാൾക്ക് ഒരാപത്തു നേരിട്ടാൽ അതു തീർത്തു രക്ഷിക്കയത്രേ നിങ്ങളുടെ ധർമ്മം.

രാജാവ് : ഇതിനേക്കാൾ ഉപരി മറ്റൊന്നും ഇല്ല.

പ്രിയംവദ : എന്നാൽ, അങ്ങുനിമിത്തമായി ഞങ്ങളുടെ ഈ പ്രിയസഖിയെ മന്മഥഭഗവാൻ ഈ അവസ്ഥയിലാക്കിയിരിക്കുന്നു; ഇവളെ അനുഗ്രഹിച്ചു പ്രാണരക്ഷ ചെയ്യണം.

രാജാവ് : ഭദ്രേ, ഈ പ്രാർത്ഥന ഇരുഭാഗക്കാർക്കും ഒന്നുപോലെയത്രേ! എല്ലാംകൊണ്ടും എനിക് അനുഗ്രഹമായി.

രാജാവ് : അനന്യഗതിയെന്മനസ്സിതു മറിച്ചു ശങ്കിക്കൊലാ;
നിനയ്ക്കുക നിനക്കിരിപ്പനിശമെന്റെ ഹൃത്തിങ്കലേ;
അനന്യജശരങ്ങളാൽ നിഹതനായൊരീയെന്നെ നീ
പുനശ്ച നിഹനിക്കൊലാ പഴിചമച്ചുരച്ചീവിധം.

അനസൂയ : സഖേ, രാജാക്കന്മാർക്കും ഭാര്യമാർ അസ്ംഖ്യം ഉണ്ട്. എന്നാണ് കേളി.; ഞങ്ങളുടെ ഈ തോഴിയെപ്പറ്റി ബന്ധുജനങ്ങൾക്കു ശ്ചിക്കാനിടവരാത്ത വിധത്തിൽ അങ്ങു നിർവ്വഹിക്കണം.

രാജാവ് : ഭദ്രേ, എന്തിനേറെപ്പറയുന്നു?
കളത്രമെത്രയായാലും കുലത്തിന്നുന്ന രണ്ടുതാൻ ;
ഒന്നബ്ധികാഞ്ചിയാമൂഴി, മറ്റതീയുറ്റത്ഴിയും

സഖിമാർ : ഞങ്ങൾക്കു തൃപ്തിയായി.

പ്രിയംവദ : (ചുറ്റി നോക്കിക്കൊണ്ട്) അനസൂയേ , ഇതാ ഈ മാൻകുട്ടി

അങ്ങോട്ടും ഇങ്ങോട്ടും തനിയെ അന്ധാളിച്ചുനോക്കുന്നു. തള്ളയെ കാണാഞ്ഞിട്ടായിരിക്കണം. വരൂ നമുക്ക് അതിനെ തള്ളയുടെ അടുക്കൽ കൊൺറ്റുചെന്നു വിടാം.

(രണ്ടുപേരും പോകുന്നു.)

ശകുന്തള : എനിക്കു തുണയില്ലല്ലോ; ആരെങ്കിലും ഒരാൾ പോയാൽ മതി.

സഖിമാർ : ഭൂമിയൊട്ടുക്ക് തുണയായുള്ള ആളല്ലയോ നിന്റെ അടുക്കൽ ഉള്ളത്? (പോയി.)

ശകുന്തള : അല്ലാ, പൊയ്ക്കളഞ്ഞോ?

രാജാവ് : പരിഭ്രമിക്കേണ്ട! ശുശ്രൂഷയ്ക്കു വേണ്ടുന്ന ആൾ അടുത്തുതന്നെ ഉണ്ട്.

നീർത്തുള്ളിയാർന്ന കുളിർകാറ്റെഴുമാലനട്ടം
ചാർത്തേണമോ സുഖദമാം നളിനീദളത്താൽ ?
ചെന്താരിനൊത്ത ചരണം മടിയിൽ കരേറ്റി -
ച്ചിത്തത്തിനൊത്ത കരഭോരു, തലോടനോ ഞാൻ.

ശകുന്തള: മാന്യന്മാരെക്കൊൺറ്റു വിടുപണി എടുപ്പിച്ചിട്ടുള്ള കുറ്റം എനിക്കു വന്നുകൂടാ. (എഴുന്നേറ്റു പോകാൻ ഭാവിക്കുന്നു.)

രാജാവ് : സുന്ദരീ, വെയിലാറീട്ടില്ല. നിന്റെ ശരീരസ്ഥിതിയും ഈവിധം ഇരിക്കുന്നു.

മലർമെത്ത വെടിഞ്ഞു, മാറിടം നീ
കമലത്തിൻ ദളപാളികൊൺറ്റു മൂടി,
തിയിൽമെത്തിടുമങ്ഗകങ്ങളോടേ
വെയിലത്തങ്ങു ഗമിക്ക യുക്തമാണോ

(തടഞ്ഞുനിറുത്തുന്നു.)

ശകുന്തള : പൗരവ, മര്യാദ ലംഘിക്കരുത്; കാമപാരവശ്യം ഇരുന്നാലും എന്റെ ആത്മാവ് എനിക്കു സ്വാധീനമല്ല.

രാജാവ് : ഭയശീലേ, ഗുരുജനങ്ങളെ ഓർത്തു നീ ഭയപ്പെടേണ്ട. സങ്ഗതിയെറിയുമ്പോൾ ധർമ്മജ്ഞനായ കുലപതി നിറ്റെ പേരിൽ ഒരു തെറ്റും ആരോപിക്കയില്ല. അത്രതന്നെയുമല്ല,

ഗാന്ധർവ്വമായുൾല വിവാഹബന്ധം
സന്ധിച്ച രാജർഷി കുമാരിമാരെ
പണ്ടുള്ള നാളും നിജബന്ധുവർഗ്ഗം
കൊണ്ടാടിയെന്നായ്പ്പല കേൾവിയുണ്ട്.

ശകുന്തള : ആകട്ടെ, ഇപ്പോൾ എന്നെ വിടണം. സഖിമാരോടു ഞാൻ ഒരിക്കൽക്കൂടി ചോദിച്ചുകൊള്ളട്ടെ!

രാജാവ് : എന്നാൽ വിട്ടയയ്ക്കാം.

ശകുന്തള : എപ്പോൾ ?

രാജാവ് : മധുത്രുഷിതമാം പുതു പ്രസൂനം

വിധുരൻ ഭൃങ്ഗകിശോരനെന്നപോലെ

അവരിക്ഷതചാരുശോഭനേ, നി -

ന്നധരം ഞാൻ സദയം നുകർന്നുതീർന്നാൽ.

(മുഖം ഉയർത്താൻ ഭാവിക്കുന്നു.) (ശകുന്തള മുഖം തിരിച്ചുകലയുന്നു.)
അണിയറയിൽ
ചക്രവാകീ, കൂട്ടുപിരിയാൻ ഒരുങ്ങിക്കൊള്ളൂ; രാത്രി അടുത്തുവരുന്നു.

ശകുന്തള : (സംഭ്രമത്തോടുകൂടി) പൗരവ, സംശയമില്ല. എന്റെ ദേഹസ്ഥിതി അന്വേഷിക്കാൻ ആര്യഗൗതമി ഇങ്ങോട്ടുതന്നെ വരികയാണ്; ഈ വൃക്ഷത്തിനിടയിൽ മറഞ്ഞുനിൽക്കണം.

രാജാവ് : അങ്ങനെതന്നെ (മറഞ്ഞുനിൽക്കുന്നു)
അനന്തരം ജലപാത്രം എടുത്തുംകൊണ്ട് ഗൗതമിയും ഒന്നിച്ച് സഖിമാരും പ്രവേശിക്കുന്നു.

സഖിമാർ ; അമ്മേ, ഇതാ, ഇങ്ങനെ വരാം.

ഗൗതമി : (ശകുന്തളയുടെ അടുക്കൽച്ചെന്ന്) കുഞ്ഞേ, നിനക്കു സുഖക്കേടിനു കുറവുണ്ടോ?

ശകുന്തള : ഭേദമുണ്ട്.

ഗൗതമി : ഈ തീർത്ഥംകൊണ്ടു നല്ല വാശിയാകും. (ശകുന്തളയുടെ തലയിൽ തീർത്ഥം തളിച്ചിട്ട്) കുഞ്ഞേ, നേരം സന്ധ്യയാകാറായി; വരൂ! ആശ്രമത്തിലേക്കുതന്നെ പോകാം. (പുറപ്പെടുന്നു.)

ശകുന്തള : (വിചാരം) മനസ്സേ, ആഗ്രഹം സാധിക്കുന്നതിന് അവസരം തനിയെ വന്നുചേർന്നപ്പോൾ നിനക്കു ഭയംകൊണ്ടു സങ്കോചമായിരുന്നു; അതു തെറ്റിയതിന്റെശേഷം ഇപ്പോൾ പശ്ചാത്തപിക്കുന്നതെന്തിന്? (ഒന്നുരണ്ടടി നടന്നു തിരിഞ്ഞുനിന്നിട്ട്, വെളിവായി) താപശാന്തിക്കുപകരിച്ച വള്ളിക്കുടിലേ, നിന്നോടു തത്കാലം ഞാൻ യാത്രചോദിക്കുന്നു; താമസിയതെ കാണാം. (മറ്റുള്ളവരൊന്നിച്ച് ദുഃഖഭാവത്തോടെ പോയി.)

രാജാവ് : (മുൻനിന്നിടത്തു ചെന്നു നെടുവീർപ്പുവിട്ട്) ആഗ്രഹിച്ച കാര്യം സാധിക്കുന്നതിൽ എങ്ങനെയെല്ലാം വിഘ്നം വന്നു ചേരുന്നു! എനികാകട്ടെ,

വിരൽക്കൊണ്ടധരം മറച്ചു, ചേലൊ -

ടരുതേ എന്നുരചെയ്ത്, വക്ത്രപദ്മം

തരളാക്ഷി തിരിച്ചതൊന്നുയർത്താൻ

തരമായി; നുകരാൻ കഴിഞ്ഞതില്ല.

ഇനി എങ്ങോട്ടാണു പോകേണ്ടത്? അല്ലെങ്കിൽ പ്രിയതമയ്ക്കു വിശ്രമസ്ഥാനമായിരുന്ന ഈ വള്ളിക്കുടിലിൽത്തന്നെ കുറേനേരംകൂടി ഇരിക്കാം. (എല്ലായിറ്റത്തും ചുറ്റിനോക്കിയിട്ട്)

ഇക്കല്ലിൽ പുഷ്പതല്പം ദയിതതമ കിട -
ന്നിട്ടു കേടാന്നതത്രേ,
ശുഷ്കം പദ്മച്ഛേദം പിന്നിതു നഖലിപിയേ -
റ്റൊരു നൽകാമലേഖം
അക്കൈത്തണ്ടിങ്കൽനിന്നൂർന്നൊരു ബിസവളയാ -
ണിക്കിടക്കുന്നതെന്നും
നോക്കുമ്പോൾ ഞാനശക്തൻ വിട്ടുവതിനിവിടം
ശൂന്യമെന്നാലുമിപ്പോൾ.

ആകാശത്തിൽ

അല്ലയോ രാജാവേ !
സ്വൈര്യം സന്ധ്യയ്ക്കു വേണ്ടുന്നൊരു സവനവിധി -
ക്കായൊരുങ്ങിത്തുടങ്ങു -
നേരം ഹോമാഗ്നികുണ്ഡപ്രകരഭരിതമാം
യാഗശാലാന്തരത്തിൽ,
പാരം ചെമ്പിച്ച സന്ധ്യാജലധരനിരപോൽ
രൂപഭേദങ്ങളോടേ
ഘോരം രാത്രിഞ്ചരന്മാരുടെ നിഴൽനികരം
സഞ്ചരിക്കുന്നു ചാരേ.

രാജാവ് : ഇതാ ഞാൻ വന്നുകഴിഞ്ഞു.

(പോയി)

നാലാം അങ്കം

പ്രവേശകം

അനന്തരം പൂ പറിച്ചുകൊണ്ട് സഖിമാർ പ്രവേശിക്കുന്നു.

അനസൂയ: പ്രിയംവദേ, ഗാന്ധർവ്വവിധിപ്രകാരം വേളികഴിഞ്ഞ് ശകുന്തളയ്ക്ക് ഭർത്തൃസംസർഗ്ഗം ലഭിച്ചതിനാൽ എനിക്ക് മനസ്സിനു സമാധാനമായി. എങ്കിലും ഇത്രയും ആലോചിപ്പാനുണ്ട്.

പ്രിയംവദ: എന്താണ്?

അനസൂയ: യാഗകർമ്മം അവസാനിക്കയാൽ മഹർഷിമാരുടെ അനുവാദത്തോടുകൂടി രാജധാനിയിലേക്കു പോയി, അന്തഃപുരത്തിൽ ചെന്നുകൂടിയ രാജാവ് ഇവിടത്തെ വർത്തമാനം വല്ലതും ഓർക്കുന്നുണ്ടോ ഇല്ലയോ എന്നാണ്.

പ്രിയംവദ: വിശ്വസിച്ചിരിക്കു. അപ്രകാരമുള്ള മാഹാനുഭാവന്മാർക്കു പ്രകൃതിഗുണം ഇല്ലാതിരിക്കില്ല. ഇനി അച്ഛൻ വന്നു വർത്തമാനം എല്ലാം അറിയുമ്പോൾ എന്താണാവോ ഭാവം?

അനസൂയ: എനിക്കു തോന്നുന്നത് അദ്ദേഹത്തിനു സമ്മതം ആയിരിക്കും എന്നാണ്.

പ്രിയംവദ: അതെങ്ങനെ?

അനസൂയ: കന്യകയെ ഗുണവാനായ വരനു കൊടുക്കണം എന്നാണ് അച്ഛന് മുഖ്യസങ്കല്പം; അത് ഈശ്വരൻതന്നെ നടത്തുകയാണെങ്കിൽ അദ്ദേഹത്തിനു പ്രയാസം കൂടാതെതന്നെ കാര്യം സാധിച്ചുവല്ലോ.

പ്രിയംവദ: അതു ശരിയാണ്. (പൂക്കൂടയിൽ നോക്കീട്ട്) തോഴീ, പൂജയ്ക്കു വേണ്ടിടത്തോളം പൂ പറിച്ചുകഴിഞ്ഞു.

അനസൂയ: ശകുന്തളയ്ക്ക് സൗഭാഗ്യദേവതയെ അർച്ചിക്കാനുംകൂടി വേണമല്ലോ.

പ്രിയംവദ: ശരിതന്നെ. (പിന്നെയും പൂ പറിക്കുന്നു.) (അണിയറയിൽ)

ഹേ, ഞാനിതാ വന്നിട്ടുണ്ട്.

അനസൂയ : (ചെവിയോർത്തിട്ട്) അതിഥിയുടെ വിളിപോലെ തോന്നുന്നു.

പ്രിയംവദ: ശകുന്തള പർണ്ണശാലയിൽ ഉണ്ടല്ലോ.

അനസൂയ : ഇപ്പോഴത്തെ മട്ടിന് മനസ്സവിടെ ഉണ്ടയിരിക്കയില്ല. ആട്ടെ, പൂവിപ്പോൾ ഇത്ര മതി. (പുറപ്പെടുന്നു.)

(അണിയറയിൽ)

ഏ അത്രയ്ക്കായോ? അതിഥികളെ നീ അവമാനിച്ചുതുടങ്ങിയോ?-

ധ്യാനിച്ചുംകൊണ്ടവനെയറിയാ-

തൊന്നുമേ സന്തതം നീ

മാനിക്കേണ്ടും മുനിയിവിടെ ഞാൻ
വന്നതും കാണമതില്ല,
അന്ധാളിപ്പോൻ താനതു കഥയും
വിട്ടുപോകുന്നപോൽ നിൻ –
ബന്ധം നീ പോയ്പ്പറകിലുമവൻ
സർവ്വവും വിസ്മരിക്കും.

പ്രിയംവദ: അയ്യോ! കഷ്ടം, കഷ്ടം! അതുതന്നെ വന്നു കലാശിച്ചു; മനോരാജ്യക്കാരിയായ ശകുന്തള ഏതോ ഒരു മാന്യനെ പൂജിക്കാതെ തെറ്റു വരുത്തിവച്ചു. (നോക്കീട്ട്) ഏതോ ഒരാളല്ല; ഇതാ, ആ ശുണ്ഠിക്കാരൻ ദുർവ്വാസാവുമഹർഷി അങ്ങനെ ശപിച്ചിട്ട് ബദ്ധപ്പെട്ടു മടങ്ങുന്നു. അഗ്നിയില്ലേതെ ദഹിപ്പിക്കുമോ?

അനസൂയ: നീ ചെന്ന് കാല്ക്കൽ വീണ് അദ്ദേഹത്തെ തിരിയെ വിളിക്കൂ. ഞാൻ പോയി അതിഥിസത്കാരത്തിനു വേണ്ട ഒരുക്കം ചെയ്യാം.

പ്രിയംവദ: അങ്ങനെതന്നെ. (പോയി.)

അനസൂയ: (ഒന്നു രണ്ടടി നടന്നു കാലിടറീട്ട്) അയ്യോ് പരിഭ്രമിച്ചു കാലിടറീട്ട് എന്റെ കൈയ്യിൽനിന്നു പൂക്കുട വീണുപോയി. (പൂക്കൾ പെറുക്കുന്നു.)

പ്രിയംവദ: (പ്രവേശിച്ച്) കുടിലസ്വഭാവവനായ അദ്ദേഹം ആരുടെ എങ്കിലും നല്ലവാക്കു കേൾക്കുമോ? അല്പം അദ്ദേഹത്തിന് ഒരലിവ് തോന്നിക്കാനേ എനിക്കു കഴിഞ്ഞുള്ളൂ.

അനസൂയ: അദ്ദേഹത്തിന്റെ അടുക്കൽ ഇത്ര എങ്കിലും സാധിച്ചതു വലിയ കാര്യമായി. പറയൂ.

അഞ്ചാം അങ്കം

(അനന്തരം രാജാവും വിദൂഷകനും ഇരുന്നു സംസാരിക്കുന്നമട്ടിൽ പ്രവേശിക്കുന്നു)

വിദൂഷകൻ:

(ചെവിയോർത്തിട്ട്) തോഴർ സംഗീതശാലയ്ക്കുനേർക്കു ചെവിയോർക്കണം. ഒരു നല്ല പാട്ടു കേൾക്കുന്നു. കണ്ഠശുദ്ധി കേമംതന്നെ. ഹംസപദിക നൈത്തിയാരമ്മ വർണ്ണം സാധകം ചെയ്കയാണെന്നു തോന്നുന്നു.

രാജാവ്:

മിണ്ടാതിരിക്കു, കേൾക്കട്ടെ.

(അണിയറയിൽ പാടുന്നു)

പൂതുമധുരസമുണ്ടു ഭൃംഗമേ! നീ-
യതുവിധമന്നു പുണർന്ന ചൂതവല്ലി,
ചതുര! നളിനിയിൽഭ്രമിച്ചിടുന്നോ-
രിതുപൊഴുതോർമ്മയിൽനിന്നു മാഞ്ഞുപോയോ? 1

രാജാവ്:

അദ്ഭുതംതന്നെ. ആ പാട്ടിൽ രാഗം പ്രവഹിക്കുന്നു.

വിദൂഷകൻ:

ആട്ടെ, പാട്ടിന്റെ താൽപ്പര്യം മനസ്സിലായോ?

രാജാവ്:

(പുഞ്ചിരിയിട്ട്) ഒരിക്കൽ ഇവളെ എനിക്ക് വളരെ പഥ്യമായിരുന്നു. അതിനിപ്പോൾ വസുമതിദേവിയെ ഊന്നി മുള്ളു പറയുകയാണ്. മാഢവ്യ, താൻ ചെന്ന് ശകാരം കേമമായി എന്ന് ഞാൻ പറഞ്ഞതായി ഹംസപദികയോട് പറയൂ.

വിദൂഷകൻ:

സ്വാമിയുടെ കൽപ്പന.(എഴുന്നേറ്റിട്ട്) അവിടെ ചെല്ലുമ്പോൾ വല്ല ശൂപാർശയ്ക്കും വേണ്ടി നൈത്തിയാരമ്മ എന്റെ കുടുമയ്ക്ക് പിടികൂടിയാൽ, അപ്സരസ്ത്രീകളുടെ കൈവശത്തിൽ അകപ്പെട്ട വീതരാഗന് എന്നപോലെ എനിക്ക് എപ്പോഴാണ് മോക്ഷം കിട്ടുക?

രാജാവ്:

പോകൂ. കൗശലത്തിൽ സംഗതി ധരിപ്പിച്ച് പോരൂ.

വിദൂഷകൻ:

നിർവാഹമില്ലല്ലോ. (പോയി)

രാജാവ്:

(വിചാരാം) ഈ പാട്ടു കേട്ടിട്ട് എന്താണെനിക്ക് ഇഷ്ടജനവിരഹമില്ലെങ്കിലും മനസ്സിന് ബലമായ വല്ലായ്മ തോന്നുന്നത്? അഥവാ,

നല്ലോരാകൃതി കാൺകിലും മധുരമാം
ഗീതസ്വരം കേൾക്കിലും
വല്ലാതുള്ളിൽ വികാരമൊന്നു സുഖിത-
ന്മാർക്കും ജനിക്കുന്നത്,
മുജ്ജന്മങ്ങളിലുള്ള വേഴ്ച്ച വെളിവാ-
യുൾബോധമില്ലാതെതാ-
നിജ്ജീവൻ നിജവാസനാബലവശാ-
ലോർമ്മിക്കയാലാകണം.
(മനോരാജ്യത്തിന്റെ മട്ടിലിരിക്കുന്നു)
(അനന്തരം കാഞ്ചുകീയൻ പ്രവേശിക്കുന്നു)
കാഞ്ചുകീയൻ:
(നെടുവീർപ്പുവിട്ട്) എന്റെ അവസ്ഥ ഈ വിധമായല്ലോ.
അന്നിപ്പിരമ്പരമനയ്ക്കധികാരമുദ്ര-
യെന്നുള്ള ഭാവമൊടു ഞാനഴകിൽ ധരിച്ചേൻ,
ഇന്നായതിക്കിഴവനായൊരെനിക്ക് വീഴാ-
തുന്നിപ്പിടിപ്പതിനു നല്ലുപകാരമായി.

അതൊക്കെ കിടക്കട്ടെ. മഹാരാജാവിന് ധർമ്മകാര്യങ്ങളിൽ ഇടതാമസം വരുത്തുന്നത് ശരിയല്ല. എങ്കിലും, തിരുമനസ്സുകൊണ്ട് ധർമ്മാസനത്തിൽനിന്ന് ഇപ്പോൾ തിരിയെ എഴുന്നള്ളിയതേയുള്ളൂ. ഉടൻതന്നെ ചെന്ന് കണ്വശിഷ്യന്മാർ വന്നിരിക്കുന്ന വിവരം ഉണർത്തിച്ച് ശല്യപ്പെടുത്തുന്നതിന് എനിക്ക് മനസ്സുവരുന്നില്ല. അല്ലെങ്കിൽ, ലോകഭരണാധികാരത്തിന് ഒരൊഴിവും ഇല്ലല്ലോ.

കുതിരകളെയൊരിക്കൽത്തന്നെ ചേർത്താൻ രഥത്തിൽ-
ക്കതിരവ,നനിലന്നോ യാത്രതാൻ സർവ്വകാലം,
പൃഥിവിയെയൊഴിവില്ലാതേറ്റു വാഴുന്ന ശേഷൻ
പകുതിനികുതിവാങ്ങുന്നോർക്കുമോർത്താലിതല്ലോ.

ഏതായാലും കണ്വശിഷ്യന്മാരുടെ കല്പന അനുസരിക്കുകതന്നെ. (ചുറ്റിനടന്നു നോക്കിയിട്ട്) ഇതാ, എഴുന്നള്ളിയിരിക്കുന്നു.

മാലോകരെത്തനതു പുത്രരൊടൊപ്പമായി-
പ്പാലിച്ചുതീർന്നു വിജനത്തിൽ വസിച്ചിടുന്നു;
ചാലേ സ്വയൂഥ്യരെ നയിച്ചഥ ചോലനോക്കി-
ക്കാലാറ്റിടുന്ന ഗജയൂഥപനെന്നപോലെ.

(അടുത്തുചെന്ന്) മഹാരാജാവിന് വിജയം! ഇതാ ഹിമവാന്റെ താഴ്വരയിൽനിന്നുള്ള തപോവനത്തിൽനിന്നു കാശ്യപമഹർഷി പറഞ്ഞയച്ചിട്ടുള്ള വിവരം

ഉണർത്തിക്കാൻ സ്ത്രീകളുമൊരുമിച്ച് താപസന്മാർ വന്നിരിക്കുന്നു. ശേഷം കൽപ്പനപോലെ.

രാജാവ്:

(ആദരത്തോടുകൂടി) എന്ത്! കാശ്യപൻ പറഞ്ഞയച്ചവരോ?

കാഞ്ചുകീയൻ:

അതേ.

രാജാവ്:

എന്നാൽ, ആ ആശ്രമവാസികളെ വിധിപ്രകാരം സത്കരിച്ച് സ്വയമേ കൂട്ടിക്കൊണ്ടുവരുന്നതിന് ഞാൻ പറഞ്ഞയച്ചതായി പുരോഹിതൻ സോമരാതനോട് ചെന്ന് പറയൂ. ഞാനും തപസ്വികളെക്കാണ്മാൻ ഉചിതമായ സ്ഥലത്തു ചെന്നു കാത്തുനിൽക്കാം.

കാഞ്ചുകീയൻ:

കൽപ്പനപോലെ.(പോയി)

രാജാവ്:

(എഴുന്നേറ്റിട്ട്) വേത്രവതീ, അഗ്നിഹോത്രഗൃഹത്തിലേക്ക് വഴികാണിക്കൂ.

ദ്വാരപാലിക:

ഇങ്ങനെ എഴുന്നള്ളാം.

രാജാവ്:

(ചുറ്റിനടന്ന്, രാജപദവിക്കുള്ള ക്ലേശങ്ങളെ സ്മരിച്ചിട്ട്) എല്ലാ ജീവികൾക്കും തങ്ങളുടെ ആഗ്രഹം സാധിക്കുന്നതുവരെ മാത്രമേ ക്ലേശമുള്ളൂ. രാജാക്കന്മാർക്കാകട്ടെ, ആഗ്രഹം സാധിച്ചുകഴിഞ്ഞാലും സ്വൈരമില്ല.

ഔത്സുക്യത്തിനു ശാന്തിമാത്രമുളവാം
വാഴ്ച്ചയ്ക്കിടംകിട്ടിയാൽ;
പിന്നെക്കിട്ടിയ വസ്തുവിന്റെ ഭരണ-
ക്ലേശം സഹിക്കേണ്ടതായ്
രാജശ്രീ കുടയെന്നപോലെ തനിയേ
ദണ്ഡംവഹിക്കേണ്ടുകിൽ.
പ്രാജ്യശ്രാന്തിയെയാണു നൽകുവതഹോ!
വിശ്രാന്തിയെക്കാളുമേ.

(അണിയറയിൽ) സ്തുതിപാഠകന്മാർ:

മഹാരാജാവിനു വിജയം!

ഒന്നാമൻ:

തനതുസുഖവുമോർക്കാതീ ജനത്തെത്തുണയ്ക്കാൻ

ത്തുനിവതിലഥവാ നിൻ വൃത്തിയിമ്മട്ടിലത്രേ.
അനിശമരിയൊരുഷ്മാവേറ്റു വൃക്ഷം ശിരസ്സിൽ
കനിവൊടു തണൽ നന്നായാശ്രിതർക്കേകിടുന്നു.

രണ്ടാമൻ:
ശിക്ഷിക്ക നേർവഴി പിഴച്ചിടവേ, മുറയ്ക്കു
രക്ഷിക്ക ശണ്ഠകളടക്കുകയെന്നമട്ടിൽ
ബന്ധുപ്രവൃത്തികൾ നടത്തുകയിങ്ങു നീതാൻ:
ബന്ധുക്കളോ വിഭവമങ്ങു ഭുജിച്ചുകൊൾവൂ.

രാജാവ്:
നമുക്കു മനസ്സിനു വല്ലായ്മ തീർന്നു: ഉന്മേഷമായി. (ചുറ്റിനടക്കുന്നു)

ദ്വാരപാലൻ:
ഇതാ അഗ്നിഹോത്രഗൃഹം. പുതുതായി അടിച്ചുതളിച്ചു വൃത്തിയാക്കിയിട്ടിരിക്കുന്നു. അടുത്തുതന്നെ ഹോമധേനുവുമുണ്ട്. ഇറയത്തേക്ക് എഴുന്നള്ളാം.

രാജാവ്:
(കയറി പരിചാരികയുടെ തോളിൽ താങ്ങിനിന്നിട്ട്) വേത്രവതീ, എന്തുദ്ദേശിച്ചായിരിക്കും കാശ്യപഭഗവാൻ മഹർഷിമാരെ ഇങ്ങോട്ടു പറഞ്ഞയച്ചത്?
വിഘ്നത്താൽ വ്രതികൾക്കു വല്ലവിധവും
വന്നോ തപോദൂഷണം?
ചെന്നാരെങ്കിലുമാശ്രമത്തിലമരും
പ്രാണിക്കു മാലേകിയോ?
ഇന്നെൻ ദുഷ്കൃതശക്തികൊണ്ടു വിളവു-
ണ്ടാകായ്കയോ വള്ളികൾ-
ക്കെന്നോരോന്നനുമിച്ചു തീർച്ചയറിയാ-
ഞ്ഞേറെക്കുഴങ്ങുന്നു ഞാൻ.

ദ്വാരപാലൻ:
സുചരിതത്തെ അഭിനന്ദിക്കുന്ന ഋഷികൾ തിരുമേനിയോടു സന്തോഷമറിയിക്കാൻ വന്നതായിരിക്കുമെന്നാണ് അടിയനു തോന്നുന്നത്.

(അനന്തരം ശകുന്തളയെ മുൻപിൽ നടത്തിക്കൊണ്ട് ഗൗതമിയും കണ്വശിഷ്യന്മാരും, അവരെക്കൂട്ടിക്കൊണ്ടു മുൻപിലായിട്ട് പുരോഹിതന്മാരും കാഞ്ചുകീയനും പ്രവേശിക്കുന്നു)

കാഞ്ചുകീയൻ:
ഭവാന്മാർ ഇതിലേ എഴുന്നള്ളാം.

ശാർങ്ഗരവൻ: ശാരദ്വതാ,

മന്നൻ ധന്യനിവൻ സ്വധർമ്മപരനാ-
ണെന്നുള്ളതോ സമ്മതം.
മന്നിൽ പിന്നിഹ നീചർപോലുപഥം-
തന്നിൽ പ്രവർത്തിച്ചിടാ.
എന്നാലും വിജനത്തിൽ വാണിതുവരെ
ശ്ശീലിച്ചൊരെൻ ദൃഷ്ടിയിൽ-
ത്തോന്നുന്നു ജനസങ്കലം നൃപകുലം
തീജ്ജ്വാലയിൽപ്പെട്ടപോൽ.

ശാരദ്വതൻ:

ഈ രാജധാനിയിൽ പ്രവേശിച്ചപ്പോൾ അങ്ങേക്ക് ഇങ്ങനെ തോന്നിയതു ശരിതന്നെ. ഞാനും,

അഭ്യക്തനെയഭിഷിക്തൻ,
ശുചിയശുചിയെ, ആത്തനിദ്രനെ വിബുദ്ധൻ,
ബദ്ധനെ മുക്തനുമതുപോ-
ലിവിടെസ്സുഖിയാം ജനത്തെയോർക്കുന്നേൻ.

ശകുന്തള:

(നിമിത്തസൂചനം നടിച്ചിട്ട്) കഷ്ടം! എന്താണ് എന്റെ വലതുകണ്ണ് തുടിക്കുന്നത്?

ഗൗതമി:

കുഞ്ഞേ, അമംഗലം നീങ്ങട്ടെ, ഭർത്തൃകുലദേവതമാർ നിനക്കു ശ്രേയസ്സരുളും.

(എല്ലാവരും ചുറ്റിനടക്കുന്നു)

പുരോഹിതൻ:

(രാജാവിനെ ചൂണ്ടിക്കാണിച്ചിട്ട്) അല്ലയോ താപസന്മാരേ, വർണ്ണാശ്രമരക്ഷിതാവായ മഹാരാജാവിതാ, മുൻകൂട്ടിത്തന്നെ എഴുന്നേറ്റു നിങ്ങളെക്കാത്തുനിൽക്കുന്നു. ചെന്നു കാണുവിൻ!

ശാർങ്ഗരവൻ:

ഹേ, മഹാബ്രാഹ്മണാ, ഇത് അഭിനന്ദിക്കേണ്ടതുതന്നെ; എന്നാൽ, ഞങ്ങളിതു സാധാരണയായിട്ടേ വിചാരിക്കുന്നുള്ളൂ. എന്തെന്നാൽ,

മരങ്ങൾ കാറ്റേറ്റു കുനിഞ്ഞു ചാഞ്ഞിടും;
ധരിച്ച നീരം ജലദങ്ങൾ തൂങ്ങിടും,
ശിരസ്സു സത്തർക്കുയിരാ സമൃദ്ധിയാൽ;
പരോപകാരിക്കിതു ജന്മസിദ്ധമാം.

ദ്വാരപാലൻ:

തിരുമേനീ, മഹർഷിമാരുടെ മുഖഭാവം തെളിഞ്ഞിട്ടുണ്ട്. കാര്യസിദ്ധിയിൽ

അവർക്ക് വിശ്വാസമുണ്ടെന്നുതോന്നുന്നു.

രാജാവ്:

(ശകുന്തളയെ നോക്കീട്ട്) ഏ!

ആരിവൾ മൂട്ടുപടത്താ-

ലേറെത്തെളിയാത്ത ഗാത്രകാന്തിയൊടേ

മാമുനിമാരുടെ നടുവിൽ-

ക്കാമിനി തളിർപോലെ വെള്ളിലയ്ക്കുള്ളിൽ?

ദ്വാരപാലൻ:

കൗതുകം കടന്നാക്രമിച്ചിട്ട് ഒന്നും ഊഹിക്കാൻ അടിയന്റെ മനസ്സിനു ശക്തിയില്ല. ഇവളുടെ ആകൃതി നന്നായിരിക്കുന്നു എന്നു മാത്രം അറിയിക്കാം.

രാജാവ്:

ഇരിക്കട്ടെ. പരകളത്രത്തെ നോക്കിക്കൂടല്ലോ.

ശകുന്തള:

(മാറിൽ കൈവച്ചിട്ടു വിചാരം) മനസ്സേ, നീ എന്തിനു പിടയ്ക്കുന്നു! ആര്യപുത്രന്റെ ഉള്ളിലുള്ളതറിഞ്ഞിട്ട് അധൈര്യപ്പെടുക.

പുരോഹിതൻ:

(മുമ്പോട്ടു ചെന്നിട്ട്) ഈ താപസികളെ വിധിപ്രകാരം സത്കരിച്ചിരിക്കുന്നു. ഇവർ തങ്ങളുടെ ഉപാധ്യായത്തിന്റെ സന്ദേശം കൊണ്ടുവന്നിരിക്കുകയാണ്. അതിവിടെ കേൾക്കണം.

രാജാവ്:

കാത്തിരിക്കുന്നു.

ഋഷികൾ:

(കൈ ഉയർത്തിയിട്ട്) രാജാവിന് വിജയം!

രാജാവ്:

എല്ലാവരെയും ഞാൻ അഭിവാദനം ചെയ്യുന്നു.

ഋഷികൾ:

നല്ലതു വരട്ടെ.

രാജാവ്:

മഹർഷിമാർക്ക് തപസ്സ് നിർവിഘ്നമായി നടക്കുന്നുവല്ലോ!

ഋഷികൾ:

കാത്തീടവേ ഭവാൻ ധർമ്മ-

കൃത്യങ്ങൾക്കെന്തു വിഘ്നമാം?

കുതിക്കുമോ കൂരിരുട്ടു

കതിരോൻ കാന്തിചിന്തവേ.

രാജാവ്:

എനിക്ക് രാജാവെന്നുള്ള പേർ ഇപ്പോൾ അർത്ഥവത്തായി. ആകട്ടെ, കാശ്യപഭഗവാൻ ലോകാനുഗ്രഹത്തിനുവേണ്ടി സുഖമായിരിക്കുന്നുവല്ലോ.

ശാർങ്ഗരവൻ:

തപസ്സിദ്ധിയുള്ളവർക്ക് ക്ഷേമം സ്വാധീനമാണല്ലോ. അദ്ദേഹം കുശലപ്രശ്നപുരസ്സരം അങ്ങയെ ഗ്രഹിപ്പിക്കുന്നു.

രാജാവ്:

ഭഗവാന്റെ കല്പന എന്താണ്?

ശാർങ്ഗരവൻ:

എന്റെ പുത്രിയെ അങ്ങ് അന്യോന്യസമയപ്രകാരം പരിഗ്രഹിച്ചത് നിങ്ങളുടെ രണ്ടാളുടേയും പേരിൽ ഉള്ള വാത്സല്യത്താൽ ഞാൻ അനുവദിച്ചിരിക്കുന്നു. എന്തുകൊണ്ടെന്നാൽ,

പുരസ്സരൻ യോഗ്യരിൽ നീ; ശരീരിയാം
പുരസ്ക്രിയയ്ക്കൊത്തവളിശ്ശകുന്തള;
പൊരുത്തമൊപ്പിച്ചിണചേർക്കയാൽ ചിരം
പൊറുത്തതാമപ്പഴി തീർത്തു പദ്മജൻ.

അതിനാൽ ഇപ്പോൾ ഗർഭിണിയായ ഇവളെ സഹധർമ്മചരണത്തിനായി ഭവാൻ സ്വീകരിക്കണം!

ഗൗതമി:

ആര്യാ, എനിക്കും ചിലതു പറഞ്ഞാൽ കൊള്ളാമെന്നുണ്ട്. പക്ഷേ, അതിനവകാശം കാണുന്നില്ല.എങ്ങനെയെന്നാൽ,

ചിന്തിച്ചിതില്ലിവൾ ഗുരുക്കളെ; അങ്ങുമൊട്ടു
ചോദിച്ചതില്ല വധുബന്ധുജനാനുവാദം.
ബോധിച്ചപോലിരുവർ നിങ്ങൾ രഹസ്യമായി
സാധിച്ച സംഗതിയിലാരൊടെവന്നു ചോദ്യം?

ശകുന്തള:

(വിചാരം) ആര്യപുത്രൻ എന്തു പറയുമോ?

രാജാവ്:

ഇതെന്താണു പ്രസംഗിച്ചത്?

ശകുന്തള:

(വിചാരം) ഈ വാക്കു തീകോരിയിടുന്നല്ലോ!

ശാർങ്ഗരവൻ:

എന്താണെന്നോ? ലോകതന്ത്രത്തിൽ നിങ്ങൾക്കുതന്നെയല്ലയോ അധികം പരിജ്ഞാനം?

സതിയെങ്കിലും പിതൃഗൃഹത്തിൽ വാഴുകിൽ
പ്പതിയുള്ള മങ്കയെ ജനം പഴിച്ചിടും
അതിനാൽ സ്വബന്ധുജനമങ്ങു പെണ്ണിനെ-
പ്പതിയോടു ചേർത്തിടുമവൻ ത്യജിക്കിലും.

രാജാവ്:

അല്ല, ഈ സ്ത്രീയെ ഞാൻ വിവാഹംചെയ്തിട്ടുണ്ടെന്നോ!

ശകുന്തള:

(വിഷാദത്തോടെ വിചാരം) ഹൃദയമേ, ആശങ്ക ശരിയായി.

ശാർങ്ഗരവൻ:

വീഴ്ച്ചവന്നതു നിനച്ചൊരീർച്ചയോ?
പുച്ഛമോ കൃശരിൽ, മുഷ്കുതന്നെയോ?

രാജാവ്:

ഇതെന്താണ്? ഇല്ലാത്തതുണ്ടെന്ന് സങ്കല്പിച്ച് ചോദ്യംചെയ്യുന്നത്?

ശാർങ്ഗരവൻ:

വായ്ക്കുമീവക വികാരമൊക്കവേ
മിക്കവാറുമധികാരമത്തരിൽ

രാജാവ്:

എനിക്കു നല്ല ശകാരം കിട്ടി.

ഗൗതമി:

(ശകുന്തളയോട്) കുഞ്ഞേ, ക്ഷണനേരം ലജ്ജിക്കാതിരിക്കു. നിന്റെ ഈ മൂടുപടം ഞാൻ മാറ്റാം. ഭർത്താവു നിന്നെ കണ്ടറിയട്ടെ! (അങ്ങനെ ചെയ്യുന്നു.)

രാജാവ്:

(ശകുന്തളയെ സൂക്ഷിച്ചുനോക്കി വിചാരം)

വടിവിനുടവുതട്ടാതീവിധം വന്നുചേർന്നോ-
രുടലിതു തനതാണോ അല്ലയോ എന്നു കില്ലാൽ
ഹിമഭരിതമുഷസ്സിൽ കുന്ദമാർന്നോരു വണ്ടിൻ
സമതയൊടവശൻ ഞാൻ തള്ളുവാൻ കൊള്ളുവാനും.

(ആലോച്ചുകൊണ്ടുനിൽക്കുന്നു)

പരിജനങ്ങൾ:

(തങ്ങളിൽ സ്വകാര്യമായിട്ട്)തിരുമനസ്സിലേക്ക് ധർമ്മാശ്രയം കേമംതന്നെ; ഇത്രയും രൂപഗുണമുള്ള ഒരു സ്ത്രീരത്നം താനേ വന്നുചേർന്നാൽ മറ്റാരെങ്കിലും

നോക്കിക്കൊണ്ടു മടിച്ചുനിൽക്കുമോ?

ശാർങ്ഗരവൻ:

രാജാവേ, എന്താണ മിണ്ടാതെനിൽക്കുന്നത്?

രാജാവ്:

അല്ലേ തപോവന, ആലോചിച്ചുനോക്കിയിട്ടും ഞാൻ ഈ സ്ത്രീയെ സ്വീകരിച്ചതായി ഓർക്കുന്നില്ല. പിന്നെ എങ്ങനെയാണ് സ്പഷ്ടമായ ഗർഭലക്ഷണമുള്ള ഇവളെ പരദാരപ്രവേശശങ്കകൂടാതെ പരിഗ്രഹിക്കുന്നത്?

ശകുന്തള:

(വിചാരം) ഹൃദയമേ, വിവാഹസംഗതിതന്നെ ഇവിടെ തർക്കത്തിലായിരിക്കുന്നു. ഇനി എന്തിനാണ നിനക്ക് അങ്ങേയറ്റം കടന്നുള്ള മോഹങ്ങൾ?

ശാർങ്ഗരവൻ:

എന്നാൽ, വേണ്ട -

ഭാവിക്കവേണ്ടയതിനേമുറകന്യയാളിൽ
കൈവച്ച വീഴ്ച്ച വകവെച്ച മുനീന്ദ്രനോട്.
മോഷ്ടിച്ച വസ്തു വിരവോടു വിളിച്ചിണക്കി
മോഷ്ടിച്ച പൂരുഷനതാനിവനേകിയല്ലോ.

ശാരദ്വതൻ:

ശാർങ്ഗരവാ, താനിനി മതിയാക്കു! ശകുന്തളേ, ഞങ്ങൾ പറയേണ്ടത് പറഞ്ഞു. യോഗ്യനായ ഇദ്ദേഹത്തിന്റെ ഉത്തരം ഇങ്ങനെയാണ്. അടയാളവാക്കു വല്ലതുമുണ്ടെങ്കിൽ കേൾപ്പിക്കൂ.

ശകുന്തള:

(വിചാരം) അങ്ങനെയൊക്കെ ഇരുന്ന അനുരാഗം ഇത്രത്തോളം ഭേദപ്പെട്ട നിലയിൽ ഇനി ഓർമ്മിപ്പിച്ചിട്ട് എന്താണ ഫലം? ആത്മശോചനത്തിനുള്ള തുനിവാണിത്. (വെളിവായിട്ട്) ആര്യപു...(പാതിക്കുനിർത്തിയിട്ട്) വിവാഹക്കാര്യം തർക്കപ്പെട്ടിരിക്കുന്ന സ്ഥിതിക്ക് ഇതല്ലല്ലോ സംബോധനത്തിന്റെ മുറ. പൗരവ, അന്ന് ആശ്രമത്തിൽ വച്ച് പച്ചപ്പാവമായ ഈയുള്ളവളെ കള്ളസത്യംചെയ്തു ചതിച്ചിട്ട് ഈ മാതിരി വാക്കു പറഞ്ഞ് ഇപ്പോൾ നിരസിക്കുന്നത് അങ്ങേയ്ക്കു യുക്തംതന്നെ!

രാജാവ്:

(ചെവിപൊത്തിക്കൊണ്ട്) ശാന്തം പാപം!

തന്നെപ്പഴിച്ചു തനിയേ തുനിയുന്നതെന്തി-
ന്നിന്നിജ്ജനത്തിനുമധോഗതി നൽകുവാൻ നീ?
ഏറെത്തഴച്ച പുഴതാൻ സ്വയമേ കലങ്ങി-

ത്തീരത്തിലെത്തരുപുഴക്കുവതെന്നപോലെ.

ശകുന്തള:

അങ്ങിപ്പറയുന്നത് പരമാർത്ഥമായിട്ടുതന്നെ എന്നെ പരപരിഗ്രഹം എന്നു ശങ്കിച്ചിട്ടാണെങ്കിൽ ഈ അഭിജ്ഞാനംകൊണ്ട് അങ്ങേ സംശയം തീർക്കാം.

രാജാവ്:

ഉത്തമപക്ഷംതന്നെ.

ശകുന്തള:

(മോതിരവിരലിൽ തപ്പിയിട്ട്) അയ്യോ കഷ്ടം! കഷ്ടം! എന്റെ വിരലിൽ മോതിരം കാണുന്നില്ലല്ലോ. (വിഷാദിച്ചു ഗൗതമിയുടെ മുഖത്തു നോക്കുന്നു)

ഗൗതമി:

ശക്രാവതാരത്തിൽ വച്ചു ശചീതീർത്ഥത്തെ വന്ദിച്ച സമയം മോതിരം നിന്റെ വിരലിൽനിന്ന് ഊരിപ്പോയിരിക്കണം.

രാജാവ്:

(മന്ദഹാസത്തോടുകൂടി) ഇതാണു സ്ത്രീകൾക്കു കണക്കിന് ഉത്തരംതോന്നിക്കൊള്ളും എന്നു പറയാറുള്ളത്.

ശകുന്തള:

ഇതെന്റെ ദുർവ്വിധിമാഹാത്മ്യമാണ്. വേറെയൊന്നുപറയാം.

രാജാവ്:

ഇനി കേൾക്കണമെന്നായി. ആകട്ടെ, അതും ആവാം.

ശകുന്തള:

അന്നൊരു ദിവസം ആറ്റുവഞ്ചിക്കെട്ടിലിരിക്കുമ്പോൾ താമരയിലയിൽ വച്ചിരുന്ന വെള്ളം അങ്ങയുടെ കയ്യിലായിരുന്നു.

രാജാവ്:

കേൾക്കട്ടെ.

ശകുന്തള:

അപ്പോൾ ഞാൻ പുത്രനെപ്പോലെ ഭാവിച്ചുവന്ന ദീർഘാപാങ്ഗൻ എന്ന മാൻകുട്ടി അടുത്തുവന്നു. അങ്ങു കരുണതോന്നിയിട്ട് ആദ്യം ഈ മാൻകുട്ടി കുടിക്കട്ടെ എന്നുപറഞ്ഞു വെള്ളം അതിന്റെനേരെ കാണിച്ചു. പരിചയം പോരാഞ്ഞതിനാൽ അങ്ങേക്കയ്യിൽനിന്ന് അത് വെള്ളം കുടിച്ചില്ല. പിന്നീട് ആ വെള്ളംതന്നെ ഞാൻ വാങ്ങി കാണിച്ചപ്പോൾ അതു കുടിച്ചു. അപ്പോൾ അങ്ങ് എല്ലാവർക്കും അവരവരുടെ കൂട്ടുകാരിൽ വിശ്വാസമുണ്ട്; ‘രണ്ടാളും വനവാസികളാണല്ലോ’ എന്നുപറഞ്ഞ് എന്നെ പരിഹസിച്ചു.

രാജാവ്:

തങ്ങളുടെ കാര്യം കാണ്മാൻ വേണ്ടി സ്ത്രീകൾ ഈവിധം ഭംഗിയായി കെട്ടിച്ചമച്ചു പറയുന്നതുകേട്ട് വിഷയാസക്തന്മാർ അകപ്പെട്ടുപോകുന്നു.

ഗൗതമി:

മഹാനുഭാവനായ അങ്ങ് ഇങ്ങനെ പറയുന്നത് യുക്തമല്ല. തപോവനത്തിൽ വളർന്ന ഇവൾ വഞ്ചനാമാർഗ്ഗം അറിഞ്ഞിട്ടില്ല.

രാജാവ്:

അല്ലയോ വൃദ്ധതാപസീ,

വാഴ്കും സ്വതേയൊരു തിറം ജഡജന്തുവിൻ സ്ത്രീ-
വർഗ്ഗത്തിലും മനുജാതിയിലെത്രവേണ്ടു!.
മറ്റുള്ള പക്ഷികൾ മുഖാന്തിരമായി മുട്ട
മുറ്റുംവരെയ്ക്കു കുയിലിൻപിട പോറ്റിടുന്നു.

ശകുന്തള:

(കോപത്തോടെ) അനാര്യ, ശേഷം പേരും അങ്ങയെപ്പോലെ എന്നാണ് അങ്ങേക്കു ഭാവം. പുല്ലുകൊണ്ടു മറഞ്ഞ കിണർപോലെ ധർമ്മച്ചട്ടയിട്ടു മുറുക്കിയ അങ്ങയുടെ മട്ടു മറ്റാരെങ്കിലും കാട്ടുമോ?

രാജാവ്:

(വിചാരം) ഇവളുടെ ഈ കോപഭാവം എനിക്കു സന്ദേഹം ജനിപ്പിക്കത്തക്കവിധം നിർവ്യാജമായിരിക്കുന്നു.

നിഷ്കണ്ടകൻ നിഭൃതമായിനടന്ന വേഴ്ച്ച
കൈക്കൊണ്ടിടാതെയിവനിങ്ങു മറുത്തിടുമ്പോൾ
ഉൾക്കൊണ്ട കോപമിവളങ്ങു ചുളിച്ചു ചില്ലി
ചൊൽക്കൊണ്ട ചൂതശരചാപമൊടിച്ചിടുന്നോ.

(വെളിവായിട്ട്) ഭദ്രേ, ദുഷ്യന്തന്റെ ചരിത്രം പ്രസിദ്ധമാണ്; ഇതുമാത്രം കേട്ടിട്ടില്ല.

ശകുന്തള:

കൊള്ളാം! ആകെക്കൂടെ എന്നെ താന്തോന്നിയാക്കിത്തീർത്തു അല്ലേ? മുഖത്തിൽ തേനും മനസ്സിൽ വിഷവും വച്ചുകൊണ്ടിരിക്കുന്ന ഇയാളുടെ പിടിയിൽ പൂരുവംശത്തിലുള്ള വിശ്വാസംകൊണ്ട് ഞാൻ അകപ്പെട്ടുപോയല്ലോ

(വസ്ത്രത്തിന്റെ തുമ്പുകൊണ്ട് മുഖം മറച്ച് കരയുന്നു)

ശാർങ്ഗരവൻ:

സ്വയംകൃതമായ ചാപല്യം ഇങ്ങനെയാണ് തിരിഞ്ഞടിക്കുന്നത്.

അതിനാലിതുമാചരിക്ക സൂക്ഷി-
ച്ചതിലും പിന്നെ രഹസ്സിലുള്ള വേഴ്ച്ച;
സ്ഥിതിയൊന്നുമറിഞ്ഞിടാതെ ചെയ്താ-

ലിതുപോൽ ബന്ധുത ബദ്ധവൈരമാകും.

രാജാവ്:

ഈ സ്ത്രീയുടെ വാക്കുമാത്രം വിശ്വസിച്ച് നമ്മെ എന്തിനാണിങ്ങനെ സ്പഷ്ടമായി ദൂഷിക്കുന്നത്?

ശാർങ്ഗരവൻ:

(രാജാവിനെ നോക്കി അസഹ്യഭാവത്തോടെ) കേട്ടില്ലേ കീഴ മേലാക്കിപ്പറയുന്നത്?

പാരിൽപ്പിറന്നതുമുതൽ ചതിയെന്നതുള്ളിൽ-
ക്കേറാത്തൊരാൾ പറവതൊക്കെയുമപ്രമാണം;
നേരസ്ഥരായി വിലസട്ടെ പഠിത്തമെന്ന
പേരുമ്പറഞ്ഞ് പരവഞ്ചനയഭ്യസിപ്പോർ.

രാജാവ്:

ഹേ, നേരസ്ഥ, ഇതു സമ്മതിച്ചു. എന്താണുപിന്നെ ഇവളെ ചതിച്ചിട്ട് എനിക്കു കിട്ടാനുള്ളത്?

ശാർങ്ഗരവൻ:

അധോഗതി.

രാജാവ്:

പൗരന്മാർ അധോഗതിയാഗ്രഹിക്കുന്നു എന്നത് വിശ്വസിക്കത്തക്കതല്ല.

ശാരദ്വതൻ:

ശാർങ്ഗരവാ, എന്തിനു തർക്കിക്കുന്നു? ഗുരുവിന്റെ കല്പന അനുഷ്ഠിച്ചു, നമുക്കു പോകാം.

ശാർങ്ഗരവൻ:

രാജാവേ,

ഇക്കന്യ നീ വേട്ടൊരു പത്നിയത്രേ;
കൈക്കൊൾകതാൻ തള്ളുകതാൻ യഥേഷ്ടം;
പാണിഗ്രഹം ചെയ്തു പരിഗ്രഹിച്ച
പെണ്ണിന്റെമേലതിനു കോയ്മയില്ലേ?

ഗൗതമി: മുമ്പേ നടക്കു! (പുറപ്പെടുന്നു.)

ശകുന്തള:

ഈ ധൂർത്തൻ എന്നെ വഞ്ചിച്ചു. നിങ്ങളും ഉപേക്ഷിച്ചുപോകുന്നോ? (പിന്നാലെ പുറപ്പെടുന്നു)

ഗൗതമി:

(നിന്നിട്ട്) വത്സ ശാർങ്ഗരവ, ശകുന്തള വിലപിച്ചുംകൊണ്ടു നമ്മുടെ പിന്നാലെ

വരുന്നു. ഭർത്താവു കൈക്കൊള്ളാതെ പാരുഷ്യം ഭാവിക്കുന്ന സ്ഥിതിക്ക് എന്റെ മകൾ എന്തു ചെയ്യും?

ശാർങ്ഗരവൻ:

(കോപത്തോടെ തിരിഞ്ഞുനിന്നിട്ട്) ആഹാ! ദോഷം മാത്രം കണ്ടുംകൊണ്ട് നീ സ്വാതന്ത്ര്യം പ്രവർത്തിക്കുന്നോ?

(ശകുന്തള പേടിച്ചു വിറയ്ക്കുന്നു)

ശാർങ്ഗരവൻ:

ക്ഷിതിപൻ കഥിപ്പതുകണക്കുതന്നെനിൻ-
സ്ഥിതിയെങ്കിലെന്തിനു പിതാവിൽനിന്നു നീ
സതിയെന്നുതന്നെ നിജബോധമെങ്കിലോ,
ക്ഷിതിയെന്തു ഭർതൃഗൃഹദാസ്യമേൽക്കിലും?
അതുകൊണ്ട് നിൽക്കു: ഞങ്ങൾ പോകുന്നു.

രാജാവ്:

അല്ലയോ താപസാ, എന്തിനാണിവളെ ചതിക്കുന്നത്?
കുമുദമേ ശിശിരാംശു വിടുർത്തിടൂ:
കമലമേ ദിനനാഥനുമങ്ങനെ,
പരപരിഗ്രഹബന്ധമശേഷവും
പരിഹരിപ്പവരാണു ജിതേന്ദ്രിയർ.

ശാർങ്ഗരവൻ:

രാജാവേ, മറ്റൊന്നിലുള്ള ആവേശംകൊണ്ടു മുമ്പുനടന്ന സംഗതി അങ്ങേയ്ക്കു മറക്കാമെങ്കിൽ അങ്ങ് അധർമ്മഭീരുവായതെങ്ങനെ?

രാജാവ്:ഇതിൽ ഗുരുലാഘവം ഞാൻ ഭവാനോടുതന്നെ ചോദിക്കുന്നു.

മറക്കയോ ഞാൻ, ഇവൾ കൈതവംചമ-
ച്ചുരയ്ക്കയോയെന്ന വിശങ്കയിൽ ഞാൻ
പരിഗ്രഹിച്ചുള്ളവളെ ത്യജിക്കണോ?
പരാംഗനാസംഗകളങ്കമേൽക്കണോ?

പുരോഹിതൻ:

(വിചാരിച്ചിട്ട്) എന്നാൽ ഇങ്ങനെ ചെയ്ക.

രാജാവ്:

അരുളിച്ചെയ്യാം.

പുരോഹിതൻ:

ഈ സ്ത്രീ പ്രസവിക്കുന്നതുവരെ എന്റെ ഭവനത്തിൽ താമസിക്കട്ടെ. എന്തുകൊണ്ടെന്നാൽ, അങ്ങയ്ക്ക് ആദ്യംതന്നെ ഉണ്ടാകുന്ന പുത്രൻ ചക്രവർത്തിയായി

ത്തീരുമെന്ന് മഹർഷിമാർ അനുഗ്രഹിച്ചിട്ടുണ്ട് ഈ കണ്വപുത്രിക്കു പിറക്കുന്ന കുട്ടിക്ക് ആ ലക്ഷണങ്ങൾ കണ്ടാൽ ഇവളെ സത്കരിച്ച് അന്തഃപുരത്തിൽ പ്രവേശിപ്പിക്കാം. മറിച്ചായാലോ ഇവൾ പിതൃഗൃഹത്തിലേക്കു മടങ്ങണമെന്നതു പറയേണ്ടതില്ലല്ലോ.

രാജാവ്:

പുരോഹിതന്റെ അഭിപ്രായംപോലെ.

പുരോഹിതൻ:

കുട്ടീ, എന്റെ കൂടെ വരൂ.

ശകുന്തള:

ഭൂമിദേവീ, എനിക്കിടം തരണേ! (കരഞ്ഞുകൊണ്ടു പുറപ്പെടുന്നു.)

(പുരോഹിതന്റെ പിന്നാലെ ശകുന്തളയും, ഗൗതമിയെ മുന്നിൽ നടത്തിക്കൊണ്ട് തപസ്വികളും പോയി.)

(രാജാവ് ശാപമോഹിതനായിട്ട് ശകുന്തളയുടെ സംഗതിതന്നെ ആലോചിക്കുന്നു.)

(അണിയറയിൽ)

ആശ്ചര്യം! ആശ്ചര്യം!

രാജാവ്:

(കേട്ടിട്ട്) ഇതെന്തായിരിക്കും?

പുരോഹിതൻ:

(പ്രവേശിച്ചു വിസ്മയത്തോടുകൂടി) അദ്ഭുതമാണ് നടക്കുന്നത്!

രാജാവ്:

എന്താണ്?

പുരോഹിതൻ:

മഹാരാജാവേ, കണ്വശിഷ്യന്മാർ പിരിഞ്ഞ ഉടനെ,
അവശാതയൊടു കയ്യുംപൊക്കി മേൽപ്പോട്ടുനോക്കീ-
ട്ടവൾ നിജവിധിദോഷംതന്നെ ചൊല്ലിക്കരഞ്ഞാൾ.

രാജാവ്:

എന്നിട്ടോ?

പുരോഹിതൻ:

യുവതിവടിവു തേജസ്സപ്സരസ്തീർത്ഥമാർന്നി-
ട്ടവളെയുടനെടുത്തുംകൊണ്ടു വാനത്തുമേറി.

(എല്ലാവരും വിസ്മയിക്കുന്നു)

രാജാവ്:

ആ കാര്യം മുമ്പുതന്നെ തള്ളിക്കളഞ്ഞല്ലോ; ഇനി വെറും ഊഹങ്ങളെന്തിന്? ഭവാൻ പോയി വിശ്രമിക്കുക.

പുരോഹിതൻ:

വിജയം! (പോയി)

രാജാവ്:

വേത്രവതീ, എനിക്ക് ശ്രമമായിരിക്കുന്നു. ശയനഗൃഹത്തിലേയ്ക്കു പോകട്ടെ. വഴികാണിക്കൂ.

ദ്വാരപാലിക:

ഇതാ എഴുന്നള്ളണം. (പുറപ്പെടുന്നു)

രാജാവ്:

(ചുറ്റിനടന്നിട്ട് – വിചാരം)

നിനവില്ല നിരാകൃതയാം
മുനികന്യകയെ വേട്ടതായെനിക്കൊട്ടും;
എങ്കിലുമുള്ളു ചുട്ടുമ്പോൾ
ശങ്ക മറിച്ചും ജനിപ്പതുണ്ടൽപ്പം.

(എല്ലാവരും പോയി)

ആറാം അങ്കം

പ്രവേശകം

അനന്തരം രാജസ്യാലനായ നഗരാധികാരിയും കൈ പിൻപോട്ടു കെട്ടിയ പുള്ളിയെ കൂട്ടിക്കൊണ്ടു രണ്ടു ശിപായിമാരും പ്രവേശിക്കുന്നു.

ശിപായിമാർ: (പുള്ളിയെ ഇടിച്ചിട്ട്) എടാ കള്ളാ, പറ! മഹാരാജാവുതിരുമനസ്സിലെ തിരുനാമം കൊത്തിയിട്ടുള്ള ഈ കല്ലുവച്ച തിരുവാഴി നിനക്ക് എവിടെനിന്നു കിട്ടി?

പുള്ളി : (ഭയത്തോടെ) ദയവുണ്ടാകണേ! പൊന്നേമാന്മാരേ, ഞാൻ ഈ തൊഴിലുകാരനല്ല.

ഒന്നാം ശിപായി : പിന്നെ ആഢ്യബ്രാഹ്മണനെന്നുവച്ച് തിരുമനസുകൊണ്ടു നിനക്ക് ദാനം തന്നോ?

പുള്ളി : ഏമാന്മാരു കേൾക്കണേ! ഞാൻ ശക്രാവതാരത്തിൽ തമസിക്കുന്ന ഒരു മുക്കുവനാണ്.

രണ്ടാം ശിപായി : എടാ കള്ളാ, ഞങ്ങൾ നിന്റെ ജാതിയാണോ ചോദിച്ചത്?

അധികാരി : സൂചക, അവനെല്ലാം മുറയ്ക്കു പറയട്ടെ; ഇടയ്ക്കു തടയേണ്ട.

രണ്ടുപേരും : ഉത്തരവ്! എടാ, പറ!

പുള്ളി : ഞാൻ ചൂണ്ടലിട്ടും വലവീശിയും കാലക്ഷേപംചെയ്യുന്നവനാണ്.

അധികാരി : പരിശുദ്ധമായ കാലക്ഷേപം! പിന്നെ?

പുള്ളി : ഇങ്ങനെ ഉത്തരവാകരുത്.

കലരും പല ദോഷമെങ്കിലും
കുലധർമ്മം മനുജന്നവർജ്യമാം;
കലുഷം കലരാത്ത വൈദികൻ
കൊലചെയ്യും മടിയാതെയാടിനെ

അധികാരി : ആകട്ടെ, ശേഷം പറ.

പുള്ളി : ഞാൻ ഒരു ദിവസം ഒരു ചെമ്മീനിനെ അറുത്തു. അപ്പോഴുണ്ട്, അതിന്റെ വയറ്റിൽ ഒരു മോതിരം കാണുന്നു; എന്നിട്ട് ഞാൻ അതു വിൽക്കാൻ കൊണ്ടുനടക്കുമ്പോൾ ഏമാന്മാർ എന്നെ പിടികൂടി. ഇനി കൊന്നാലും ശരി, വിട്ടാലും ശരി; ഇതാണിതിന്റെ പരമാർത്ഥം.

അധികാരി : ജാനുക, ഈ ഉടുമ്പുതീനിയുടെ മേത്തെ നാറ്റംകൊണ്ട് ഇവൻ ഒരു മീൻപിടുത്തക്കാരൻതന്നെ എന്നു നിശ്ചയിക്കാം. തിരുവാഴി ഇവന്റെ കൈയിൽ അകപ്പെട്ടതിനെപ്പറ്റി അലോചിക്കേണ്ടതുണ്ട്. അരമനയിലേക്കുതന്നെ പോകാം.

ശിപായിമാർ : ഉത്തരവ്! എടാ നടയെടാ; നിന്റെ ചെകിടു തല്ലിപ്പൊളിക്കയാണു

വേണ്ടത്.

(എല്ലാവരും ചുറ്റിനടക്കുന്നു.)

അധികാരി : സൂചക, ഈ ഗോപുരത്തിൽ നിങ്ങൾ ഇവനെ സൂക്ഷിച്ചുകൊണ്ടു കാത്തുനിൽക്കിൻ. ഞാൻ ചെന്നു തിരുവാഴി കണ്ടെത്തിയ വർത്തമാനം തിരുമനസ്സറിയിച്ച് കല്പന വാങ്ങിക്കൊണ്ടു വരാം.

രണ്ടുപേരും : അങ്ങുന്നു ചെല്ലണം. തമ്പുരാന് അങ്ങത്തേപ്പേരിൽ തിരുവുള്ളമുണ്ടാകട്ടെ!

(അധികാരി പോയി.)

സൂചകൻ : അധികാരിയങ്ങുന്നു പോയിട്ട് വളരെനേരമായല്ലോ.

ജാനുകൻ : സമയം നോക്കാതെ തിരുമുമ്പിൽ ചെല്ലാമോ?

സൂചകൻ : ഇവനെ കൊലമാലയിടീക്കാൻ എന്റെ കൈകിടന്നു പുളിക്കുന്നു.

(മുക്കുവന്റെനേരെ കൈ മടക്കി കാണിക്കുന്നു.)

പുള്ളി : ഏമാന്മാരെ. കാരണം കൂടാതെ എന്നെ കൊല്ലരുതേ!

ജാനുകൻ : (നോക്കീട്ട്) ഇതാ, നമ്മുടെ അങ്ങുന്നു കല്പനയും വാങ്ങിക്കൊണ്ട് ഇങ്ങോട്ടുതന്നെ വരുന്നു. നീ ഇനി കഴുകനോ നായ്ക്കോ ഇരയായിത്തീരും.

അധികാരി : (പ്രവേശിച്ച്) സൂചക, ഈ മിൻപിടുത്തക്കാരനെ വിട്ടേക്കിൻ! തിരുവാഴിയുടെ ആഗമം ശരിയായി.

സൂചകൻ : അങ്ങത്തേ! ഉത്തരവ്.

ജാനുകൻ : ഇവൻ യമലോകത്തു പോയി തിരിച്ചുവന്നു. (പുള്ളിയെ കെട്ടഴിച്ചു വിടുന്നു.)

മുക്കുവൻ : (അധികാരിയെ തൊഴുതിട്ട്) അങ്ങുന്ന് എന്റെ ജീവനെ രക്ഷിച്ചു.

അധികാരി : ഇതാ, പൊന്നുതമ്പുരാൻ തിരുവാഴിയുടെ വില നിനക്കുതരാൻ കല്പിച്ചിരിക്കുന്നു. (മുക്കുവനു പണം കൊടുക്കുന്നു.)

മുക്കുവൻ : (തൊഴുതു വാങ്ങീട്ട്) അങ്ങത്തെ ഉപകാരമാണിത്.

സൂചകൻ : ശൂലത്തിൽനിന്നിറങ്ങി ആനപ്പുറത്തു കയറിയവരെത്തന്നെയാണ് ഭാഗ്യവാന്മാരെന്നു പറയേണ്ടത്.

ജാനുകൻ : അങ്ങുന്നേ, ഈ സമ്മാനത്തിന്റെ മട്ടു കാണുമ്പോൾ പൊന്നുതമ്പുരാനു വിലപിടിച്ച് രത്നങ്ങളുള്ള ആ തിരുവാഴിയിൽ വലിയ പ്രതിപത്തിയുണ്ടെന്നു കാണുന്നു.

അധികാരി : എന്റെ പക്ഷം അങ്ങനെയല്ല. അതു കണ്ടിട്ട് ഏതോ ഒരു പ്രിയപ്പെട്ട ആളിന്റെ ഓർമ്മ തിരുമനസ്സിലുണ്ടായി; സ്വതേ ഗാംഭീര്യമായിരുന്നിട്ടും ക്ഷണനേരത്തേക്കു തിരുമുഖത്തിൽ ഒരു കുണ്ഠിതഭാവം പ്രത്യക്ഷപ്പെട്ടു.

സൂചകൻ : എന്നാൽ, അങ്ങു മഹാരാജാവുതിരുമനസ്സിലേയ്ക്ക് ഒരു ഉപകാരം

ചെയ്തതായല്ലോ.

ജാനകൻ : ഈ മീൻകൊല്ലിക്കുവേണ്ടി എന്നു പറയണം. (അസൂയയോടെ മുക്കുവനെ നോക്കുന്നു.)

മുക്കുവൻ : ഏമാന്മാർക്ക് എന്റെ പേരിൽ നല്ലമനസ്സു തോന്നിയതിന് ഇതിൽ പാതി നിങ്ങൾക്കിരിക്കട്ടെ.

ജാനകൻ : ഇത്രയും വേണ്ടതുതന്നെ.

അധികാരി : അരയരു നല്ല മര്യാദക്കാരനാണ്. ഇന്നുമുതൽ ഞാൻ എന്റെ ചങ്ങാതിയാക്കിയിരിക്കുന്നു; ഈ സഖ്യമുറപ്പിക്കാൻ നമുക്കൊന്നു കുടിക്കണം.ഇതാ, ഈ കടയിൽത്തന്നെ കയറാം,

മുക്കുവൻ : അങ്ങനെതന്നെ.

(എല്ലാവരും പോയി.)

അങ്കാരംഭം

അനന്തരം വിമാനത്തിൽ വന്നിറങ്ങുന്നമട്ടിൽ 'സാനുമതി' എന്ന അപ്സര സ്ത്രീ പ്രവേശിക്കുന്നു.

സാനുമതി : എനിക്ക് അപ്സരസ്തീർത്ഥത്തിലെ തവണ കഴിഞ്ഞിരിക്കുന്നു. ഇനി ഇവിടെ തീർത്ഥസ്നാനത്തിനു മഹാജനങ്ങൾ വന്നിറങ്ങുന്ന സമയമാണ്. ഇപ്പോൾത്തന്നെ ഈ രാജർഷിയുടെ വർത്തമാനം എന്തെന്നു നേരെ ചെന്നു നോക്കിക്കളയാം. മേനകയുടെ മകളായതുകൊണ്ട് ശകുന്തള ഇപ്പോൾ എനിക്കു സ്വന്തമായിരിക്കുന്നു. അവൾ എന്നോടു പറഞ്ഞിട്ടുള്ള സംഗതി ആണല്ലോ ഇത്. (ചുറ്റും നോക്കീട്ട്) എന്താണ്, വസന്തകാലം ആരംഭിച്ചിട്ടും അരമനയിൽ ഉത്സവത്തിന്റെ വട്ടം ഒന്നും കാണാത്തത്? എനിക്കു വേണമെങ്കിൽ ദിവ്യദൃഷ്ടികൊണ്ടുതന്നെ എല്ലാം അറിയാം. പക്ഷേ, സഖി പറഞ്ഞതുപോലെതന്നെ ചെയ്യണമല്ലോ. ആകട്ടെ. തിരസ്കരണികൊണ്ടു മറഞ്ഞ് ഈ ഉദ്യാനപാലികമാരുടെ അടുത്തു ചെന്നു നിന്നു വർത്തമാനം അറിയാം. (ഇറങ്ങിനിൽക്കുന്നു.)

(അനന്തരം മാവുപൂത്തതു നോക്കിക്കൊണ്ടു രണ്ടുദ്യാനപാലികമാർ മുമ്പിലും പിമ്പിലുമായി പ്രവേശിക്കുന്നു.)

ഒന്നാമത്തേവൾ :

മുദിതപികം മധുപാവലി-
മുദിതം മധുമാസജീവനുമായ്
പുതുമൊട്ടു പാർത്തിടുന്നേ-
നൃതുമങ്ഗലമെന്നപോലെ മാവിന്മേൽ.

രണ്ടാമത്തേവൾ : പരഭൃതികേ, നീയെന്താ തനിയെ നിന്നു മന്ത്രിക്കുന്നത്?

ഒന്നാമത്തേവൾ : മധുരികേ,മാവു മൊട്ടിട്ടുകാണുമ്പോൾ പരഭൃതികയ്ക്കിളക്കംവരുമല്ലോ.
മധുരിക : (സന്തോഷത്തോടെ അടുത്തു ചെന്നിട്ട്) ആഹാ! വസന്തമാസം വന്നോ?
പരഭൃതിക : മധുരികേ, നിനക്കിപ്പോൾ മദിച്ചു ചാടിക്കളിച്ചു നടക്കേണ്ട കാലമല്ലയോ?
മധുരിക: സഖി, എന്നെ ഒന്നു താങ്ങിക്കൊള്ളൂ. ഞാൻ എത്തിവലിഞ്ഞ് മാംപൂ പറിച്ചു കാമദേവനെ അർച്ചിക്കട്ടെ!
പരഭൃതിക: അർച്ചനയുടെ ഫലത്തിൽ പാതി എനിക്കു തരുമെങ്കിൽ ആവാം.
മധുരിക: അതുപറയണമോ? ശരീരം രണ്ടെങ്കിലും നമ്മുടെ ജീവൻ ഒന്നല്ലേ? (സഖിയുടെ മേൽ ചാരി പൂപൊട്ടിച്ചെടുക്കുന്നു.) വിരിഞ്ഞിട്ടില്ലെങ്കിലും ഒടിച്ചെടുത്തതിന്റെ മണം ഉണ്ട്. (കൈക്കൂപ്പി)

അരിയചാപമൊന്നേന്തിടും സ്മര-
ന്നരുളി നിന്നെ ഞാൻ, ചൂതപുഷ്പമേ,
ശരമതഞ്ചിലുംവച്ചു ഘോരമായ്
വിരഹിണീമനക്കാമ്പിൽ വീഴ്ക നീ.
(അർച്ചിക്കുന്നു.)

കഞ്ചുകി : (തിര തനിയെ നിക്കി ബദ്ധപ്പെട്ടു കോപാവേശത്തോടെ പ്രവേശിച്ചിട്ട്) അരുതരുത്! വിവരം കെട്ടവളേ, മഹാരാജാവ് വസന്തോത്സവം നിഷേധിച്ചിരിക്കേ, നീ മാംപൂ പൊട്ടിക്കാൻ തുടങ്ങുന്നോ?
രണ്ടുപേരും : (ഭയഭാവത്തോടെ) ആര്യൻ ക്ഷമിക്കണം; ഞങ്ങൾ ഈ സംഗതി അറിഞ്ഞില്ല.
കഞ്ചുകി: നിങ്ങൾ കേട്ടില്ലെന്നോ? വസന്തകാലത്തു പൂക്കുന്ന വൃക്ഷങ്ങളും അതിലെ പക്ഷികളുംകൂടി രാജശാസന ലംഘിക്കുന്നില്ല. നോക്കുവിൻ,

മുറ്റീടും പൊടിയാർന്നതില്ലിതുവരെ-
ച്ചൂതങ്ങളിൽക്കോരകം;
മുറ്റും മൊട്ടുകൾ ചെംകുറിഞ്ഞിയിൽ വിരി-
ഞ്ഞീടാതെ നിൽക്കുന്നിതേ;
അറ്റിട്ടും ശിശിരർത്തു കൂജിതമട-
ക്കീടുന്നു പുംസ്കോകിലം;
തെറ്റെന്നസ്ത്രമെടുത്തതും സ്മരനയ-
യ്ക്കുന്നില്ല പേടിച്ചുപോൽ.

സാനുമതി : സംശയമില്ല; രാജർഷിയുടെ പ്രഭാവം കേമം തന്നെ!

പരഭൃതിക : ആര്യ, രാജസ്യാലയനായ മിതാവസു ഞങ്ങളെ തൃപ്പാദമൂലത്തിൽ അയച്ചിട്ടു കുറച്ചു ദിവസമേ ആയുള്ളൂ; ഇവിടെ വന്നതിൽ ഈ ഉദ്യാനം സൂക്ഷിച്ചിരിക്കുന്ന ജോലി മുഴുവനും ഞങ്ങളെ ഏൽപ്പിക്കുകയും ചെയ്തിരിക്കുന്നു; അതിനാൽ പരിചയപ്പെടാത്ത ഞങ്ങൾക്ക് ഈ വർത്തമാനം അറിയാൻ ഇടയായില്ല.

കഞ്ചുകി : ആകട്ടെ; ഇനി ഇങ്ങനെ ചെയ്യരുത്.

ഉദ്യാനപാലികമാർ:ആര്യ. ഞങ്ങൾക്കു കൗതുകമുണ്ട്. ഞങ്ങളെ കേൾപ്പിക്കാൻ വിരോധമില്ലെങ്കിൽ പറഞ്ഞാൽക്കൊള്ളാം; എന്തിനായിട്ടാണു പൊന്നുതമ്പുരാൻ വസന്തോത്സവം നിഷേധിച്ചത്?

സാനുമതി : മനുഷ്യർക്കു ഉത്സവത്തിൽ വളരെ പ്രിയമുണ്ടല്ലോ; ഗൗരവമേറിയ വല്ല കാരണവും ഇരിക്കണം.

കഞ്ചുകി : ഇസ്സംഗതി ധാരാളം വെളിപ്പെട്ടുകഴിഞ്ഞു; എന്തിനു പറയാതിരിക്കുന്നു? മഹാരാജാവ് ശകുന്തളയെ ഉപേക്ഷിച്ചു എന്നുള്ള ലോകാപവാദം നിങ്ങളുടെ ചെവിയിലെത്തിയില്ലയോ?

ഉദ്യാനപാലികമാർ: തിരുവാഴി കണ്ടെത്തിയതുവരെയുള്ള വർത്തമാനം രാജസ്യാലൻതന്നെ പറഞ്ഞു ഞങ്ങൾ കേട്ടിട്ടുണ്ട്.

കഞ്ചുകി : എന്നാൽ, ഇനി അല്പമേ പറയേണ്ടതുള്ളൂ. മുദ്രമോതിരം കണ്ടിട്ട് ശകുന്തളയെ താൻ സത്യമായി വിവാഹംചെയ്തിട്ടുള്ളതാണെന്ന് ഓർമ്മവന്നപ്പോൾമുതൽ എന്തോ തത്കാലത്തെ ഒരു ബുദ്ധിമോശത്താൽ ഉപേക്ഷിച്ചുകളഞ്ഞല്ലോ എന്നു മഹാരാജാവിനു പശ്ചാത്താപമുണ്ടായി. ഇപ്പോഴാകട്ടെ,

നന്നായുള്ളതനിഷ്ടമായ്; സചിവർ മുൻ-
മട്ടിന്നു സേവിപ്പതി-
ല്ലെ;ന്നും മെത്തയിലാണ്ടുരുണ്ടു നിശ പോ-
ക്കീടുന്നു നിർന്നിദ്രനായ്;
ദാക്ഷിണ്യത്തിനു കാന്തമാരുമൊരുമി-
ച്ചാലാപമാർന്നീടുകിൽ
സൂക്ഷിക്കാതിഹ പേരു മാറിയുരചെ-
യ്തൊട്ടേറെ ലജ്ജിച്ചിടും.

സാനുമതി:എനിക്കു വളരെ സന്തോഷം.

കഞ്ചുകി : ഈ പ്രബലമായ കുണ്ഠിതത്താലാണ് ഉത്സവം നിഷേധിക്കാനിടയായത്.

ഉദ്യാനപാലികമാർ: ശരി, വേണ്ടതുതന്നെ.

(അണിയറയിൽ)

മഹാരാജാവ് ഇതിലേ ഇതിലേ!

കഞ്ചുകി : (ചെവിയോർത്ത്) ഇതാ മഹാരാജാവ് ഇങ്ങോട്ടുതന്നെ പുറപ്പെടുന്നു. നിങ്ങൾ സ്വന്തം ജോലിക്കു പോകുവിൻ.

ഉദ്യാനപാലികമാർ : അങ്ങനെതന്നെ (പോയി.)

അനന്തരം വിദൂഷകനോടും ദ്വാരപാലികയോടുംകൂടി പശ്ചാത്താപത്തിനു ചേർന്ന വേഷത്തിൽ രാജാവ് പ്രവേശിക്കുന്നു.

കഞ്ചുകി : (രാജാവിനെ നോക്കിയിട്ട്) വിശേഷപ്പെട്ട ആകൃതികൾ ഏതവസ്ഥയിലും രമണീയമായിത്തന്നെ ഇരിക്കും. എന്തൊരാശ്ചര്യം! ഇത്രയൊക്കെ കുണ്ഠിതം ഇരുന്നിട്ടും തിരുമേനിയിൽ കാഴ്ചയ്ക്കു യാതൊരു കൗതുകക്കുറവുമില്ല—

സ്വർണ്ണക്കൈവളയൊന്നുമാത്രമുടലിൽ
ശേഷിച്ചതേ ഭൂഷയായ്;
കണ്ണുംതാണിതുറക്കൊഴിഞ്ഞു; വിളറീ
നിശ്ശ്വാസമേറ്റോഷ്ഠവും;
എന്നാൽ, ക്ഷീണതയൊന്നുമേ സഹജമായ്—
തോന്നിക്കുന്നതുമില്ല; ഭൂപനരവിൽ-
ത്തേയും മണിക്കൊപ്പമായ്.

സാനുമതി : തന്നെ ആട്ടിക്കളഞ്ഞ് അവമാനിച്ചിട്ടും ഇദ്ദേഹത്തിനെപ്പറ്റി ശകുന്തള ക്ലേശിക്കുന്നതു യുക്തംതന്നെ.

രാജാവ് : (മനോവിചാരംകൊണ്ടു ചുറ്റിനടന്നിട്ട്)

കന്നൽമിഴി വന്നു താനേ
മുന്നമുണർത്തീട്ടുമന്നുറങ്ങി ബലാത്;
ഇന്നോ പശ്ചാത്താപം
തോന്നുവതിന്നായുണർന്നു ഹതഹൃദയം!

സാനുമതി : ആഹാ! ഇങ്ങനെയൊക്കെയാണ് ആ പാവപ്പെട്ട ശകുന്തളയുടെ യോഗം!

വിദൂഷകൻ : (വിചാരം) ഇദ്ദേഹത്തിനു പിന്നേയും ആ ശകുന്തളാവ്യാധി പിടികൂടിയല്ലോ. ഇനി എങ്ങനെയാണു ചികിത്സിക്കേണ്ടതെന്നറിഞ്ഞില്ല.

കഞ്ചുകി : (അടുത്തു ചെന്ന്) മഹാരാജാവിനു വിജയം! ഉദ്യാനപ്രദേശമെല്ലാം ഞാൻ പരിശോധിച്ചിരിക്കുന്നു; തിരുമനസ്സുപോലെ എവിടെയെങ്കിലും എഴുന്നള്ളിയിരുന്നു വിനോദിക്കാം.

രാജാവ് : വേത്രവതി, നമ്മുടെ മന്ത്രി ആര്യപിശുനനോടു ഞാൻ പറഞ്ഞതായി ഇങ്ങനെ ചെന്നു പറയണം; ഇന്നുറക്കച്ചടവുകൊണ്ടു ധർമ്മാസനത്തിൽ വന്നിരു

ന്നു കാര്യങ്ങൾ അന്വേഷിക്കുന്നതിനു തരപ്പെട്ടുമെന്നു തോന്നുന്നില്ല; അങ്ങുതന്നെ പൗരകാര്യങ്ങൾ വിചാരണചെയ്തു എഴുത്തുമുഖേന തെര്യപ്പെടുത്തണം' എന്ന്.

ദ്വാരപാലിക : കല്പനപോലെ (പോയി.)

രാജാവ് : വാതായന, താനും ജോലിക്കു പൊയ്ക്കൊള്ളൂ.

കഞ്ചുകി : സ്വാമിയുടെ കല്പനപോലെ. (പോയി.)

വിദൂഷകൻ : അങ്ങ് ഈച്ചകളെയെല്ലാം ഓടിച്ചുകളഞ്ഞു. ഇനി ശിശിരകാലത്തിന്റെ ബാധ നീങ്ങി രമണീയമായിരിക്കുന്ന ഈ ഉദ്യാനത്തിലിരുന്നു വിനോദിക്കാം.

രാജാവ് : (നെടുവീർപ്പുവിട്ടിട്ട്) അനർത്ഥങ്ങളെയെല്ലാം തരം നോക്കി വന്നുകൂടും എന്നു പറയാറുള്ളതു പരമാർത്ഥമാണ്. നോക്കൂ,

മുനിതനയയെ വേട്ടോരോർമ്മപോക്കും
മലിനതയെന്റെ മനസ്സിൽനിന്നു നീങ്ങി;
കുചിലയിലണച്ചു ചൂതബാണം
മലർശരനും പ്രഹരിപ്പതിന്നൊരുങ്ങി.

വിദൂഷകൻ : സ്വാമി, കുറച്ചു ക്ഷമിക്കണം. ഞാൻ ഈ തടിക്കമ്പുകൊണ്ടു കാമബാണങ്ങളെ ഒക്കെ തുലച്ചേക്കാം.

രാജാവ് : (ചിരിച്ചുംകൊണ്ട്) ഇരിക്കട്ടെ, അങ്ങേ ബ്രാഹ്മണതേജസ്സെല്ലാം കണ്ടു. ഇനി എവിടെയിരുന്നാണു ഞാൻ പ്രിയതമയോട് അല്പം സാമ്യമുള്ള ലതകളെ നോക്കി കണ്ണുകളെ ആശ്വസിപ്പിക്കേണ്ടത്?

വിദൂഷകൻ:'സമയം എന്റെ ഇരിപ്പ് മാധവീമണ്ഡപത്തിലായിരിക്കും. ഞാൻ തനിയെ എഴുതിയിട്ടുള്ള ശകുന്തളയുടെ പടം അവിടെ കൊണ്ടുവരണം' എന്നു തോഴർ വിശ്വസ്തപരിചാരികയായ ചതുരികയോടു മുമ്പു പറയുകയുണ്ടായല്ലോ?

രാജാവ് : അതുതന്നെയാണു നമുക്ക് ഇപ്പോൾ വിനോദത്തിനു നല്ല സ്ഥലം. അങ്ങോട്ടു പോകാം. മുമ്പേ നടക്കൂ.

വിദൂഷകൻ : ഇങ്ങനെ എഴുന്നള്ളാം.

രണ്ടുപേരും ചുറ്റിനടക്കുന്നു. സാനുമതി പിന്നാലെ പോകുന്നു.

വിദൂഷകൻ : ഇതാ, സ്ഫടികത്തറയുള്ള മാധവീമണ്ഡപം; ഒരുക്കങ്ങളുടെ ജാത്യം കൊണ്ട് ഇതു സ്വാഗതം പറഞ്ഞു. നമ്മെ ആദരിക്കുന്നതു പോലെ തോന്നുന്നു; ചെന്നു കയറി ഇരിക്കതന്നെ.

രണ്ടുപേരും കയറി സ്ഫടികത്തറയിൽ ഇരിക്കുന്നു.

സാനുമതി : ഈ വള്ളിക്കുടിലിൽ പ്രവേശിച്ചു സഖിയുടെ പടം നോക്കാം. പിന്നെച്ചെന്നു ഭർത്താവിന്റെ പലവഴിയായുള്ള അനുരാഗം അവളെ ഗ്രഹിപ്പി

ക്കാം. (അപ്രകാരം നിൽക്കുന്നു.)

രാജാവ്:തോഴരേ, ശകുന്തളയുടെ പ്രഥമവൃത്താന്തമെല്ലാം ഇപ്പോൾ എനിക്ക് ഓർമ്മവരുന്നു. അങ്ങേ അടുക്കല്പറഞ്ഞിട്ടും ഉണ്ട്; പക്ഷേ, ഉപേക്ഷിക്കുന്ന സമയം അങ്ങ് എന്റെ സമീപത്തിൽ ഇല്ലാതെപോയി. എന്നാൽ, അതിനുമുൻപ് ഒരിക്കലെങ്കിലും ശ്രീമതിയുടെ പേർ അങ്ങു പ്രസങ്ഗിക്കയുണ്ടായില്ല. (വിചാരപ്പെട്ട്) എന്നേപ്പോലെ അങ്ങും മറന്നിരിക്കാം, അല്ലേ?

വിദൂഷകൻ : മറന്നതല്ല, പക്ഷേ, അന്നു തോഴർ എല്ലാം പറഞ്ഞിട്ട് ഒടുവിൽ നേരംപോക്കു സംസാരിച്ചതാണ്; കാര്യമല്ല എന്നുംകൂടി ശ്രയുകയുണ്ടായി. എന്റെ മണ്ട മൺകട്ടയാകയാൽ ഞാൻ അതു പറഞ്ഞപോലെതന്നെ ഗ്രഹിച്ചു. അല്ലെങ്കിൽ വരാനുള്ളതു തടുത്തുകൂടല്ലോ.

സാനുമതി : അങ്ങനെതന്നെ.

രാജാവ് : (വിചാരമഗ്നനായിട്ട്) തോഴരേ, താങ്ങിക്കൊള്ളണേ!

വിദൂഷകൻ : ഏ! എന്തു കഥ! ഈ മട്ട് അങ്ങേക്കു യുക്തമല്ല; മഹാപുരുഷന്മാർക്ക് ഒരിക്കലും ശോച്യാവസ്ഥ വന്നുകൂടാ; കൊടുങ്കാറ്റിലും കുന്നിളകുമോ?

രാജാവ് : തോഴരേ. നിരാകരണകാലത്തിൽ കുഴങ്ങിവശമായപ്പോൾ പ്രിയതമയ്ക്കുണ്ടായ ആ ഒരവസ്ഥ ഓർത്തിട്ടു ഞാൻ വല്ലാതെ ശരണംകെടുന്നു.

ഏൽക്കാഞ്ഞിട്ടിഹ ബാന്ധവാനുഗമനം
വാഞ്ഛിക്കവേ നിൽക്കയെ—
ന്നാക്രോടഗ്ഗുരുതുല്യനായ ഗുരുവിൻ-
ശിഷ്യൻ ശഠിക്കുംവിധൗ
ഈ ക്രൂരങ്കലദശ്രുവായവളുഴ-
ന്നർപ്പിച്ചൊരദൃഷ്ടിയി-
ന്നൾക്കാമ്പിന്നു വിഷോഗ്രശല്യമതുപോ-
ലേകുന്നു താപോത്കരം.

സാനുമതി : ആശ്ചര്യം തന്നെ! സ്വാർത്ഥം ഇത്രത്തോളം വരുമല്ലോ! ഇദ്ദേഹത്തിന്റെ സന്താപം കണ്ടു ഞാൻ രസിക്കുന്നു.

വിദൂഷകൻ : തോഴരേ, എനിക്കു തോന്നുന്നു, വല്ല ആകാശചാരികളും ശ്രീമതിയെക്കൊണ്ടുപോയിരിക്കണം എന്ന്.

രാജാവ് : പതിവ്രതയായ അവളെ മറ്റാർക്കു തൊടാൻ കഴിയും? മേനകയാണ് അവളുടെ മാതാവെന്നു ഞാൻ കേട്ടിട്ടുണ്ട്. ആ വർഗ്ഗത്തിൽ ആരെങ്കിലും കൊണ്ടുപോയിരിക്കണമെന്നാണ് എന്റെ ശങ്ക.

സാനുമതി : മറന്നതിലാണു വിസ്മയം, ഓർത്തതിലല്ല.

വിദൂഷകൻ : അങ്ങനെയാണെങ്കിൽ എന്നെങ്കിലും ശ്രീമതിയുടെ സമാഗമത്തിനു

സങ്ഗതിയുണ്ട്.

രാജാവ് : എങ്ങനെ?

വിദൂഷകൻ : പുത്രി ഭർത്തൃവിയോഗദുഃഖമനുഭവിക്കുന്നതു കണ്ടുകൊണ്ട് മാതാപിതാക്കന്മാർ ഏറെക്കാലം മിണ്ടാതിരിക്കയില്ല.

രാജാവ് : സഖേ!

സ്വപ്നവൃത്താന്തമോ? മായ-
യിൽക്കണ്ടതോ? ഭ്രാന്തിയോ?
സ്വല്പപുണ്യം സ്വമാത്രാ-
നുരൂപം ഫലം ചെയ്തതോ?
അസ്സമാചാരമപ്പോയ-
പോക്കോടെതാൻ പോയി പി-
ന്നിസ്സമാധാനമാശയ്ക്കു-
മെത്താത്തൊരഗ്രത്തിലാം.

വിദൂഷകൻ : അങ്ങനെ പറയരുത്; വരാനുള്ളത് ഏതു വഴിയിലും വന്നുചേരുമെന്നുള്ളതിലേയ്ക്ക് ഈ മോതിരം തന്നെ ഒരു ദൃഷ്ടാന്തം ആണല്ലോ.

രാജാവ് : കഷ്ടം! ഈ മോതിരത്തിന്റെ അവസ്ഥ ശോചനീയമായിരിക്കുന്നു. അസുലഭമായ പദവിയെ ലഭിച്ചിട്ട് ഇതിനു സ്ഥാനഭ്രംശം വന്നുവല്ലോ.

സുകൃതഫലമെനിക്കു വന്നപോലേ
സുകൃശത, മോതിരമേ, നിനക്കുമാർന്നൂ!
അരുണനഖമണിഞ്ഞൊരോമലാളിൻ
വിരലിലണിഞ്ഞ പദം വെടിഞ്ഞുതേ നീ.

സാനുമതി : മറ്റൊരാളുടെ കൈയിലായിരുന്നു കിട്ടിയതെങ്കിൽ സത്യമായി ശോചനീയംതന്നെ.

വിദൂഷകൻ : തോഴരേ, എന്തു പ്രസക്തിയിലാണു സ്വനാമമുദ്രയുള്ള മോതിരം ശ്രീമതിക്കു കൊടുക്കുകയുണ്ടായത്?

സാനുമതി : എനിക്കു തോന്നിയ കൗതുകം ഇയാൾക്കുമുണ്ടായി.

രാജാവ് : കേട്ടുകൊള്ളൂ. നഗരത്തിലേക്കു പുറപ്പെടുന്ന സമയം പ്രിയതമ കരഞ്ഞുകൊണ്ട് 'എന്നെ ആര്യപുത്രൻ എന്നത്തേക്കു വരുത്തും' എന്നു ചോദിച്ചു.

വിദൂഷകൻ : എന്നിട്ടോ?

രാജാവ് : പിന്നെ ഞാൻ ഈ മുദ്രമോതിരം അവളുടെ വിരലിൽ ഇടുവിച്ചുകൊണ്ട് ഉത്തരം പറഞ്ഞു.

എൻനാമമുദ്രയിതിലെണ്ണുക വർണ്ണമോരോ-
ന്നെന്നും മുറയ്ക്കതു കഴിഞ്ഞു വരുമ്പോഴേയ്ക്കും

എന്നോമലാൾക്കരമനയ്ക്കു വരുന്നതിന്നു
വന്നെത്തുമാണുകളകമ്പടിയോട്ടുമെന്ന്.

അതു നിഷ്കണ്ടനായ ഈ ഞാൻ ബുദ്ധിമോഹം നിമിത്തം അനുഷ്ഠിച്ചില്ലല്ലോ!

സാനുമതി : സരസമായ അവധി വിധി തെറ്റിച്ചുകളഞ്ഞു.

വിദൂഷകൻ : എന്നാൽ, പിന്നെ ഇതു ചെമ്മീനിന്റെ വയറ്റിൽപ്പോകാനും മുക്കോന്റെ കൈയിൽക്കിട്ടാനും ഇടയെന്ത്?

രാജാവ് : ശചീതീർത്ഥം വന്ദിക്കുമ്പോൾ അങ്ങേ തോഴിയുടെ കൈയിൽ നിന്നും ഊരി ഗംഗയിൽ വീണതാണ്.

വിദൂഷകൻ : എല്ലാം യോജിക്കുന്നുണ്ട്!

സാനുമതി : അതുകൊണ്ടുതന്നെയാണ് ആ പാവപ്പെട്ട ശകുന്തളയെ വിവാഹം ചെയ്ത സങ്ഗതിയിൽ അധർമ്മഭീരുവായ ഇദ്ദേഹത്തിനു സംശയം ജനിച്ചത്. അഥവാ, ഇത്രമാത്രം അനുരാഗമുള്ള സ്ഥിതിക്ക് അടയാളം കണ്ടു വേണോ ഓർമ്മിക്കാൻ? ഇതെങ്ങനെയാണ്?

രാജാവ് : ഈ മോതിരത്തെത്തന്നെ ഒന്നു ശകാരിക്കട്ടെ!

വിദൂഷകൻ : (വിചാരം) ഇദ്ദേഹം ഭ്രാന്തിന്റെ വഴിക്കു പുറപ്പെട്ടു.

രാജാവ് : മോതിരമേ,

ചന്തത്തിനൊത്ത വിരലേന്തിടുമക്കരം വി-
ട്ടെന്തിന്നു നീ സലിലപൂരമതിൽപ്പതിച്ചു?

അഥവാ,

ചിന്തിക്കയില്ല ജഡവസ്തു ഗുണങ്ങളൊന്നും;
ഞാൻതന്നെ കാന്തയെ വെടിഞ്ഞതിനെന്തു ബന്ധം?

വിദൂഷകൻ : (വിചാരം) വിശപ്പ് എന്നെ കടിച്ചുതിന്നാറായി.

രാജാവ് : കാരണംകൂടാതെ തള്ളിക്കളഞ്ഞിട്ടു പശ്ചാത്തപിക്കുന്ന എന്റെ പേരിൽ ദയവുചെയ്തു കാണ്മാൻ സങ്ഗതിയാക്കിത്തരണേ!

ചതുരിക : (തനിയെ തിര മാറ്റിക്കൊണ്ടു ബദ്ധപ്പെട്ടു പ്രവേശിച്ച്) ഇതാ, ചിത്രത്തിലുള്ള പൊന്നു തമ്പുരാട്ടി! (ചിത്രം കാണിക്കുന്നു.)

വിദൂഷകൻ : (നോക്കിയിട്ട്) തോഴരേ, രസികനായി ചിത്രം! ആ സ്തോഭവും ആ നിലയും എല്ലാം വളരെ യോജിച്ചു. താണും പൊങ്ങിയുമുള്ള ഭാഗങ്ങളിൽ എന്റെ കണ്ണ് ഇടറുന്നതുപോലെ തോന്നുന്നു.

സാനുമതി : അമ്പ! ഈ രാജർഷിയുടെ സാമർത്ഥ്യം കേമംതന്നെ. എനിക്ക് സഖി മുമ്പിൽ വന്നുനിൽക്കുന്നതുപോലെ തോന്നുന്നു.

രാജാവ് : ചിത്രത്തിൽച്ചെയ്യുമാറുണ്ട്
ചേരാത്തതു ചെലുത്തുക;

ചേലവൾക്കുള്ളതോ ചേർന്നു
ചെറ്റുതാൻ ഞാൻ കുറിച്ചതിൽ.

സാനുമതി : പശ്ചാത്താപംകൊണ്ട് അധികപ്പെട്ടിരിക്കുന്ന സ്നേഹത്തിനും അഹംഭാവമില്ലാത്ത പ്രകൃതിക്കും ഉചിതമായിട്ടാണ് ഇപ്പറഞ്ഞത്.

വിദൂഷകൻ : തോഴരേ, ഇവിടെ മൂന്നുപേരെക്കാണുന്നുണ്ട്. എല്ലാവരും കണ്ടാൽ ക്കൊള്ളാവുന്നവരുമാണ്. ഇതിൽ ഏതാണു ശ്രീമതി ശകുന്തള?

സാനുമതി : ഇത്രമാത്രം സൗന്ദര്യമുള്ള ആകൃതി കണ്ടു തിരിച്ചറിവാൻ വയ്യാത്ത ഇവനു കണ്ണുകൊണ്ട് പ്രയോജനമില്ല.

രാജാവ് : ഏതെന്നാണ് അങ്ങേക്കു തോന്നുന്നത്?

വിദൂഷകൻ : എനിക്ക് തോന്നുന്നതു തലമുടിയുടെ കെട്ടഴിഞ്ഞ് ഉള്ളിലിരിക്കുന്ന മാല വെളിയിൽ പുറപ്പെട്ട് മുഖത്തു വിയർപ്പുതുള്ളികൾ പൊടിച്ചും, തോളുകൾ തളർന്നു ഭുജങ്ങൾ താഴ്ന്നും, കുറഞ്ഞൊന്നു ക്ഷീണിച്ച ഭാവത്തിൽ നനവുതട്ടിത്തിള ങ്ങുന്ന ഇളംതളിരുകൾ നിറച്ച തേന്മാവിന്റെ അരികിലായി എഴുതിയിരിക്കുന്നതു തത്രഭവതി ശകുന്തളയെന്നും മറ്റവർ രണ്ടുപേരും സഖിമാരെന്നുമാണ്.

രാജാവ് : അങ്ങു ബുദ്ധിമാനാണ്. എനിക്കുണ്ടായ മനോവികാരങ്ങളുടെ ചിഹ്ന ങ്ങളും ഇതിൽക്കാണുന്നുണ്ട്.

വരകൾക്കരികിൽ വിയർത്തൊരു
വിരലിൻ മാലിന്യമുണ്ടു കാണുന്നു;
ചെറുതായ് ചായം വീർത്തി-
ട്ടറിയാം കണ്ണീർ പതിച്ചിതു കവിളിൽ.

ചതുരികേ, എനിക്കു വിനോദനോപായമായ ഈ ചിത്രം പൂർത്തിയാക്കിക്കഴി ഞ്ഞില്ല; ത്തുലിക ചെന്നെടുത്തുകൊണ്ടു വരൂ.

ചതുരിക : ആര്യ മാഢവ്യ, ചിത്രപ്പലക പിടിച്ചുകൊള്ളണേ! ഞാൻ പോയി വരട്ടെ?

രാജാവ് : ഞാൻതന്നെ വച്ചുകൊള്ളാം (പടം വാങ്ങുന്നു.)

രാജാവ് : നേരേ സമക്ഷമിഹ വന്നൊരു കാന്തയാളെ-
ദ്ദൂരെ ത്യജിച്ചു പടമേറ്റു രസിക്കുമീ ഞാൻ
നീരോട്ടമുള്ള പുഴയൊന്നു കടന്നുവന്നി-
ട്ടാരാഞ്ഞിടുന്നു ബത, കാനൽജലം കുടിപ്പാൻ.

വിദൂഷകൻ : (വിചാരം) ഇതൊത്തു; ഇദ്ദേഹം ഇപ്പോൾ നദി കടന്നുവന്നു കാനൽവെള്ളം തേടുകയാണ് (വെളിവായിട്ട്) തോഴരേ, ഇനി എന്താണിതിൽ എഴുതാനുള്ളത്?

രാജാവ് : കേട്ടുകൊള്ളു;

ചാലേ മാലിനിയും, മരാളമിഥുനം
വാഴും മണൽത്തിട്ടയും
ചോലയ്ക്കപ്പുറമായ് മൃഗങ്ങൾ നിറയും
ശൈലേന്ദ്രപാദങ്ങളും,
ചീരം ചാർത്തിന വൃക്ഷമൊന്നതിനടി-
യ്ക്കായിട്ടു കാന്തന്റെ മെയ്
ചാരിക്കൊമ്പിലിടത്തുകണ്ണുരസുമാ
മാൻപേടയും വേണ്ടതാം.

വിദൂഷകൻ : (വിചാരം) എന്റെ പക്ഷം, താടിക്കാരന്മാരായ മഹർഷിമാരുടെ കൂട്ടംകൊണ്ടു ചിത്രം നിറയ്ക്കാമെന്നാണ്.

രാജാവ് : തോഴരേ! ഇനി ഒന്നുകൂടിയുണ്ട്; ശകുന്തളയുടെ അലങ്കാരങ്ങളിൽച്ചിലത് എഴുതാൻ വിട്ടുപോയി.

വിദൂഷകൻ : അതെന്താണാവീ?

സാനുമതി : സഖിയുടെ വനവാസത്തിനും സൗന്ദര്യത്തിനും ഉചിതമായിട്ടെന്തെങ്കിലും ആയിരിക്കണം.

രാജാവ് : ചെവിക്കു ചേർത്തില്ല കവിൾത്തടംവരെ-
ക്കവിഞ്ഞു നിൽക്കുന്ന ശിരീഷഭൂഷണം;
അണച്ചിടേണം ശരദിന്ദുസുന്ദരം
മൃണാളിനോളം കുളുർകൊങ്കയിങ്കലും.

വിദൂഷകൻ : ശ്രീമതി എന്താണു ചെന്താരുപോലെ ശോഭിക്കുന്ന കൈ മുഖത്തിനുനേരേ പിടിച്ചു ഭയപ്പെട്ട ഭാവത്തിൽ നിൽക്കുന്നത്? (സൂക്ഷിച്ചു നോക്കീട്ട്) ആ ഇതാ, ഒരു പൂന്തേൻ കവരുന്ന കള്ളൻ, അസത്തുവണ്ടു ചെന്നു ശ്രീമതിയുടെ മുഖാരവിന്ദത്തെ ആക്രമിക്കുന്നു.

രാജാവ് : ആധികപ്രസംഗിയെ തടുക്കൂ.

വിദൂഷകൻ : അവിനയം പ്രവർത്തിക്കുന്നവരെ ശാസിക്കുന്ന അങ്ങു വിചാരിച്ചാലേ ഇവനെത്തടയാൻ കഴിയുകയുള്ളൂ!

രാജാവ് : ശരിതന്നെ; എടോ വണ്ടേ! പൂച്ചെടികൾക്കു പ്രിയപ്പെട്ട വിരുന്നുകാരനായ നീ എന്തിനിവിടെ പറന്നുനടക്കുന്നു? ശ്രമപ്പെടുന്നു?

നിന്നുടെ വല്ലഭ മലരതി-
ലുന്നതതൃഷപൂണ്ടുതാനിരുന്നിട്ടും
നന്മധു നുകരാതെ ചിരം
നിന്നെയിതാ കാത്തിരുന്നു കേഴുന്നു.

സാനുമതി : വണ്ടിനെ വിലക്കിയതു രാജാവിന്റെ അന്തസ്സിന്നു യോജിച്ചു.

വിദൂഷകൻ : തട്ടുത്താലും ഒഴിഞ്ഞുമാറാത്ത വർഗ്ഗമാണിത്.

രാജാവ്: അത്രയ്ക്കായോ? എന്റെ ശാസനം കേൾക്കുകയില്ലേ? എന്നാൽ കണ്ടോ!

ഞാൻ തന്നെയന്നു കനിവെന്യെ നുകർന്നിടാത്ത
കാന്താധരോഷ്ഠമിതിളം തളിരിന്നു തുല്യം
തൊട്ടെങ്കിലിന്നു ശഠ, ഭൃങ്ഗ, പിടിച്ചു നിന്നെ-
ക്കെട്ടിസ്സരോജമുകുളത്തിലകപ്പെടുത്തും.

വിദൂഷകൻ : ഈ കഠിനശിക്ഷയ്ക്കിവൻ ഭായപ്പെടുകയില്ലയോ? (ചിരിച്ചിട്ട്, വിചാരം) ഇദ്ദേഹമോ ഭ്രാന്തനായ്; ഞാനും സംസർഗ്ഗംകൊണ്ട് ആ മട്ടിലായിരിക്കുന്നു. (വെളിവായിട്ട്) ഓഹോയീ! ഇതാ! ഇതു പടമാണ്.

രാജാവ് : എന്ത്?

സാനുമതി : എനിക്കുകൂടി ഇതുവരെ ചിത്രമെന്നുള്ള വിചാരം ഉണ്ടായിരുന്നില്ല. പിന്നെയാണോ അനുഭവപ്രത്യക്ഷമുള്ള ഇദ്ദേഹത്തിന്?

രാജാവ് : തോഴർ എന്തിനാണ് ഈ ദുസ്സാമർത്ഥ്യം കാട്ടിയത്?

സമക്ഷമായ്ക്കാണുകിലെന്നപോലെ ഞാൻ
സമാധിമൂലം സുഖമാർന്നിരിക്കവേ,
ചമച്ചു വീണ്ടും കമലായതാക്ഷിയെ?

(കണ്ണീരു തുകുന്നു.)

സാനുമതി : ഈ വിരഹത്തിന്റെ മട്ടു പൂർവ്വാപരവിരോധംകൊണ്ട് അപൂർവ്വമായിരിക്കുന്നു.

രാജാവ് : മാഢവ്യാ, ഇടവിടാതെയുള്ള ഈ ദുഃഖം ഞാൻ എങ്ങനെയാണ് സഹിക്കേണ്ടത്?

കിനാവിൽദ്ദർശനം നിദ്രാ-
വിനാശത്താലപൂർവ്വമാം
കാണ്മാൻ പടത്തിലോ പിന്നെ-
സ്സമ്മതിക്കില്ല കണ്ണുനീർ.

സാനുമതി : ഉപേക്ഷിച്ചതുകൊണ്ടുള്ള ദുഃഖം ശകുന്തളയുടെ ഹൃദയത്തിൽനിന്ന് അങ്ങിപ്പോൾ നിശ്ശേഷം തുടച്ചുകളഞ്ഞു.

ചതുരിക : (പ്രവേശിച്ചിട്ട്) പൊന്നുതമ്പുരാന് വിജയം! അടിയൻ തുലികപ്പെട്ടി എടുത്തുകൊണ്ട് ഇങ്ങോട്ട് വരികയായിരുന്നു.

രാജാവ് : അപ്പോഴോ?

ചതുരിക : വഴിയിൽവച്ച് പിങ്ഗളികയോടുംകൂടി ഇങ്ങോട്ടെഴുന്നള്ളുന്ന വസുമതീദേവിതിരുമനസ്സുകൊണ്ട് 'ഞാൻതന്നെ ആര്യപുത്രന്റെ കൈയിൽ കൊണ്ടുചെന്നു കൊടുത്തുകൊള്ളാം' എന്നു കല്പിച്ചു പെട്ടി അടിയന്റെ കൈയിൽനിന്നും പിടിച്ചു

പറിച്ചു.

വിദൂഷകൻ : നിന്നെ വിട്ടേച്ചതു ഭാഗ്യമായി.

ചതുരിക : ദേവിതിരുമനസ്സിലെ ഉത്തരീയം ചെടിയിങ്കൊണ്ടുടക്കിയത് പിങ്ഗളിക വിടുവിക്കുന്ന തരംനോക്കി ഞാൻ കടന്നുകളഞ്ഞു.

രാജാവ് : തോഴരേ, ദേവി ഇങ്ങോട്ടുവരും; ഞാൻ ബഹുമാനിക്കുന്നതുകൊണ്ട് ഇപ്പോൾ കുറേ ഗർവ്വുണ്ട്. ഈ പടം തോഴർ സൂക്ഷിച്ചുകൊള്ളൂ.

വിദൂഷകൻ : 'അവനവനെ' എന്നു വേണം കല്പിക്കാൻ. (പടം എടുത്തുകൊണ്ട് എഴുന്നേറ്റ്) ദേവിയുമായുള്ള ശണ്ഠയിൽ അങ്ങേയ്ക്കു മോചനം കിട്ടുകയാണെങ്കിൽ എന്നെ വിളിച്ചേക്കണം; ഞാൻ മേഘപ്രതിച്ഛന്ദമാളികയിലുണ്ടാകും (ഓടിപ്പോയി.)

സാനുമതി : തൽക്കാലം മനസ്സു മറ്റൊരാളിൽ പ്രവേശിച്ചിരിക്കയാണെങ്കിലും മുമ്പുള്ള ആളെ മാനിക്കുന്ന ഇദ്ദേഹം സ്നേഹവിഷയത്തിൽ സ്ഥിരതയുള്ളവനാണ്.

ദ്വാരപാലിക : (എഴുത്തുംകൊണ്ടു പ്രവേശിച്ചിട്ട്) തമ്പുരാനു വിജയം!

രാജാവ് : വേത്രവതീ, നീ വരുംവഴി ദേവിയെക്കാണുകയുണ്ടായില്ലേ?

ദ്വാരപാലിക : ഉവ്വ്, കണ്ടു; പക്ഷേ, അടിയന്റെ കൈയിൽ ഈ എഴുത്തിരിക്കുന്നതു കണ്ടിട്ടു തിരുമനസ്സുകൊണ്ടു മടങ്ങിയെഴുന്നള്ളി.

രാജാവ് : ദേവി നല്ല വിവരമുള്ള ആളാണ്; കാര്യവിഘ്നത്തിനിടയാക്കാതെ സൂക്ഷിക്കും.

ദ്വാരപാലിക : അമാത്യൻ ഉണർത്തിക്കുന്നു. "പല ഇനങ്ങളിലായിട്ടു മുതൽ തിട്ടംവരുത്തുന്നതിനു കണക്കുകൾ പരിശോധിക്കേണ്ടതുണ്ടായിരുന്നു. അതിനാൽ പൗരകാര്യങ്ങളിൽ ഒന്നുമാത്രമേ ഇന്നു വിചാരണചെയ്തുള്ളൂ. അതിന്റെ വിവരം ഈ എഴുത്തിൽക്കാണിച്ചിട്ടുള്ളത് തൃക്കൺപാർക്കണം" എന്ന്.

രാജാവ് : എഴുത്ത് ഇങ്ങോട്ടു കാണിക്കൂ!

(ദ്വാരപാലിക എഴുത്തു കാണിക്കുന്നു.)

(വായിച്ചിട്ട്) എന്ത്? 'സമുദ്രവ്യാപാരികളുടെ നായകനായ ധനമിത്രൻ കപ്പൽച്ചേതത്തിൽ മരിച്ചുപോയി. ആ സാധുവിനു സന്തതിയുമില്ല. അവന്റെ സ്വത്തെല്ലാം പണ്ടാരവകയ്ക്കു ചേരേണ്ടതാണ്' എന്ന് അമാത്യൻ എഴുതിയിരിക്കുന്നു. (വിഷാദത്തോടുകൂടി) സന്തതിയില്ലാതെപോകുന്നതു കഷ്ടംതന്നെ! (ദ്വാരപാലികയോട് വേത്രവതീ, ധനവാൻ ആയിരുന്നതിനാൽ അയാൾക്ക് അനേകം ഭാര്യമാർ ഇരുന്നിരിക്കണം. അവരിൽ ആരെങ്കിലും ഇപ്പോൾ ഗർഭംധരിച്ചവരായിട്ടെങ്കിലും ഉണ്ടോ എന്നു വിചാരണചെയ്യണം.

ദ്വാരപാലിക : അദ്ദേഹത്തിന്റെ ഭാര്യമാരിൽ അയോദ്ധ്യാക്കാരൻ ചെട്ടിയാരുടെ മകൾക്ക് ഈയിടെ പുംസവനം നടന്നതായി കേൾവിയുണ്ട്.

രാജാവ് : എന്നാൽ, ഗർഭത്തിലിരിക്കുന്ന ആ കുട്ടി അച്ഛന്റെ സ്വത്തിനവകാശി യാണല്ലോ. ഈ വിവരം അമാത്യനോടു ചെന്നു പറയുക.
വേത്രവതി : കല്പനപോലെ. (പുറപ്പെടുന്നു.)
രാജാവ് : വരട്ടെ, ഇവിടെ വരു!
വേത്രവതി : അടിയൻ!
രാജാവ് : സന്തതി ഉണ്ടെങ്കിലെന്ത്? ഇല്ലെങ്കിലെന്ത്?
ചേതപ്പെടുന്നു മാലോകർ-
ക്കേതേതു നിജബാന്ധവർ
അതാതായിട്ടു ദുഷ്ഷന്ത-
ന്നതകും ചതിയെന്നിയേ.
എന്നു വിളംബരം ചെയ്യട്ടെ!
വേത്രവതി : ഇങ്ങനെ വിളിച്ചറിയിക്കാൻ പറയാം. (പോയി തിരികെ വന്നിട്ടു) കാലത്തിലുണ്ടായ മഴപോലെ തിരുമനസ്സിലെ കല്പന അമാത്യൻ അഭിനന്ദിച്ചു.
രാജാവ് : (നെടുവീർപ്പുവിട്ടിട്ട്) ഛേ! ഇങ്ങനെയാണല്ലോ സന്തതിയറ്റ് അവ കാശിയില്ലാതെവരുമ്പോൾ സ്വത്തുക്കൾ അന്യരിൽ ചെന്നുചേരുന്നത്! എന്റെ പിൽക്കാലം പൂരുവംശശ്രീക്കും ഇതുതന്നെ ഗതി.
വേത്രവതി : ഈവിധം അമങ്ഗലവാക്ക് ഒരിക്കലും കല്പിക്കരുത്. ദൈവം തുണയ്ക്കട്ടെ!
രാജാവ് : കൈവന്ന ശ്രേയസ്സിനെ അവമാനിച്ച പാപിയാണല്ലോ ഞാൻ.
സാനുമതി : സംശയമില്ല; സഖിയെത്തന്നെ ഊന്നി ഇദ്ദേഹം ആത്മനിന്ദചെയ്ക യാണ്.
രാജാവ് : സന്താനമുൾക്കൊണ്ടു കുലപ്രതിഷ്ഠ-
യ്ക്കുന്നായൊരപ്പത്നിയെ ഞാൻ വെടിഞ്ഞേൻ!
മെത്തും ഫലത്തിന്നുതകുന്ന ഭൂമി
വിത്തും വിതച്ചൊട്ടൊഴിയുന്നപോലെ.
സാനുമതി : സന്തതിച്ഛേദം അങ്ങേയ്ക്ക് ഒരിക്കലും വരികയില്ല.
ചതുരിക : (വേത്രവതിയോടു സ്വകാര്യമായിട്ട്) ഈ വ്യാപാരിയുടെ സംഗതി കൊണ്ടു തമ്പുരാനു പശ്ചാത്താപം ഇരട്ടിച്ചിരിക്കയാണ്; തിരുമനസ്സിലേക്ക് ആശ്വാസം വരുവാൻ മേഘമാളികയിൽച്ചെന്ന് ആര്യമാഢവ്യനെ കൂട്ടിക്കൊണ്ടു വരു.
വേത്രവതി : നീ പറഞ്ഞതു ശരിയാണ്. (പോയി.)
രാജാവ് : ദുഷ്ഷന്തന്റെ കൈകൊണ്ട് പിണ്ഡം വാങ്ങുന്നവരുടെ കഥ പരുങ്ങലി ലായി.

ഇക്കാലമെന്നുടെ പിതൃക്കൾ നിവാപമേറ്റാൽ
പില്ക്കാലമാരിതു തരുന്നതിനെന്നു കേണ്
തൃക്കൺതുടയ്ക്കുവതിനാദ്യമെടുത്തു ശേഷ-
മുൾക്കൊള്ളുമെന്നു കരുതുന്നിതപുത്രനാം ഞാൻ.

(മൂർച്ഛിക്കുന്നു.)

ദ്വാരപാലിക : (ബദ്ധപ്പെട്ടു ചെന്നു താങ്ങിക്കൊണ്ട്) തിരുമേനി ആശ്വസിക്കണേ!

സാനുമതി : അയ്യോ! കഷ്ടം! കഷ്ടം! ഇദ്ദേഹം വിളക്ക് ഇരിക്കെത്തന്നെ മറവിന്റെ ബലംകൊണ്ട് ഇരുട്ടിന്റെ ഫലം അനുഭവിക്കുന്നു; ഞാൻ ഇപ്പോൽത്തന്നെ ചെന്നു സമാധാനപ്പെടുത്തിക്കളയാം; അല്ലെങ്കിൽ വരട്ടെ; അദിതിദേവി ശകുന്തളയെ ആശ്വസിപ്പിക്കുമ്പോൾ അരുളിചെയ്തത്, 'യജ്ഞഭാഗത്തിൽ തത്പരന്മാരായ ദേവന്മാന്തന്നെ ധർമ്മപത്നിയെ ഭർത്താവു താമസിയാതെ പരിഗ്രഹിക്കുന്നതിനു വേണ്ടതെല്ലാം ചെയ്തുകൊള്ളും' എന്നാണല്ലോ. അതുകൊണ്ട് അത്രയുംകാലം ഞാൻ ക്ഷമിച്ചിരിക്കെതന്നെ വേണം. ഈ കഥയെല്ലാം ചെന്നു പറഞ്ഞു പ്രിയസഖിയെ ആശ്വസിപ്പിക്കാം. (പോയി.)

(അണിയറയിൽ)

അയ്യോ! അയ്യോ!

രാജാവ് : (ചെവികൊടുത്തിട്ട്) ഏ! മാഢവ്യന്റെ നിലവിളിപോലെ തോന്നുന്നല്ലോ. ആരവിടെ?

ചതുരിക : (ബദ്ധപ്പെട്ടു പ്രവേശിച്ചിട്ട്) തമ്പുരാൻ രക്ഷിക്കണേ! ഇതാ, തോഴരുടെ കഥ സംശയസ്ഥിതിയിലായിരിക്കുന്നു.

രാജാവ് : മാഢവ്യൻ എന്താണു ദീനസ്വരത്തിൽ നിലവിളിക്കുന്നത്?

ചതുരിക : ഏതോ ഒരു ഭൂതം ശബ്ദം കൂടാതെ ഉക്കിയെടുത്തു മേഘമാളികയുടെ മോന്തായത്തിന്മേൽകൊണ്ടുവച്ചിരിക്കുന്നു.

രാജാവ് : (ബദ്ധപ്പെട്ട് എഴുന്നേറ്റ്) അത്രയ്ക്കായോ? എന്റെ ഗൃഹത്തിൽത്തന്നെ ഭൂതബാധയോ? അല്ലെങ്കിൽ

തനിക്കുതാൻ തെറ്റുവരുന്നതേതും
മനസ്സിലാക്കുന്നശക്യമത്രേ.
ജനങ്ങളേതേതു വഴിക്കു പോമെ-
ന്നനുക്ഷണം കാണ്മതെളുപ്പമാണോ?

അണിയറയിൽ പിന്നെയും

അയ്യയ്യോ! രക്ഷിക്കണേ! രക്ഷിക്കണേ!

രാജാവ് : (സംഭ്രമത്തോടെ ചുറ്റിനടന്നിട്ട്) തോഴരു പേടിക്കണ്ട.

(അണിയറയിൽ)

തോഴരേ, രക്ഷിക്കണേ! ഞാൻ എങ്ങനെ ഞാൻ പേടിക്കാതിരിക്കും? ഇതാ, ആരോ ഒരാൾ എന്റെ കഴുത്തു പിറകോട്ടു തിരിച്ചു കരിമ്പിൻതണ്ടുപോലെ ഒടിക്കുന്നു.

രാജാവ് : (ചുറ്റിനോക്കീട്ട്) വില്ലെവിടെ, വില്ല്?

യവനസ്ത്രീകൾ : (വില്ലുകൊണ്ടു പ്രവേശിച്ചിട്ട്) പൊന്നുതമ്പുരാനു വിജയം. ഇതാ പള്ളിവില്ലും തൃക്കൈയ്യുറയും.

(രാജാവ് വില്ലും അമ്പും വാങ്ങുന്നു.)

(അണിയറയിൽ)

കൊന്നീടുന്നേൻ, പുലി പശുവിനെ-
പ്പോലെ ഞെട്ടിപ്പിടക്കും
നിന്നെക്കണ്ഠോത്ഥിതപുതുനിണ-
പ്പാരണയ്ക്കായിതാ ഞാൻ.
ആർത്തർക്കെല്ലാമഭയമരുളാൻ
ചീർത്ത ചാപം വഹിച്ചോ-
രദ്ദുഷ്ഷന്തൻ നൃപതിയെഴുന-
ള്ളട്ടെ നിന്നെത്തുണയ്ക്കാൻ.

രാജാവ് : (കോപത്തോടുകൂടി) എന്നെത്തന്നെ ഊന്നിപ്പറയുന്നോ? നില്ലെടാ ശവംതീനി! നിന്റെ കഥ ഇപ്പോൾ കഴിയും. (വില്ല് കുലച്ച്) വേത്രവതി! മാളികയിലേക്കു കയറട്ടെ. മുമ്പെ നടന്നുകൊള്ളു.

വേത്രവതി : ഇതിലേ എഴുന്നള്ളാം.

(എല്ലാവരും വേഗത്തിൽ ചുറ്റി നടക്കുന്നു.)

രാജാവ് : ചുറ്റിനോക്കീട്ട്) ഇവിടെ ആരെയും കാണ്മാനില്ലല്ലോ

(അണിയറയിൽ)

അയ്യയ്യോ! ഞാൻ ഇതാ അങ്ങേക്കാണുന്നുണ്ട്; അങ്ങ് എന്നെക്കാണുന്നില്ല. എനിക്കു പൂച്ചയുടെ വായിലകപ്പെട്ട എലിയുടെ സ്ഥിതിയായി. ഇനി ജീവൻ കിട്ടുമെന്നുള്ള മോഹം വേണ്ട.

രാജാവ് : ഭൂതമേ, നിന്റെ തിരസ്കരണിവിദ്യയൊന്നും എന്റെ അസ്ത്രത്തോടു പറ്റുകയില്ല. അതു നിന്നെ കണ്ടുപിടിച്ചുകൊള്ളും. അസ്ത്രം ഇതാ, വിടുന്നു. ഇതാകട്ടെ.

കൊല്ലും കൊല്ലേണ്ടൊരന്നിനെ
പാലിക്കും പാല്യവിപ്രനെ
ക്ഷീരം കൈക്കൊള്ളുമന്നങ്ങൾ

നീരം ചേർക്കുന്നതു നീക്കിടും.

(അസ്ത്രം തൊടുക്കുന്നു.)

(അനന്തരം പിടുത്തം വിട്ടു മാതലിയും വിദൂഷകനും പ്രവേശിക്കുന്നു.)

മാതലി : ഹരിയസുരയല്ലോ നിൻ ശരങ്ങൾക്കു ലാക്കായ്-
ക്കരുതിയതവരിൽത്താൻ വില്ലിളുന്നിക്കുലയ്ക്കു;
പരിചൊടു കനിവേറും ദൃഷ്ടിവേണം പതിക്കാൻ
പരിചയമുടയോരിൽപ്പാഞ്ഞെഴും പത്രിയല്ല.

രാജാവ് : (അസ്ത്രം വേഗത്തിൽ പിൻവലിച്ചിട്ട്) ഏ! മാതലിയോ? ദേവേന്ദ്ര സാരഥിക്കു സ്വാഗതം!

വിദൂഷകൻ : എന്നെപ്പിടിച്ചു യാഗപ്പശുവിനെപ്പോലെ കൊല്ലാൻ ഭാവിച്ച ഇയാൾക്ക് ഇദ്ദേഹം സ്വാഗതം പറയുന്നു.

മാതലി : (പുഞ്ചിരിച്ചിട്ട്) നമ്മുടെ സ്വാമി ദേവേന്ദ്രൻ എന്നെ ഇങ്ങോട്ടു പറഞ്ഞയച്ചതിന്റെ സംഗതി മഹാരാജാവു കേൾക്കണം.

രാജാവ് : കേൾക്കാൻ കാത്തിരിക്കുന്നു.

മാതലി : കാലനേമിയുടെ സന്തതിയായിട്ട് ദുർജ്ജയർ എന്നു പേരായ ഒരു അസുരവർഗ്ഗമുണ്ട്.

രാജാവ് : ഉണ്ട്! ശ്രീനാരദൻ പറഞ്ഞുകേട്ടിട്ടുണ്ട്.

മാതലി : നിൻ മിത്രനാം ശതമഖന്നവർ വധ്യരല്ല;
തന്മാരണത്തിന്നുതകേണ്ടവനിന്നു നീതാൻ;
ഘർമ്മാംശുവിന്നു കഴിയാത്ത നിശാന്ധകാര-
നിർമ്മൂലനക്രിയ നടത്തുവതിന്ദുവത്രേ.

അതിനാൽ വില്ലും അമ്പും എടുത്തിരിക്കുന്ന അങ്ങു രഥത്തിൽ കയറി വിജയയാത്രയ്ക്കു പുറപ്പെടാം.

രാജാവ് : ഇന്ദ്രഭഗവാന്റെ ഈ സംഭാവന എനിക്കൊരു അനുഗ്രഹമാണ്. അതിരിക്കട്ടെ; എന്തിനാണങ്ങ് ഈ മാഢവ്യനോടിങ്ങനെ പ്രവർത്തിച്ചത്?

മാതലി : അതും പറയാം. എന്തോ ഒരു മനസ്താപത്താൽ വാട്ടംതട്ടി ഉന്മേഷമില്ലാത്ത നിലയിലാണ് അങ്ങേ ഞാൻ കണ്ടത്. ഒന്നു ചൊടിപ്പിക്കാൻവേണ്ടി ഇങ്ങനെ ചെയ്തുവെന്നേയുള്ളൂ. എന്തെന്നാൽ,

അനലനെരിയുമിന്ധനം കുടഞ്ഞാൽ;
അരവമെതിർത്തിടുകിൽപ്പടം വിരിക്കും;
തനതു മഹിമ മിക്കവാറുമാർക്കും
തെളിയുവതൊന്നു കയർത്തിടുമ്പോളത്രേ.

രാജാവ് : ഭഗവാൻ ചെയ്തതു ശരിയാണ്. (വിദൂഷകനോടു സ്വകാര്യം) തോഴരേ,

ഇന്ദ്രഭഗവാന്റെ ആജ്ഞ ലംഘിച്ചുകൂടാ. അതിനാൽ വിവരം ധരിപ്പിച്ച് അമാത്യ പിശുനനോട് ഞാൻ പറഞ്ഞതായി ഇങ്ങനെ പറയൂ;

ഭവന്മതി തനിച്ചിന്നു ഭരിക്കട്ടെ ജനങ്ങളെ!

ഇങ്ങു മറ്റൊരു കാര്യത്തിലിറങ്ങി കുലവില്ലിത്.

വിദൂഷകൻ : കല്പനപോലെ (പോയി)

മാതലി : മഹാരാജാവേ, തേരിൽക്കയറാം.

(രണ്ടുപേരും തേരിൽക്കയറുന്നു. എല്ലാവരും പോയി.)

ഏഴാം അങ്കം

(അനന്തരം രഥത്തിൽ കയറി രാജാവും മാതലിയും ആകാശമാർഗ്ഗമായി പ്രവേശിക്കുന്നു.)

രാജാവ്:

ദേവേന്ദ്രൻ എന്നെ സത്കരിച്ചതിന്റെ ഗൗരവം നോക്കുമ്പോൾ ഞാൻ അദ്ദേഹത്തിന്റെ ആജ്ഞ അനുഷ്ഠിച്ചു എന്നല്ലാതെ അദ്ദേഹത്തിന് ഒരു സഹായംചെയ്തു എന്നു പറവാൻ വക കാണുന്നില്ല.

മാതലി:

(പുഞ്ചിരിയോടെ) മഹാരാജാവേ, രണ്ടുകൂട്ടർക്കും തൃപ്തിയില്ലെന്നാണ് ഞാൻ വിചാരിക്കുന്നത്.

ഇങ്ങേറ്റ സത്ക്രിയ നിനച്ചു ഭവാനു ഭാവ-
മങ്ങോട്ടു ചെയ്തൊരുപകാരമസാരമെന്ന്;
നിൻ വിക്രമത്തിനണുവും മതിയായതില്ല
തൻ സത്കൃതിപ്പൊലിമയെന്നു പുരന്ദരന്നും. 1

രാജാവ്:

മാതലീ, അങ്ങനെയല്ല; യാത്രയയച്ച സമയത്തെ സത്കാരം ആശയ്ക്കുകൂടി എത്താൻ പാടില്ലാത്ത വിധത്തിൽ കേമമായിരുന്നു. ദേവന്മാരുടെ സമക്ഷം എന്നെ അർദ്ധാസനത്തിലിരുത്തീട്ട്

നിജാന്തികത്തിൽ സ്പൃഹപൂണ്ടു നിൽക്കും
ജയന്തനിൽ സസ്മിതദൃഷ്ടിയോടെ
തന്മാറിലെച്ചന്ദനമുദ്ര ചേർന്ന
മന്ദാരമാല്യം ഹരിയങ്ങണച്ചാൻ 2

മാതലി:

അമരേശ്വരൻ അങ്ങേക്ക് എന്തുതന്നെ സത്കാരം ചെയ്യേണ്ട! വിചാരിച്ചുനോക്കൂ!

രണ്ടെണ്ണമായി സുഖലോലുപനാം ഹരിക്കു
വേണ്ടിസ്സുരാരികുലകണ്ടകമുദ്ധരിപ്പാൻ
പണ്ടുഗ്രനായ നരകേസരിതൻ നഖങ്ങൾ
ചണ്ഡങ്ങളീയിടയിൽ നിന്നുടെ സായകങ്ങൾ 3

രാജാവ്:

ഇതിലും സ്തുതിക്കാനുള്ളത് ശതക്രതുഭഗവാന്റെ മാഹാത്മ്യം തന്നെയാണ്.

സാരം കലർന്ന പല കാര്യവുമോർക്കിലാൾക്കാർ
നേരേ നടത്തുവതധീശ്വരഗൗരവത്താൽ;
സാരഥ്യമർക്കനരുളാതെയിരിക്കിലല്ലു

ദൂരീകരിപ്പതരുണന്നെളുതായിരുന്നോ? 4

മാതലി:

അങ്ങേക്കിങ്ങനെ തോന്നുന്നതു യുക്തം തന്നെ.

(കുറേ ദൂരം യാത്രചെയ്തിട്ട്) മഹാരാജാവേ, ഇവിടെ നോക്കുക, സ്വർഗ്ഗലോകത്തിൽ പ്രതിഷ്ഠിസിദ്ധിച്ചിട്ടുള്ള അങ്ങേ യശസ്സിന്റെ ഭാഗ്യം:

സുരനാരികൾ ചാർത്തുമംഗരാഗം
പരിശേഷിച്ചതെടുത്തു നിർജ്ജരന്മാർ
വരകല്പലതാംശുകങ്ങളിൽ ത്വ-
ച്ചരിതം ചേർത്തെഴുതുന്ന കീർത്തനങ്ങൾ. 5

രാജാവ്:

മാതലീ, ഇന്നലെ അങ്ങോട്ടു പോകുമ്പോൾ യുദ്ധത്തിന്റെ വിചാരംകൊണ്ടു സ്വർഗ്ഗമാർഗ്ഗം ഒന്നും നല്ലവണ്ണം നോക്കുകയുണ്ടായില്ല. നാം ഇപ്പോൾ ഏതു വായുസ്കന്ധത്തിലാണ് ഇറങ്ങിയിരിക്കുന്നതെന്ന് പറക.

മാതലി:

സ്വർഗ്ഗംഗതാങ്ങി, മുനിപുംഗവരേഴുപേരെ
മാർഗ്ഗത്തിൽ രശ്മി വിഭജിച്ചു നയിച്ചു നിത്യം
വീശുന്നൊരാപ്പരിവഹന്റെ വശത്തിലാണി-
ദ്ദേശം പതിഞ്ഞു ഹരിപാദമതിൽ ദ്വിതീയം 6

രാജാവ്:

ഇതുകൊണ്ടുതന്നെ ആയിരിക്കണം എന്റെ ഇന്ദ്രിയങ്ങൾക്കും അന്തരാത്മാവിനും ഒരു തെളിമ തോന്നുന്നത്. (രഥചക്രം നോക്കീട്ട്) നാം മേഘമാർഗ്ഗത്തിൽ വന്നിരിക്കുന്നു.

മാതലി:

എങ്ങനെ അറിഞ്ഞു?

രാജാവ്:

ആരക്കാലിനിടയ്ക്കുകൂടി നെടുകേ
നൂഴുന്ന വേഴാമ്പൽ വ-
ന്നേറെക്കാന്തി കലർന്നു മിന്നലുമിതാ
വീശുന്നിതശ്വങ്ങളിൽ
ഊറിക്കാണ്മതുമുണ്ടു പട്ടവഴിയേ
നീർത്തുള്ളിയിങ്ങാകയാൽ
കാറുൾക്കൊണ്ടൊരു കൊണ്ടലിൻ വഴിയിൽ നാം
വന്നെത്തിയെന്നോർത്തിടാം. 7

മാതലി:
ക്ഷണനേരത്തിനുള്ളിൽ മഹാരാജാവ് തന്റെ അധികാരഭൂമിയിൽച്ചെന്നെത്തും.
രാജാവ്:
(കീഴ്പ്പോട്ടു നോക്കീട്ട്) വേഗത്തിൽ ഇറങ്ങിക്കൊണ്ട് ഈ നിലയിൽനിന്നു നോക്കുമ്പോൾ ഭൂലോകത്തിന്റെ കാഴ്ച്ച വളരെ ആശ്ചര്യമായിരിക്കുന്നു. എങ്ങനെയെന്നാൽ,

പാരിപ്പൊങ്ങിവരുന്ന ശൈലശിഖരം
കൈവിട്ടിറങ്ങുന്നിതോ?
ചേരുന്നോ തടിയങ്ങിലച്ചുലച്ചലിനിട-
യ്ക്കായിട്ടു വൃക്ഷങ്ങളിൽ?
നേരേ നീർ തെരിയാതിരുന്നൊരു നദീ-
ജാലങ്ങൾ വായ്ക്കുന്നിതോ?
ചാരത്തേക്കൊരുവൻ വലിച്ചുടനെറി-
ഞ്ഞീടുന്നിതോ ഭൂമിയെ? 8

മാതലി:
അങ്ങു പറഞ്ഞതുപോലെ ഇതു നല്ല കാഴ്ച്ച തന്നെ. (ബഹുമാനത്തോടുകൂടി നോക്കീട്ട്) ഭൂലോകം ഉദാരരമണീയമായിരിക്കുന്നു.
രാജാവ്:
മാതലി, കനകം ഉരുക്കി ഒഴിച്ചതുപോലെ കിഴക്കും പടിഞ്ഞാറുമുള്ള സമുദ്രംവരെ ഇറങ്ങിക്കാണുന്ന ഈ പർവ്വതം ഏതാണ്?
മാതലി:
കിമ്പുരുഷന്മാരുടെ വാസസ്ഥലമായ ഹേമകൂടം എന്ന പർവ്വതമാണിത്. തപസ്സിദ്ധികൊണ്ട് ലഭിക്കാവുന്നതിൽ ഉത്തമസ്ഥാനവും ആണ്. നോക്കുക:

വിരിഞ്ചദേവന്റെ മനസ്സുമുത്ഭനാം
മരീചിതന്നാത്മഭവൻ പ്രജാപതി,
സുരാസുരർക്കും ജനകൻ സഭാര്യനായ്-
ച്ചരിച്ചിടുന്നൂ തപമിങ്ങു കശ്യപൻ. 9

രാജാവ്:
ശ്രേയസ്സു ലഭിക്കുന്നതിനുള്ള സൗകര്യം നേരിടുന്നത് ഉപേക്ഷിക്കരുതല്ലോ. കശ്യപഭഗവാനെ വന്ദിച്ചുപോകാൻ ആഗ്രഹമുണ്ട്.
മാതലി:
നല്ല ആലോചനതന്നെ. (ഇറങ്ങുന്നതു നടിക്കുന്നു.)
രാജാവ്: (പുഞ്ചിരിയോടെ)

കുറിപ്പതോ ചാട്ടുരുളുന്ന നിസ്വനം?
പറന്നുപൊങ്ങും പൊടിയെങ്ങു പാർത്തിടാൻ?
തെറിപ്പതില്ലൊട്ടു, നിലംതൊടായ്കയാ-
ലിറങ്ങി തേ,രെന്നറിയുന്നതെങ്ങനെ? 10

മാതലി:

ഇത്രമാത്രമേ ഉള്ളൂ, അങ്ങയുടെ രഥത്തിനും ദേവേന്ദ്രന്റെ രഥത്തിനും തമ്മിലുള്ള ഭേദം.

രാജാവ്:

ഏതു ദിക്കിലായിട്ടാണ് മരീചാശ്രമം?

മാതലി: (കൈ ചൂണ്ടിക്കാണിച്ചുകൊണ്ട്)

പുറ്റിൽപ്പാതി മറഞ്ഞു മെയ്യതിനുമേൽ-
പ്പാമ്പിന്റെ തോൽ മാറിലും
ചുറ്റിപ്പറ്റിയ ജീർണ്ണവള്ളി വലയ-
ക്കൂട്ടങ്ങൾ കണ്ഠത്തിലും
ചുറ്റും പക്ഷികൾ കൂടുകെട്ടിയ ജടാ-
ജ്ജൂടങ്ങൾ തോളത്തുമായ്
കുറ്റിക്കൊത്ത മുനീന്ദ്രനർക്കനെതിരായ്
നിൽക്കുന്നൊരദ്ദിക്കിലാം. 11

രാജാവ്:

കൊട്ടും തപസ്സുചെയ്യുന്ന ഇദ്ദേഹത്തിനു നമസ്കാരം!

മാതലി:

(കുതിരകളെ നിർത്തിയിട്ട്) ഇതാ നാം നട്ടുവളർത്തിയ മന്ദാരവൃക്ഷങ്ങളുള്ള കശ്യപാശ്രമത്തിലെത്തിയിരിക്കുന്നു.

രാജാവ്:

ഈ സ്ഥലം സ്വർഗ്ഗത്തെക്കാൾ ആനന്ദകരമാണ്. എനിക്ക് അമൃതത്തിലിറങ്ങി മുങ്ങിയതുപോലെ ഒരു സുഖം തോന്നുന്നു.

മാതലി:

(രഥം ഉറപ്പിച്ചുനിർത്തിയിട്ട്) മഹാരാജാവിറങ്ങാം.

രാജാവ്:

(ഇറങ്ങിയിട്ട്) അങ്ങ് എന്താണ് ഭാവം?

മാതലി:

രഥം നിറുത്തി ഞാനും ഇറങ്ങാം. (ഇറങ്ങിയിട്ട്) മഹാരാജാവ് ഇതിലേ വരാം.

(രണ്ടുപേരും ചുറ്റിനടക്കുന്നു.)

മാതലി:

ഇതാ, മഹാതപസ്വികളുടെ ആശ്രമസ്ഥലങ്ങൾ നോക്കുക.

രാജാവ്:

ഞാൻ കാണുന്നുണ്ട്. ഇവരുടെ തപസ്സ് വളരെ ആശ്ചര്യമായിരിക്കുന്നു.

ജീവിക്കാൻ കല്പവൃക്ഷാവലിയുടെ നടുവിൽ,-
ബ്ഭക്ഷണം വായു മാത്രം;
ശുദ്ധിക്കായ് സ്നാനകർമ്മം കനകകമലിനീ-
ധൂളിയാളും ജലത്തിൽ;
ധ്യാനിക്കാൻ രത്നപീഠം; ത്രിദിവതരുണിമാർ
ചൂഴവേ ബ്രഹ്മചര്യം;
പ്രാപിക്കേണം തപസ്സാൽപ്പദമിതിവിടെയീ-
ത്താപസന്മാർ തപിപ്പോർ. 12

മാതലി:

മഹാത്മാക്കളുടെ പ്രാർത്ഥനകൾ മേൽക്കുമേൽ ഉയർന്നുകൊണ്ടിരിക്കും. (ചുറ്റിനടന്ന് ആകാശത്തിൽ ലക്ഷ്യം ബന്ധിച്ച്) ഹേ വൃദ്ധശാകല്യ! മാരീചഭഗവാന്റെ സന്നിധാനത്തിലിപ്പോൾ എന്തു സമയമാണ്? (കേട്ടതായി ഭാവിച്ച്) 'മഹർഷിമാരുടെ സദസ്സിൽവെച്ച് അദിതിദേവി ചോദിച്ചിട്ട് പാതിവ്രത്യധർമ്മം അവർക്കുപദേശിക്കയാണ്'' എന്നോ

പറഞ്ഞത്? എന്നാൽ, ഈ പ്രസ്താവത്തിൽത്തന്നെ അവസരം കിട്ടാനിടയുണ്ട്. കാത്തിരിക്കാം. (രാജാവിന്റെ നേരെ നോക്കീട്ട്) മഹാരാജാവ് ഈ അശോകത്തറയിൽ ഇരിക്കണം. ഞാൻ ചെന്നു സന്നിധാനത്തിൽ കാത്തുനിന്നു സമയമറിഞ്ഞുവരാം.

രാജാവ്:

അങ്ങേ യുക്തംപോലെ. (അശോകച്ചുവട്ടിൽ നിൽക്കുന്നു.)

മാതലി:

എന്നാൽ, ഞാൻ പോകട്ടെ. (പോയി)

രാജാവ്: (ശുഭലക്ഷണം നടിച്ചിട്ട്)

ആയാശ പൊയ്പ്പോയതിലില്ല മോഹം;
കയ്യേ, തുടിക്കുന്നതു നീ വൃഥാതാൻ;
ശ്രേയസ്സു കൈവന്നതൊഴിച്ചുവിട്ടാ-
ലായാസമല്ലാതെ ഫലിപ്പതുണ്ടോ? 13

(അണിയറയിൽ) അരുത് ഉണ്ണീ. ചാപല്യം കാണിക്കരുത്. ജാതിസ്വഭാവം വന്നുപോകുന്നല്ലോ!

രാജാവ്:

(കേട്ടതായി നടിച്ച്) ഇവിടെ അവിനയം വരുന്നതല്ല. പിന്നെ ആരെയാണ് നിരോധിക്കുന്നത്? (ശബ്ദം അനുസരിച്ചുനോക്കീട്ട്) ഏതാണീ ബാലൻ? പിന്തുടരുന്ന താപസിമാരെ ഒട്ടും വകവെക്കുന്നില്ല. ഇവനാകട്ടെ,

മുല പാതി കുടിച്ചുനിൽക്കവേ
ഗളരോമങ്ങൾ പിടിച്ചുലച്ചിതാ
ബലമോട്ടു വലിച്ചിട്ടുന്നിതേ
കളിയാടാനൊരു സിംഹബാലനെ. 14

(മേൽ പറഞ്ഞ പ്രകാരം ബാലനും താപസിമാരും പ്രവേശിക്കുന്നു.)

ബാലൻ:

വായ് പൊളിക്കു സിംഹക്കുട്ടീ. നിന്റെ പല്ല് ഞാൻ എണ്ണട്ടെ!

ഒന്നാം താപസി:

ഛീ ചണ്ടിത്തരം കാണിക്കരുത്. ഞങ്ങൾ മക്കളെപ്പോലെ വളർത്തുന്ന മൃഗങ്ങളെ ഉപദ്രവിക്കുന്നോ? നിന്റെ തുനിവ് കുറേ കൂടീപ്പോകുന്നു. സർവ്വദമനൻ എന്ന് മഹർഷിമാർ നിനക്കു പേരിട്ടത്ുശരിതന്നെ.

രാജാവ്:

എന്താണ് ഈ ബാലനെക്കണ്ടിട്ട് എനിക്ക് സ്വന്തം പുത്രനെപ്പോലെ സ്നേഹം തോന്നുന്നത്? പുത്രനില്ലായ്മകൊണ്ടുതന്നെ ആയിരിക്കാം.

രണ്ടാം താപസി:

സർവ്വദമനാ, നീ ഈ സിംഹക്കുട്ടിയെ വിട്ടില്ലെങ്കിൽ അതിന്റെ തള്ള നിന്റെ നേരെ ചാടിവീഴുമേ!

ബാലൻ:

(പുഞ്ചിരിച്ചിട്ട്) അബ്ബ! വലിയ പേടിതന്നെ. (ചുണ്ടുപിളർത്തിക്കാണിക്കുന്നു.)

രാജാവ്:

എരിയാൻ വിറകിന്നു കാത്തിടും
പൊരിയായുള്ളോരു ഹവ്യവാഹന് ശരിയായി നിനച്ചിടുന്നു ഞാൻ പെരിയോർക്കുള്ളോരു വീരബാലനെ. 15

ഒന്നാം താപസി:

കുഞ്ഞേ, ഈ സിംഹക്കുട്ടിയെ വിട്ടേയ്ക്കു! നിനക്കു കളിക്കാൻ വേറെ ഒന്നു തരാം.

ബാലൻ:

എവിടെ! വരു. (കൈമലർത്തിക്കാണിക്കുന്നു.)

രാജാവ്:

(നോക്കീട്ട് ആശ്ചര്യത്തോടേ) എന്ത്, ഇവന്റെ കയ്യിൽ ചക്രവർത്തിലക്ഷണവും

കാണുന്നുണ്ടല്ലോ. ഇവനാകട്ടെ,

കളിക്കോപ്പേൽക്കാനായ് കുതുകമൊടു നീട്ടീ-
ടിന കരം
വിളക്കിച്ചേർത്തോണം വിരൽനിര ഞെരുങ്ങി-
ത്തൊട്ടുകയാൽ
വിളങ്ങുന്നൂ രാഗം ദൃശമെഴുമുഷസ്സിൽ-
ദ്ദലകുലം
തെളിഞ്ഞീടാതൊന്നായ് വിടരുമൊരു തണ്ടാർ-
മലരുപോൽ. 16

രണ്ടാം താപസി: സുവ്രതേ, ഇവൻ വാക്കുകൊണ്ടു മാത്രം തൃപ്തിപ്പെടുന്നവനല്ല. അതുകൊണ്ട് നീ എന്റെ പർണ്ണശാലയിൽ ചെന്ന് മാർക്കണ്ഡേയന്റെ ചായം തേച്ച മണ്മയിലിനെ എടുത്തുകൊണ്ടുവരൂ.

ഒന്നാം താപസി:

അങ്ങനെതന്നെ. (പോയി)

ബാലൻ:

അതുവരെ ഞാൻ ഇതിനെക്കൊണ്ടു കളിക്കും. (എന്നു താപസിയെ നോക്കി ചിരിക്കുന്നു.)

രാജാവ്: ഈ ദുസ്സാമർത്ഥ്യക്കാരൻ കുട്ടിയോട് എനിക്ക് എന്തെന്നില്ലാത്ത സ്നേഹം തോന്നുന്നു.

പല്ലിന്മൊട്ടുകൾ ഹേതുവെന്നിയെ ചിരി-
ച്ചൽപ്പം തെളിച്ചും രസി-
ച്ചുല്ലാസത്തൊടു ചൊല്ലിയും ചില വച-
സ്സവ്യക്തമുഗ്ദ്ധാക്ഷരം
അങ്കത്തിൽക്കുതുകത്തൊടേറിയമരും
ബാലന്റെ പൂമേനിമേൽ-
ത്തങ്കും പങ്കമണിഞ്ഞിടുന്നു സുകൃതം
ചെയ്തോരു ധന്യം ജനം. 17

താപസി:

ആകട്ടെ. ഇവൻ എന്നെ കൂട്ടാക്കുന്നില്ല. (ഇരുപുറവും തിരിഞ്ഞുനോക്കീട്ട്) ആരാ അവിടെ ഋഷികുമാരന്മാരുള്ളത്? (രാജാവിനെക്കണ്ടിട്ട്) ഭദ്ര, ഇങ്ങോട്ടു വരണേ. ഇതാ, ഇവൻ കളിയായിട്ടു സിംഹക്കുട്ടിയെ മുറുക്കിപ്പിടിച്ചുവലിച്ചുപദ്രവിക്കുന്നു. ഒന്നു പിടിക്കണേ!

രാജാവ്:

അങ്ങനെതന്നെ. (അടുത്തുചെന്ന് പുഞ്ചിരിയോടെ) എടോ മഹർഷി ബാലക,
തെറികാട്ടിയാശ്രമവിരുദ്ധവൃത്തി നീ
ചെറുപാമ്പു ചന്ദനമരത്തിനെന്നപോൽ
വെറുതേ വിശുദ്ധതരസത്വസൗമ്യമാം
പിറവിക്കു ദോഷമുളവാക്കിവെക്കൊലാ. 18

താപസി:

ഭദ്ര, ഇവൻ മഹർഷിബാലനല്ല.

രാജാവ്:

അത് ഇവന്റെ ആകൃതിക്കു ചേർന്ന പ്രകൃതികൊണ്ടുതന്നെ അറിയാം. സ്ഥലഭേദംകൊണ്ടു ഞാൻ ശങ്കിച്ചുപോയതാണ്. (പറഞ്ഞതുപോലെ ബാലനെ വിലക്കീട്ടു ബാലന്റെ സ്പർശനസുഖം അനുഭവിച്ച്, വിചാരം)
ഗോത്രാദിയൊന്നുമറിയാതെയെനിക്കിവന്റെ
ഗാത്രങ്ങളിൽത്തൊട്ടുകയാൽ സുഖമിത്രമാത്രം
എത്രയ്ക്കുവേണമിവനെ പ്രതിപത്തിയോടെ
പുത്രത്വമോർത്തു പുണരുന്നൊരു പുണ്യവാന്ന്? 19

താപസി:

(രണ്ടുപേരെയും നോക്കി) ആശ്ചരമാശ്ചര്യം!

രാജാവ്:

എന്താണ്!

താപസി:

അങ്ങേക്കും ഇവനും ഛായ നന്നേ യോജിച്ചു കണ്ടതിനാൽ എനിക്കു വിസ്മയം തോന്നിയതാണ്. മുൻപരിചയമില്ലെങ്കിലും അങ്ങേക്കിവൻ വഴിപ്പെട്ടുകയും ചെയ്തു.

രാജാവ്:

(ബാലനെ ലാളിച്ചുകൊണ്ട്) ആര്യേ, മുനികുമാരനല്ലെങ്കിൽ ഇവന്റെ കുലം ഏതാണ്?

താപസി:

പൂരുവംശമാണ്.

രാജാവ്:

(വിചാരം) എന്ത്! എന്റെ വംശം തന്നെയോ? അതാണ് ഇവന് എന്റെ ഛായയുണ്ടെന്ന് താപസിക്കു തോന്നിയത്. പൗരവർക്ക് ഇങ്ങനെ അന്ത്യമായ കുലവ്രതമുണ്ടല്ലോ.
ധരണീഭരണത്തിനായി മുന്നം

പുരുസൗധങ്ങളിൽ വാണതിന്റെ ശേഷം തരുമൂലഗൃഹസ്ഥരായ്ച്ചരിപ്പൂ പൂരുവം ശോദ്ഭവരേകപത്നിയോടെ. 20

(വെളിവായിട്ട്) മനുഷ്യർക്കു ബോധിച്ചതുപോലെ കടന്നുവരാവുന്ന സ്ഥലമല്ലല്ലോ ഇത്.

താപസി:

അങ്ങു പറഞ്ഞത് ശരിതന്നെ, അപ്സരസ്സംബന്ധംകൊണ്ട് ഈ ബാലന്റെ മാതാവ് ദേവഗുരുവായ കശ്യപന്റെ ഈ ആശ്രമത്തിൽ ഇവനെ പ്രസവിച്ചു.

രാജാവ്:

(വിചാരം) എന്റെ ആശയ്ക്ക് ഒരു താങ്ങലുംകൂടി ആയി. (വെളിവായി) എന്നാൽ ശ്രീമതിയുടെ ഭർത്താവായ രാജർഷിയുടെ പേരെന്താണ്?

താപസി:

ധർമ്മപത്നിയെ ഉപേക്ഷിച്ചുപോയ അയാളുടെ നാമം ആര് ഉച്ചരിക്കും?

രാജാവ്:

(വിചാരം) ഈ പറയുന്നത് എന്നെത്തന്നെ ഉദ്ദേശിച്ചായിരിക്കണം. ഈ കുട്ടിയുടെ അമ്മയുടെ പേര് ചോദിച്ചാലോ? അല്ലെങ്കിൽ പരസ്ത്രീപ്രസംഗം ശരിയല്ല.

ഒന്നാം താപസി:

(പ്രവേശിച്ച് മയിലിനെ ആടുന്ന ഭാവത്തിൽപിടിച്ചുകൊണ്ട്) സർവ്വദമന, ഇതാ ശകുന്തലാസ്യം നോക്കു.

ബാലൻ:

(ചുറ്റും നോക്കീട്ട്) അമ്മ ഇവിടെ ഇല്ലല്ലോ.

താപസി:

(ചിരിച്ചുകൊണ്ട്) മാതൃവത്സലനായ ബാലൻ അർത്ഥം മാറിദ്ധരിച്ചു.

രണ്ടാം താപസി:

വത്സ, മയിലാട്ടുന്നതു നോക്കു എന്നാണ് പറഞ്ഞത്.

രാജാവ്:

(വിചാരം) ഇവന്റെ മാതാവിന്റെ പേർ ശകുന്തള എന്നാണോ? എന്നാൽ, അനേകം പേർക്ക് ഒരു പേരുതന്നെ വരാറുണ്ടല്ലോ. ഈ പ്രസ്താവം കാനൽജ്ജലം പോലെ ഒടുവിൽ എനിക്കു വിഷാദത്തിന് ഇടയാക്കാതിരുന്നാൽ കൊള്ളാമായിരുന്നു.

ബാലൻ:

എനിക്കീ മയിലിനെ നന്നേ രസിച്ചു. ഞാനിതമ്മയുടെ അടുക്കലേക്ക് കൊണ്ടുപോകും. (കളിക്കോപ്പു വാങ്ങുന്നു.)

ഒന്നാം താപസി:

(നോക്കി സംഭ്രമിച്ച്) അയ്യോ! കുഞ്ഞിന്റെ കയ്യിൽ കെട്ടിച്ചിരുന്ന രക്ഷ കാണുന്നില്ലല്ലോ.

രാജാവ്:

പരിഭ്രമിക്കേണ്ട. സിംഹക്കുട്ടിയുമായുള്ള കലശലിൽ താഴെ വീണുപോയി. (എടുക്കാൻ ഭാവിക്കുന്നു.)

താപസിമാർ:

അരുതേ, തൊടരുതേ. അല്ല! ഇദ്ദേഹം എടുത്തുകഴിഞ്ഞോ? (വിസ്മയിച്ചു മാറത്തു കൈവെച്ചുകൊണ്ട് അന്യോന്യം നോക്കുന്നു.)

രാജാവ്:

എന്തിനാണ് നിങ്ങൾ എന്നെത്തടഞ്ഞത്?

ഒന്നാം താപസി:

മഹാരാജാവ് കേട്ടുകൊണ്ടാലും! ഈ രക്ഷ അപരാജിത എന്നു പേരായ ഔഷധിയാണ്. ഇവന്റെ കാതകർമ്മസമയത്തിൽ മാരീചഭഗവാൻ ഇത് ഇവനെ ധരിപ്പിച്ചു. അച്ഛനോ അമ്മയോ താനോ അല്ലാതെ ആരും ഇത് താഴെവീണാൽ എടുത്തുകൂടാ എന്നും കല്പിച്ചു.

രാജാവ്:

അല്ല, എടുത്താലോ?

ഒന്നാം താപസി:

ഉടൻതന്നെ സർപ്പമായിത്തീർന്ന് എടുത്തവനെ കടിക്കും.

രാജാവ്:

ഈ മാറ്റം എപ്പോഴെങ്കിലും നിങ്ങൾക്ക് അനുഭവപ്പെട്ടിട്ടുണ്ടോ?

താപസി:

പല പ്രാവശ്യം.

രാജാവ്:

(സന്തോഷത്തോടുകൂടി വിചാരം) എന്റെ മനോവിചാരം പൂർണ്ണമായി സിദ്ധിച്ചു. ഇനി എന്തിന് അഭിനന്ദിക്കാതിരിക്കുന്നു? (ബാലനെ ആലിംഗനം ചെയ്യുന്നു)

രണ്ടാം താപസി:

സുവ്രതേ, വരൂ: ഈ വർത്തമാനം വ്രതനിഷ്ഠയിൽ ഇരിക്കുന്ന ശകുന്തളയോടു ചെന്നുപറയാം.

(താപസിമാർ പോയി)

ബാലൻ:

എന്നെ വിടൂ! എനിക്ക് അമ്മയുടെ അടുക്കൽ പോകണം.

രാജാവ്:

മകനേ, എന്നോടൊരുമിച്ചുതന്നെ ചെന്ന് അമ്മയെ ആനന്ദിപ്പിക്കാം.

ബാലൻ:

എന്റെ അച്ഛൻ ദുഷ്ഷന്തനാണ്, താനല്ല.

രാജാവ്:

(ചിരിച്ചിട്ട്) ഈ തർക്കംതന്നെ എനിക്കു വിശ്വാസം ഉറപ്പിക്കുന്നു.

(അനന്തരം കെട്ടാതെ അഴിഞ്ഞുകിടക്കുന്ന തലമുടിയുമായി ശകുന്തള പ്രവേശിക്കുന്നു.)

ശകുന്തള:

മാറ്റം വരേണ്ട കാലത്തിൽപ്പോലും സർവ്വദമനന്റെ രക്ഷ അതേ സ്ഥിതിയിൽത്തന്നെ ഇരുന്നു എന്നു കേട്ടിട്ടും എനിക്ക് എന്റെ ഭാഗ്യത്തിൽ വിശ്വാസം വരുന്നില്ല. അല്ലെങ്കിൽ, സാനുമതി പറഞ്ഞതുപോലെ സംഭവിക്കാവുന്നതാണല്ലോ.

രാജാവ്:

(ശകുന്തളയെ കണ്ടിട്ട് ആശ്ചര്യത്തോടെ)

ഇതാ ശ്രീമതി ശകുന്തള!

മലിനം വസനദ്വയം, വ്രതത്താൽ

മെലിവേറ്റം; കുഴൽകറ്റയൊറ്റയായി; പലനാളിവളുണ്ടു കാത്തിടുന്നൂ ഖലനാമെന്റെ വിയോഗദീക്ഷ സാദ്ധ്വി. 21

ശകുന്തള:

(പശ്ചാത്താപംകൊണ്ടു വിധംമാറിയ രാജാവിനെക്കണ്ടിട്ട് വിചാരം) ഇത് എന്റെ ആര്യപുത്രനെപ്പോലെ ഇരിക്കുന്നില്ലല്ലോ. പിന്നെ ആരാണ് രക്ഷ കെട്ടാതിരിക്കുന്ന എന്റെ കുഞ്ഞിനെ തൊട്ടു ദൂഷിപ്പിക്കുന്നത്?

ബാലൻ:

(അമ്മയുടെ അടുത്തുചെന്ന്) അമ്മേ, ഇതാ ആരോ വന്ന് എന്നെ 'മകനേ' എന്നു വിളിക്കുന്നു.

രാജാവ്:

പ്രിയേ, ഞാൻ പ്രവർത്തിച്ചത് ക്രൂരതയാണെങ്കിലും അതു നിന്റെ പേരിലാകയാൽ അനുകൂലമായി കലാശിച്ചു. എന്നെ ഇപ്പോൾ നീ ഭർത്താവെന്നോർമ്മിച്ചറിയണമെന്നു പ്രാർത്ഥിക്കേണ്ടിവന്നിരിക്കുന്നു.

ശകുന്തള:

(വിചാരം) ഹൃദയമേ, ഇനി ആശ്വസിക്കാം. ദൈവം മത്സരം വിട്ട് എന്റെ നേരേ കരുണ ചെയ്തു എന്നുതോന്നുന്നു. ഇത് ആര്യപുത്രൻ തന്നെ.

രാജാവ്:

പ്രിയേ,

മോഹമകന്നു തെളിഞ്ഞേൻ
മോഹനതനു! വന്നു നീയുമെന്നരികിൽ
രാഹുവിനെ വിട്ടു ചന്ദ്രൻ
രോഹിണിയോടടുത്തുചേർന്നു ഭാഗ്യവശാൽ. 22

ശകുന്തള:

ആര്യപുത്രനു വിജയം! (തൊണ്ടയിടറി പാതിയിൽ നിർത്തുന്നു)

രാജാവ്:

ഇന്നിജ്ജയപ്രാർത്ഥന ഗദ്ഗദത്താൽ
മന്ദിക്കിലും ഹന്ത! ഫലിച്ചിതെന്നിൽ,
താംബൂലരാഗം കലരാതെ നിന്റെ
ബിംബാധരം സുന്ദരി, കാൺകയാലേ. 23

ബാലൻ:

അമ്മേ ഇതാരാണ്?

ശകുന്തള:

കുഞ്ഞേ നിന്റെ ഭാഗ്യത്തോടു ചോദിക്കു.

രാജാവ്:

(ശകുന്തളയുടെ കാൽക്കൽ വീണിട്ട്)

തെല്ലും ഞാൻ തള്ളിയെന്നുള്ളൊരു പരിഭവമുൾ-
ക്കൊള്ളൊലാ വല്ലഭേ നീ,
വല്ലാതെന്നുള്ളമന്നാളൊരു മലിനതയേ-
റ്റേറെ മന്ദിച്ചിരുന്നു:
കല്യാണം കൈവരുമ്പോൾ കലുഷമതികളി-
മ്മട്ടിലും ചേഷ്ടകാട്ടും;
മാല്യം മൂർദ്ധാവിലിട്ടാൽ തല കടയുമുടൻ
പമ്പിതെന്നോതിയന്ധൻ. 24

ശകുന്തള:

(കരഞ്ഞുകൊണ്ട്) എണീക്കണം, എണീക്കണം ആര്യപുത്രൻ. എന്റെ മുജ്ജന്മപാപം അന്നു ഫലോന്മുഖമായിരുന്നിരിക്കണം, അതാണ് ദയാലുവായ ആര്യപുത്രൻ അന്ന് എന്നോടങ്ങനെ പ്രവർത്തിച്ചത്.

(രാജാവ് എഴുന്നേൽക്കുന്നു.)

പിന്നെ എങ്ങനെയാണ് ഇദ്ദുഃഖത്തിനു പാത്രമായ എന്നെ ഓർമ്മ വന്നത്?

രാജാവ്:

വിഷാദശല്യം ഉള്ളിൽനിന്നു നീക്കിക്കളഞ്ഞിട്ടു പറയാം.

സമ്മോഹത്താലവശനതുനാ-
ളേതു ഞാൻ തുള്ളിയായി-
ബ്ബിംബോഷ്ഠത്തിൽ പരിചിനൊട്ടു പതി-
ക്കുന്നതും പാർത്തുനിന്നേൻ,
ഇന്നക്കണ്ണീർ ചുളിവെഴുമിമയ്-
ക്കുള്ളിൽനിന്നേ തുടച്ചി-
ട്ടന്തസ്താപം സുമുഖി, ദയിതേ!
ചെറ്റു ഞാനാറ്റിടട്ടെ. 25

(പറഞ്ഞ പ്രകാരം ചെയ്യുന്നു.)

ശകുന്തള:

(മുദ്രമോതിരം നോക്കിയിട്ട്) ആര്യപുത്ര, ഇത് ആ മോതിരമല്ലേ?

രാജാവ്:

അതേ, ഈ മോതിരം കണ്ടിട്ടാണല്ലോ എനിക്കോർമ്മ വന്നത്.

ശകുന്തള:

ഇതു വൈഷമ്യക്കാരനാണ്. അന്ന് ആര്യപുത്രനെ ഓർമ്മിപ്പിക്കാൻ ആവശ്യപ്പെട്ടപ്പോൾ കിട്ടാതെ പോയല്ലോ.

രാജാവ്:

എന്നാൽ, വള്ളി ഋതുയോഗത്തിന്റെ ചിഹ്നമായ പുഷ്പത്തെ ധരിക്കട്ടെ.

ശകുന്തള:

എനിക്കതിനെ വിശ്വാസമില്ല. ഇത് ആര്യപുത്രൻ ധരിച്ചാൽ മതി.

മാതലി: (പ്രവേശിച്ച്) ഭാഗ്യവശാൽ മഹാരാജാവിനു ധർമ്മപത്നിയുടെ യോഗവും പുത്രമുഖദർശനവുമുണ്ടായല്ലോ. ഞാൻ അഭിനന്ദിക്കുന്നു.

രാജാവ്:

സ്നേഹിതൻ മുഖാന്തരം ലഭിക്കയാൽ ഈ മനോരഥഫലത്തിനു രുചി അധികം തോന്നുന്നുണ്ട്. മാതലി, ദേവേന്ദ്രഭഗവാൻ ഈ സംഗതി അറിയാതിരിക്കുമോ? അല്ലെങ്കിൽ എന്താണ് ഈശ്വരന്മാർക്ക് അപ്രത്യക്ഷമായിട്ടുള്ളത്?

മാതലി:

(പുഞ്ചിരിയോടെ) ശരിയാണ്. മഹാരാജാവ് വരണം. കാശ്യപഭഗവാൻ അങ്ങേയ്ക്ക് ദർശനം തരാൻ കാത്തിരിക്കുന്നു.

രാജാവ്:

ശകുന്തളേ, കുഞ്ഞനെ എടുത്തുകൊള്ളൂ. നിന്നെ മുമ്പിൽ നിർത്തിക്കൊണ്ടു ഭഗവാനെ ദർശിക്കണമെന്നാണ് എന്റെ ആഗ്രഹം.

ശകുന്തള:

ആര്യപുത്രനോടുകൂടി ഗുരുസമീപത്തിൽ പോകുന്നതിന് എനിക്കു ലജ്ജയുണ്ട്.

രാജാവ്:

അഭ്യുദയകാലങ്ങളിൽ ഇങ്ങനെ വേണം ചെയ്യാൻ. വരു!

(എല്ലാവരും ചുറ്റിനടക്കുന്നു.

അനന്തരം ഇരിക്കുന്ന ഭാവത്തിൽ മാരീചനും അദിതിയും പ്രവേശിക്കുന്നു.)

മാരീചൻ:

(രാജാവു വരുന്നതു നോക്കീട്ട്) ദാക്ഷായണീ,

ഭവതിയുടയ പുത്രന്നെന്നുമേ പോരിൽ മിമ്പൻ;
ഭുവനഭരണകർത്താ ഹന്ത! ദുഷ്ഷന്തനീയാൾ;
ഇവനുടെ കുലവില്ലാലസ്തുകാര്യം നടന്നി-
ട്ടവനു കൊടിയ വജ്രം ഭൂഷണപ്രായമായി. 46

അദിതി:

ആകൃതികൊണ്ടുതന്നെ ഇദ്ദേഹം മഹാനുഭാവനാണെന്ന് അറിയാം.

മാതലി:

ഇതാ, ദേവതകളുടെ മാതാപിതാക്കന്മാർ പുത്രസ്നേഹത്തോടുകൂടെ മഹാരാജാവിനെ നോക്കുന്നു. അടുത്തുചെല്ലാം.

രാജാവ്:

മാതലീ,

പന്ത്രണ്ടായിപ്പിരിഞ്ഞീടിന പെരിയ മഹ-
സ്സഞ്ചയത്തിൻ നിദാനം,
മന്ത്രാഢ്യം ഹവ്യമേൽക്കുന്നൊരു ജഗദധിപൻ-
തന്റെ മാതാപിതാക്കൾ.
ബ്രഹ്മാവിൻ പൂർവ്വനാമപ്പരമപുരുഷനും
ജന്മദാതാക്കളാകും
ശ്രീമന്മാരീചദാക്ഷായിണികളിവർ വിധി-
ക്കൊന്നുവിട്ടുള്ള പുത്രർ. 27

മാതലി:

അങ്ങനെ തന്നെ.

രാജാവ്:

(അടുത്തുചെന്നിട്ട്) ഇന്ദ്രഭഗവാന്റെ ആജ്ഞാകരനായ ദുഷ്ഷന്തൻ രണ്ടുപേരെയും നമസ്കരിക്കുന്നു.

മാരീചൻ:

ഉണ്ണീ, വളരെക്കാലം രാജ്യം വാഴ്ക!

അദിതി:

അപ്രതിരഥനായി ഭവിക്കുക!

ശകുന്തള:

ശകുന്തളയും പുത്രനും ഇതാ നിങ്ങളുടെ പാദവന്ദനം ചെയ്യുന്നു.

മാരീചൻ:

വത്സേ,

പുരന്ദരസമൻ കാന്തൻ;

ജയന്തസദൃശൻ സുതൻ;

ചൊല്ലാമാശിസ്സു മറ്റെന്ത്?

പൗലോമീതുല്യയാക നീ!

അദിതി:

കുഞ്ഞേ, ഭർത്താവു നിന്നെ ആദരിക്കട്ടെ! നിന്റെ പുത്രൻ ദീർഘായുസ്സായിരുന്ന് ഇരുവംശക്കാരെയും ആനന്ദിപ്പിക്കട്ടെ! ഇരിക്കുവിൻ!

(എല്ലാവരും മാരീചന്റെ ഇരുവശവുമായി ഇരിക്കുന്നു.)

മാരീചൻ:

(ഓരോരുത്തരെയും ചൂണ്ടിക്കാണിച്ചുകൊണ്ട്)

ഭവാൻ സ്വയം, പുത്രരത്നം

ഇവൾ സാധ്വി ശകുന്തള

വിധി, വിത്തം, ശ്രദ്ധയെന്ന

സാധനത്രയമൊത്തുതേ. 29

രാജാവ്:

ഭഗവാൻ, മുമ്പേ ഇഷ്ടസിദ്ധി: ദർശനം പിന്നെ! ഭഗവാന്റെ അനുഗ്രഹത്തിന്റെ മട്ട് അപൂർവ്വമായിരിക്കുന്നു. നോക്കുക:

പൂവാദ്യമുണ്ടാകുമനന്തരം ഫലം

നവാംബുദം മുന്നിലതിന്നുമേൽജ്ജലം;

ഈവണ്ണമാം കാരണകാര്യസംഗമം

ഭവത്പ്രസാദത്തിനു മുന്നമേ ശിവം. 30

മാതലി:

പ്രപഞ്ചപിതാക്കന്മാർ പ്രസാദിച്ചാൽ ഇങ്ങനെയാണ്.

രാജാവ്:

ഭഗവാന്റെ ആജ്ഞാകാരിണിയായ ഇവളെ ഞാൻ ഗാന്ധർവ്വവിധിപ്രകാരം വേളികഴിച്ചതിന്റെ ശേഷം കുറച്ചുകാലം കഴിഞ്ഞു ബന്ധുക്കൾ ഇവളെ എന്റെ അടുക്കൽ കൂട്ടിക്കൊണ്ടുവന്നപ്പോൾ ഓർമ്മക്കേടുകൊണ്ട് ഉപേക്ഷിക്കയാൽ

ഭഗവാന്റെ സഹോത്രനായ കണ്വനു ഞാൻ അപരാധം ചെയ്തുപോയി. പിന്നീട് മോതിരം കണ്ടിട്ട് ഇവളെ വിവാഹംചെയ്തതായി എനിക്ക് ഓർമ്മവന്നു. ഇതു വലിയ ആശ്ചര്യമായിട്ടു തോന്നുന്നു.

നേരേ നിൽക്കുമ്പോഴതു ഗജമല്ലെന്നുതാ-
നോർത്തു; പിന്നെ-
ദ്ദൂരെപ്പോകുന്നളവു ഗജമോ എന്നു
സന്ദേഹമാർന്നു;
ചാരെച്ചെന്നിട്ടതിനുടെ പദം
കണ്ടുതാൻ നിർണ്ണയിക്കും;
തീരെബ്ഭ്രാന്തന്നുചിതവിധമാ-
യെന്റെ ചേതോവികാരം.

മാരീചൻ:

താൻ തെറ്റുചെയ്തതായി അങ്ങേയ്ക്കു സംശയം വേണ്ട. അങ്ങേ ഓർമ്മക്കേടിനു കാരണമുണ്ട്. കേട്ടുകൊണ്ടാലും.

രാജാവ്:

കാത്തിരിക്കുന്നു.

മാരീചൻ:

അങ്ങുപേക്ഷിക്കയാൽ കുഴങ്ങിവശായ ശകുന്തളയെ മേനക ദാക്ഷായണിയുടെ അടുക്കൽ കൂട്ടിക്കൊണ്ടുവന്നപ്പോൾത്തന്നെ, ദിവ്യചക്ഷുസ്സുകൾകൊണ്ടു ഞാൻ സംഗതി അറിഞ്ഞിരിക്കുന്നു. ദുർവ്വാസാവിന്റെ ശാപത്താലാണ് പാവപ്പെട്ട ഈ സഹധർമ്മചാരിണിയെ അങ്ങു നിരാകരിക്കാനിടയായത്. വേറെയൊന്നുമല്ല കാരണം. മോതിരം കണ്ടതോടുകൂടി ശാപമോക്ഷവും വന്നു.

രാജാവ്:

(നെടുവീർപ്പുവിട്ടിട്ട്) ആവൂ! എന്റെ പേരിലുള്ള അപവാദം തീർന്നു.

ശകുന്തള:(വിചാരം)

ആര്യപുത്രൻ കാരണംകൂടാതെയല്ല എന്നെ ഉപേക്ഷിച്ചത് എന്നു വന്നല്ലോ, ഭാഗ്യമായി. എന്നാൽ, എനിക്ക് ശാപമോക്ഷം കിട്ടിയതായി ഓർമ്മയില്ല. അഥവാ ഞാൻ വിരഹംകൊണ്ടു ശൂന്യഹൃദയയായിരുന്നപ്പോൾ ആയിരിക്കണം ശാപമുണ്ടായത്. അതാണ്. 'ഭർത്താവിനെ മോതിരം കാണിക്കണം' എന്നു സഖിമാർ എന്നോടു വളരെ കാര്യമായി പറഞ്ഞതിന്റെ അർത്ഥം.

മാരീചൻ:

കുഞ്ഞേ, കാര്യം മനസ്സിലായല്ലോ! ഇനി ഭർത്താവിനെപ്പറ്റി അന്യഥാ ശങ്കിക്കരുത്. നോക്കൂ.

ഊക്കേറുംശാപമൂലം സ്മൃതി മറയുകയാൽ
വല്ലഭ ൻനിന്നെയന്നാൾ
കൈക്കൊണ്ടി,ല്ലിന്ന പിന്നെക്കലുഷമകലവേ
സാദരം സ്വീകരിച്ചു.
ഉൾക്കൊള്ളും ധൂളിമൂലം പ്രതിഫലനബലം
മാഞ്ഞുനിൽക്കുന്നനേര-
ത്തോൽക്കാ കണ്ണാടിയൊന്നും, മലിനതയൊഴിയു-
ന്നേരമെല്ലാം ഗ്രഹിക്കും. 32

രാജാവ്:

ഭഗവാൻ അരുളിച്ചെയ്തതുപോലെതന്നെ.

മാരീചൻ:

ഉണ്ണീ! വിധിപോലെ ഞങ്ങൾ ജാതകർമ്മം കഴിച്ച് വളർത്തിയ ഈ പുത്രനെ ഭഗവാൻ അഭിനന്ദിച്ചില്ലയോ?

രാജാവ്:

ഭഗവാനേ, എന്റെ വംശപ്രതിഷ്ഠ ഇവനിലാണ്.

മാരീചൻ:

അങ്ങേ ഈ പുത്രൻ മേലിൽ ചക്രവർത്തിയായ്ച്ചമയും എന്ന് അറിഞ്ഞുകൊള്ളുക.

സത്ത്വോദ്രിക്തനനർഗ്ഗളപ്രസരമാം
തേരിൽക്കരേറിസ്വയം
സപ്താംഭോധികളും കടന്നിവനട-
ക്കീടും ജഗത്താകവേ,
സത്ത്വൌഘത്തെ ദമിച്ചു സർവ്വദമനാ-
ഖ്യാനം ലഭിച്ചോരിവൻ
സംസ്ഥാനങ്ങൾ ഭരിച്ചു മേൽ ഭരതനെ-
ന്നുള്ളോരുപേരാളുവോൻ. 33

രാജാവ്:

തൃക്കൈകൊണ്ട് ജാതകർമ്മം ചെയ്യാൻ ഭാഗ്യമുണ്ടായ ഇവനിൽ ഇതൊക്കെയും ആശിക്കാവുന്നതാണ്.

അദിതി:

ഭഗവാനേ, പുത്രിയുടെ ഈ മനോരഥം സിദ്ധിച്ച വിവരം ആളയച്ചു കണ്വനെ ഗ്രഹിപ്പിക്കണം. പുത്രിയുടെ പേരിലുള്ള വാത്സല്യത്താൽ, മേനക എന്നെ ഉപചരിച്ചുകൊണ്ട് ഇവിടെത്തന്നെ താമസിക്കുന്നുണ്ട്.

ശകുന്തള: (വിചാരം)

എന്റെ മനോരഥം ഭഗവതി പറഞ്ഞല്ലോ.

മാരീചൻ:

അദ്ദേഹത്തിനു തപോപ്രഭാവംകൊണ്ട് ഇതെല്ലാം പ്രത്യക്ഷമാണ്.

രാജാവ്:

അതാണ് ഗുരു എന്റെ നേരെ കോപിക്കാഞ്ഞത്.

മാരീചൻ:

എന്നാലും ഈ സന്തോഷവർത്തമാനം പറഞ്ഞറിയിക്കേണ്ടതാണ്. ആരവിടെ?

ശിഷ്യൻ: (പ്രവേശിച്ചിട്ട്)

ഭഗവാനേ, ഞാൻ ഇതാ, ഇവിടെയുണ്ട്.

മാരീചൻ:

വത്സ ഗാലവ, ഇപ്പോൾത്തന്നൊകാശമാർഗ്ഗമായിപ്പോയി കണ്വമഹർഷിയോടു ഞാൻ പറഞ്ഞയച്ചതായി സന്തോഷവർത്തമാനം പറയണം. എങ്ങനെ യെന്നാൽ, ദുർവ്വാസാവിന്റെ ശാപം നിവർത്തിച്ചതോടുകൂടി ഓർമ്മവന്നിട്ട് ദുഷ്യന്തമഹാരാജാവ് പുത്രനെയും ശകുന്തളയെയും സ്വീകരിച്ചിരിക്കുന്നു എന്ന്.

ശിഷ്യൻ:

അരുളിച്ചെയ്യതുപോലെ. (പോയി)

മാരീചൻ:

ഉണ്ണീ, നീയും പുത്രഭാര്യാസമേതം സുഹൃത്തായ ഇന്ദ്രന്റെ രഥത്തിൽക്കയറി രാജധാനിയിലേക്ക് യാത്രപുറപ്പെടാം.

രാജാവ്:

ഭഗവാന്റെ ആജ്ഞ.

മാരീചൻ:

ഋതുവിൽ മഴപൊഴിച്ചീടട്ടെ നിൻനാട്ടിലിന്ദ്രൻ
ക്രതു പലതു ഭവാനും ചെയ്തു വിണ്ണോർക്കുവേണ്ടി
ഉതവികളിതുമട്ടിൽത്തങ്ങളിൽച്ചെയ്തു ലോക-
ദ്വിതയഹിതകൃതിക്കായ് വാഴുവിൻ ദീർഘകാലം.

രാജാവ്:

യഥാശക്തി ശ്രേയസ്സിനുവേണ്ടി യത്നം ചെയ്യാം.

മാരീചൻ:

ഉണ്ണീ, ഇനി എന്തുപകാരമാണ് നിനക്ക് ഞാൻ ചെയ്യേണ്ടത്?

രാജാവ്:

ഇതിൽപ്പരം പ്രിയം എന്താണു വേണ്ടത്? എന്നാലും ഇരിക്കട്ടെ.

(ഭരതവാക്യം)

നിനയ്ക്കണം പ്രകൃതിഹിതം പ്രജേശ്വരൻ
ജയിക്കണം മഹിമയെഴും സരസ്വതി
എനിക്കുമിജ്ജനിമൃതിമാലകറ്റണം
സശക്തിയായ് വിലസിന നീലലോഹിതൻ.

(എല്ലാവരും പോയി)

-ശുഭം-

പ്രസാധകർ
താളിളക്കം